
മുത്തോലി
ഗ്രാമ പഞ്ചായത്ത്



വികസന
റിപ്പോർട്ട്

51-6

മുത്തോലി ഗ്രാമപഞ്ചായത്ത്


വികസനറിപ്പോർട്ട് 1996



സ്വാതന്ത്ര്യം തുടങ്ങേണ്ടത് താഴെനിന്നാണ്. അങ്ങനെ ഓരോ ഗ്രാമവും മുഴുവൻ അധികാരമുള്ള റിപ്പബ്ലിക്കോ, പഞ്ചായത്തോ ആകണം. അതിന്റെ അർത്ഥം ഓരോ ഗ്രാമവും സ്വയം പര്യാപ്തമാകണം. സ്വന്തം കാര്യങ്ങൾ നോക്കാൻ കഴിവുള്ളതുമാകണം.

ഗാന്ധിജി

MUTHOLY GRAMA PANCHAYATH WARDS



ഒരു വാക്ക്.....

മാന്യരെ,

കേരളം എമ്പാടും നടന്നുവരുന്ന ജനീകയ ആസൂത്രണ പരിപാടിയുടെ ഭാഗമായി മുത്തോലി ഗ്രാമ പഞ്ചായത്തിന്റെ വിവിധങ്ങളായ പ്രശ്നങ്ങളും ആവശ്യങ്ങളും സാദ്ധ്യതകളും ഉൾക്കൊള്ളിച്ചു തയ്യാറാക്കിയിട്ടുള്ള ഒരു വികസന റിപ്പോർട്ടാണിത്.

നമ്മുടെ മാതൃരാജ്യമായ ഭാരതം അസ്വാതന്ത്ര്യത്തിന്റെ തടങ്കൽ പാളയത്തിൽനിന്നും മോചിതയായിട്ടു അൻപതാം വർഷം നമ്മൾ ആഘോഷിക്കുകയാണല്ലോ. ഈ സന്ദർഭത്തിൽ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിയ്ക്കുവാനുള്ള ഏതു സംരംഭവും സ്വാഗതാർഹം തന്നെ. സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യം പാവപ്പെട്ടവന്റെ ക്ഷേമം ആണെന്ന് ഗാന്ധിജിയും നെഹൃവുമൊക്കെ പലവുരു പറഞ്ഞിട്ടുണ്ട്. ഒരു നല്ല നാളെ എന്ന ദേശീയ നേതാക്കൾ നൽകിയ വാഗ്ദാനത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ടാണ് ആയിരക്കണക്കിന് യുവതീയുവാക്കൾ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപോരാളികളായത്.

1950 മാർച്ചിൽ അന്നത്തെ പ്രധാനമന്ത്രി ജവഹാർലാൽ നെഹൃ ചെയർമാനായി ആദ്യത്തെ പ്ലാനിംഗ് കമ്മീഷൻ നിലവിൽവന്നു. തുടർന്നിങ്ങോട്ട് പഞ്ചവത്സര പദ്ധതികൾ കരുപ്പിടിപ്പിയ്ക്കുന്നതിന്റെ ചുമതല ഈ കമ്മീഷനുകളാണ് നിർവ്വഹിച്ചുപോരുന്നത്. കൊടിയ ദാരിദ്ര്യവും ഭക്ഷ്യക്ഷാമവും നിലവിലിരുന്ന ഇന്ത്യ ഇന്നു കൈവരിച്ചിരിയ്ക്കുന്ന ബഹുമുഖമായ പുരോഗതി ഇത്തരത്തിലുള്ള ആസൂത്രിത വികസനത്തിന്റെ ഫലമാണ്. സ്വാതന്ത്ര്യം ലഭിയ്ക്കുമ്പോൾ ഒരു ഭാരതീയന്റെ ശരാശരി ആയൂർദൈർഘ്യം 33 വർഷമായിരുന്നുവെങ്കിൽ ഇന്നത് 70 ആയി ഉയർന്നിരിക്കയാണ്. വിവിധ രംഗങ്ങളിൽ ഇതുമാതിരിയുള്ള നേട്ടങ്ങൾ ഒട്ടനവധിയാണ്.

തികച്ചും ജനാധിപത്യപരമായിട്ടാണ് നാം ഈ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത് എന്ന വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു. എന്നിരുന്നാലും നമ്മൾ ആഗ്രഹിച്ച ലക്ഷ്യങ്ങൾ പൂർണ്ണമായും ഇനിയും നേടിയിട്ടില്ല. പദ്ധതി ലക്ഷ്യങ്ങളുടെ വൈകല്യമല്ല നടത്തിപ്പിൽ ഉണ്ടായിട്ടുള്ള വൈകല്യങ്ങളാണ് ഇതിനു മുഖ്യകാരണം.

1997 ഏപ്രിൽ 1-ാം തീയതി സമാരംഭിയ്ക്കുന്ന 9-ാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി സംസ്ഥാന സർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും നിശ്ചയിച്ചിരിയ്ക്കുകയാണ്. ആർക്കു വേണ്ടിയാണോ ക്ഷേമപദ്ധതികൾ ആവിഷ്കരിയ്ക്കുപ്പെടുന്നത് അവരുംകൂടി ആസൂത്രണത്തിലും നിർവ്വഹണത്തിലും നേട്ടകോട്ടവിശകലനത്തിലും ആദ്യന്തം പങ്കുചേർന്നു "ഗ്രാസ് റൂട്ടുലെവൽ പ്ലാനിംഗി"ലൂടെ ഉറപ്പാക്കപ്പെടുന്ന ഒരു സുതാര്യമായ വികസന സംസ്കാരത്തിന്റെ കേളികൊട്ടുയരുന്ന ഈ വേളയിൽ ഈ ജനകീയ പ്രക്രിയയെ വിജയിപ്പിയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം നമ്മുടെ പഞ്ചായത്തിലെ ഓരോരുത്തരിലും നിക്ഷിപ്തമാണ്. ഈ മഹത്സംരംഭം നമുക്കൊത്തുചേർന്നു വിജയിപ്പിയ്ക്കാം.

നവവത്സരാംസകളോടെ.....

മുത്തോലി
15-12-1996

പി.എൻ. പരമേശ്വരൻ നായർ
പ്രസിഡണ്ട്
മുത്തോലി ഗ്രാമപഞ്ചായത്ത്.

ഉള്ളടക്കം

I ആമുഖം

II പൊതുവിവരണം

III സാമൂഹ്യ-സാംസ്കാരികചരിത്രപശ്ചാത്തലം

IV ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

V സാമൂഹ്യ സാമ്പത്തികമേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണവും, ക്ഷീരവികസനം, മത്സ്യബന്ധനവും.
3. വ്യവസായം
4. ഗതാഗതവും ഊർജ്ജവും
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. വിദ്യാഭ്യാസം
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണമേഖല
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം

VI കോർഗ്രൂപ്പ്

മുത്തോലി ഗ്രാമപഞ്ചായത്ത്

ഭരണസമിതി



ലീലാമ്മ ജോൺ
വൈസ് പ്രസിഡന്റ്



പുത്തൂർ പരമേശ്വരൻനായർ
പ്രസിഡന്റ്



ബേബി കപ്പലുമാക്കൽ
സ്റ്റാൻഡിംഗ് കമ്മിറ്റി




പ്രൊഫ. എ.വി. ആന്റണി



കെ.സി. ജോസഫ്



സെലിൻ ഐസക്ക്




ജോയി കുന്നപ്പള്ളിൽ



മേരി ഫിലിപ്പ്



രാജൻ ബോസ്



സി. ശിവപ്രസാദ്
പഞ്ചായത്ത് സെക്രട്ടറി

VI. വികസന റിപ്പോർട്ട് സഹായകവ്യക്തികൾ

എഡിറ്റോറിയൽ ബോർഡ്

1. സാബു ഡി. മാത്യു തൊടുകയിൽ
   ലക്ചറർ - സെന്റ് തോമസ് കോളേജ് പാലാ
2. ജോജി അലക്സ് മഠത്തികാട്ടുകുന്നേൽ
   ലക്ചറർ - സെന്റ് തോമസ് കോളേജ് പാലാ
3. പ്രൊഫ. എ.വി. ആന്റണി ഇലവനാൽ
4. വി.ടി. ഡൊമിനിക് വാരപറമ്പിൽ
5. അബ്രാഹം മൂഴൂർ
6. വർഗ്ഗീസ് കുളത്തറ
7. ലീലാമ്മ ജോൺ കളത്തിവീട്ടിച്ചിറ

റിസോഴസസ് പേഴ്സൺസ്

1. പ്രൊഫ. എ.വി. ആന്റണി എലവനാൽ (കൺവീനർ)
2. വർഗ്ഗീസ് കുളത്തറ
3. എമ്മാനുവൽ കോലടി
4. രാജൻ ബോസ് തോട്ടത്തിൽ
5. ലീലാമ്മ ജോൺ കുളത്തുവീട്ടിൽച്ചിറ
6. പി.എൻ. പരമേശരൻ നായർ പുത്തൂർ (പ്രസിഡന്റ്)

മുത്തോലി പഞ്ചായത്ത് വികസന റിപ്പോർട്ടു സഹായകവ്യക്തികൾ.

1. ജോർജ്ജ് ജോസഫ്, ഐക്കര
2. രവി പി.എൻ. പുളിന്താനത്ത്
3. സാജൻ ജോസഫ്, കൊല്ലമ്പറമ്പിൽ
4. കെ.കെ. കുര്യൻ, പൂത്തോട്ടേൽ
5. അനില കെ.എസ്. ശ്രീനിലയം
6. പി.എം. മാത്യു, പ്ലാക്കാട്ട്
7. ജോർജ്ജ് ഉള്ളാട്ട്
8. ജോയി കൊമ്പനാൽ
9. ചന്ദ്രമതി പാലമറ്റം
10. എൻ.ജെ. പൌസ് ഞാറ്റുകാലാകുന്നേൽ
11. പി.എൻ.എസ്. മണി പീടികയിൽ
12. വി.എ. ജോസഫ് വാണിയടത്ത്
13. വർഗ്ഗീസ് കുളത്തറ
14. രാജു പന്തപ്ലാക്കൽ
15. ജോയി മണ്ഡപം
16. ബേബിച്ചൻ പരിന്തിരിക്കൽ
17. സി.എസ്. പരമേശ്വരൻനായർ ചെറുതാഴെ
18. വിനോദ് വി. മാമ്പുഴയ്ക്കൽ
19. പി.ജെ. സാലസ് തെക്കയിൽ
20. സുനിൽകുമാർ കൊഴിഞ്ഞൂർ
21. ഇ.വി. ഗോപാലൻനായർ ഇടച്ചേരിൽ
22. വി.ടി. ഡൊമിനിക്ക് വാരപറമ്പിൽ
23. ടി.ജെ. ജയന്തൻ നമ്പൂതിരി
24. കെ.ഐ. ഗോപാലൻ, തേക്കിലകാട്ടിൽ
25. മനോജ് ബാബു കോനാട്ട്
26. ഭാർഗ്ഗവിയമ്മ മണലൂർ
27. എ.ആർ. സുന്ദരേശൻ അരീകുഴിയിൽ
28. ജോർജ്ജ് ജോസഫ് വടശ്ശേരിൽ
29. ഒ.ടി. തോമസ്, ഒഴുകയിൽ
30. ബേബി തൊമ്മൻ, ചെറുകര
31. പ്രൊഫ. ജോണി തോമസ്
32. കെ.പി. കമലാകുമാരി, ശ്രീവരം
33. ആർ. സുനിൽ, ആലഞ്ചേരിൽ
34. ഐ. ഗോപാലൻ, ഇളന്തോട്ടം
35. ബേബി തോമസ് കുഴിപ്പിൽ
36. അഡ്വ. സ്നേഹജൻ, കുന്നിന്
37. എം.കെ. കുട്ടപ്പൻ മഞ്ഞപള്ളികുന്നേൽ
38. ജോർജ്ജുകുട്ടി എം.റ്റി. കാവുകാട്ട്
39. തോമസ്സ് മാത്യു പൂവത്തുങ്കൽ
40. മാത്യു പോൾ കുന്നത്തേടത്ത്
41. ജോർജ്ജ് കാവുകാട്ട്
42. പി.കെ. മാത്യു, പുളിക്കൽ
43. ജോസഫ് ജോസഫ് കല്ലൂക്കുന്നേൽ
44. കെ.ആർ. ശ്രീധരൻ
45. ഇന്ദിര രാജു അനുമക്കാട്ട്
46. പ്രകാശ് ഇരിക്കാട്ട്
47. തോമസ് പൂത്താനിക്കുന്നേൽ
48. ഒ.റ്റി. ദേവസ്യാ ഓടയ്ക്കൽ

ആമുഖം

കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിൽ നിന്നും തികച്ചും വിഭിന്നമായ ഒന്നാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി. കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായ പാളിച്ചകൾ പരമാവധി ഒഴിവാക്കി ആസൂത്രണത്തിലെ തകരാറുകൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരളത്തിലുടനീളം 'ജനകീയാസൂത്രണം' എന്ന പുതിയ ഒരാശയം ഗവൺമെന്റ് മുമ്പോട്ടു വെച്ചത്. കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഒരാവേശമായി മാറിയ ജനകീയാസൂത്രണം എന്ന നൂതനാശയം മുത്തോലി ഗ്രാമപഞ്ചായത്തിലും ജനങ്ങളെ സ്വാധീനിച്ചു കഴിഞ്ഞു. ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് ജനകീയാസൂത്രണ പിപാടികളുടെ ലക്ഷ്യം.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ രൂപീരണത്തിലും നടത്തിപ്പിലും പരമാവധി പൊതുജനപങ്കാളിത്തമുണ്ടാവുന്നതിനായി ജനങ്ങളിലേയ്ക്ക് കടന്നു ചെല്ലുവാൻ ഈ ഗ്രാമപഞ്ചായത്ത് ഭാരവാഹികൾക്ക് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. ഇതുവരെ നിലവിലുണ്ടായിരുന്ന കേന്ദ്രീകൃതാസൂത്രണത്തിനു പകരം വികേന്ദ്രീകൃതാസൂത്രണമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്. അടുത്ത അഞ്ചുവർഷത്തേക്ക് ഈ ഗ്രാമപഞ്ചായത്തിനാവശ്യമായ എല്ലാ രംഗങ്ങളിലും പദ്ധതി ജനങ്ങൾതന്നെ നിർദ്ദേശിക്കുന്നതോടെ ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടത്തിന് തിരശ്ശീലയുയരുന്നു. തങ്ങളുടെ പ്രദേശത്തിന് ആവശ്യമായ വികസന പദ്ധതികൾ പൊതുജനങ്ങൾ തന്നെ കണ്ടെത്തുകയും അവയ്ക്ക് മുൻഗണനാക്രമം നൽകുകയും ചെയ്യുന്നു. അതുവഴി ഗവൺമെന്റും പൊതുജനങ്ങളും തമ്മിലുള്ള അകലം കുറയുന്നു.

മുത്തോലി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചുകഴിഞ്ഞ ജനകീയാസൂത്രണപരിപാടി വഴി ജനങ്ങളുടെ ഉത്തരവാദിത്വം വർദ്ധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി മുത്തോലി പഞ്ചായത്തിൽ വിവിധ വാർഡുകളിൽ സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ സംഘടിപ്പിച്ച ഗ്രാമസഭകളിലെ വമ്പിച്ച പൊതുജനസാന്നിദ്ധ്യവും അവിടത്തെ സജീവമായ ചർച്ചകളും ഇക്കാര്യത്തിൽ ഇവിടുത്തെ ജനങ്ങൾക്കുള്ള താല്പര്യവും പ്രതീക്ഷയും വെളിപ്പെടുത്തുന്നതായിരുന്നു. പൊതുജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ ഇന്നുവരെ നടത്തിയ പദ്ധതി പ്രവർത്തനങ്ങൾ പലതിനും സംഭവിച്ച പരാജയവും ലക്ഷ്യബോധമില്ലായ്മയും ഒഴിവാക്കുവാൻ സാധിയ്ക്കും.

ഈ പഞ്ചായത്തിലെ ആസൂത്രണപരിപാടികൾക്ക് നേതൃത്വം നൽകുന്നതിനായി, പഞ്ചായത്തിൽനിന്ന് നിയോഗിച്ചവരായ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.പുത്തൂർ പരമേശ്വരൻ നായർ, ശ്രീമതി ലീലാമ്മ ജോൺ, പ്രൊഫ. ഏ.വി. ആന്റണി, ശ്രീ. രാജൻ ബോസ്, ശ്രീ. എമ്മാനുവൽ കോലടി, ശ്രീ. വർഗീസ് കുളത്താറ എന്നിവർ '96 സെപ്റ്റംബർ 8,9,10 തീയതികളിൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന ജില്ലാതല പരിശീലനപരിപാടിയിൽ പങ്കെടുത്തു. ജില്ലാതല പരിശീലനത്തെ തുടർന്ന് ഈ പരിശീലകരുടെ നേതൃത്വത്തിൽ, വികസനപ്രവർത്തനങ്ങലിൽ കൂടുതൽ ജനങ്ങളെ പങ്കെടുപ്പിക്കുവാൻ വേണ്ടി പഞ്ചായത്തിൽ ഒരു യോഗം സംഘടിപ്പിക്കുകയുണ്ടായി. 1996 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച മുത്തോലി സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് വിപുലമായ ഒരു ആലോചനായോഗം ചേരുകയുണ്ടായി. ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.എം. മാത്യു ആദ്ധ്യക്ഷ്യം വഹിച്ച പ്രസ്തുത യോഗത്തിൽ ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ സംബന്ധിക്കുകയുണ്ടായി.

തുടർന്ന് 22-9-'96 ഞായറാഴ്ച മുതൽ വിവിധ സ്ഥലങ്ങളിലായി 12-10-'96 ശനിയാഴ്ച വരെ 9വാർഡ്തല ഗ്രാമസഭകൾ ചേരുകയുണ്ടായി. ഓരോ വാർഡിലും പഞ്ചായത്തു തല റിസോഴ്സ് പേഴ്സൺസ് എത്തുകയും ജനകീയാസൂത്രണത്തിൽ ഏവരും പങ്കാളികളാവേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തു. ഓരോ വാർഡിലേയ്ക്കും അടുത്ത അഞ്ചു വർഷത്തേയ്ക്ക് വിവിധ തലത്തിൽ നടത്തേണ്ട വികസനപദ്ധതികളെക്കുറിച്ച് ചർച്ച ചെയ്ത് ബഹുജനങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ച്. രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

മീനച്ചിൽ താലൂക്കിൽ പാലാ പട്ടണത്തിന് പടിഞ്ഞാറ് ഭാഗത്ത് മീനച്ചിലാറിന്റെ ഇരുവശത്തുമായി സ്ഥിചെയ്യുന്നതും ചെറുകുന്നുകളും അവയ്ക്കിടയിലായി നെൽപ്പാടങ്ങളും ഉള്ള മനോഹരമായ ഒരു ഗ്രാമമാണ് മുത്തോലി. മുത്തോലി പഞ്ചായത്ത് ആഫീസിന് സമീപമായി മുത്തോലി കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന മുത്തോലി സെന്റ് ജോൺസ് കൊവേന്ത, സെന്റ് ആന്റണീസ് ബോയ്സ് ഹൈസ്ക്കുൾ, സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂൾ, മുത്തോലി കർമ്മലീത്താമഠം അഞ്ചാം വാർഡിലുള്ള പുലിയന്നൂർ മഹാദേവക്ഷേത്രം മുതലായവ ഈ പഞ്ചയത്ത് കേന്ദ്രത്തിലെ പുരാതനവും പ്രസിദ്ധവുമായ സ്ഥാപനങ്ങളാണ്.

126 വർഷത്തോളം പഴക്കമുള്ള ഇവിടുത്തെ കൊവേന്ത വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ സ്ഥാപിച്ചതാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.1888 ആഗസ്റ്റ് 31 ന് പ്രവർത്തനം ആരംഭിച്ച മുത്തോലി കർമ്മലീത്താമഠം ഈപ്രദേശത്തെ പുരാതനമായ ഒരു സ്ഥാപനമാണ്. 1948-ൽ സെന്റ് ആന്റണീസ് ബോയ്സ് ഹൈസ്കൂൾ മുത്തോലി കോവെന്തയുടെ മാനേജ്മെന്റിലും ഗേൾസ് വിഭാഗം ഹൈസ്കൂൾ മഠത്തിന്റെ കെട്ടിടത്തിലും ആരംഭിച്ചു. പിന്നീട് 1952-ൽ പ്രസ്തുത ഗേൾസ് വിഭാഗം ബോയ്സ് സ്കൂളിൽ നിന്ന് അടർത്തി മഠം വക മിഡിൽ സ്കൂളിനോട് ചേർത്ത് ഒരു പൂർണ്ണ ഗേൾസ് ഹൈസ്കൂൾ (സെന്റ് ജോസഫ് ഗേൾസ് സ്കൂൾ) ആയി മാറ്റി. 1959-ൽ പ്രൈമറിയും ട്രെയിനിംഗ് സ്കൂളും ഹൈസ്കൂളിൽ നിന്നും വേർപ്പെടുത്തി സെന്റ് ജോസഫ് ബേസിക് ട്രെയിനിംഗ് സ്കൂൾ ആയി പ്രവർത്തിച്ചുവരുന്നു. ഇന്ന് ഇത് ടീച്ചർ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന് അറിയപ്പെടുന്നു.

ഹൈന്ദവ- ക്രൈസ്തവ മതവിശ്വാസമുള്ള ആളുകൾ തിങ്ങിപ്പാർക്കുന്ന മുത്തോലി ഗ്രാമപഞ്ചായത്തിൽ നിരവധി ആരാധനാകേന്ദ്രങ്ങളുണ്ട്. മീനച്ചിൽ താലൂക്കിലെ മുഖ്യഹൈന്ദവക്ഷേത്രങ്ങളായ പുലിയന്നൂർ മഹാദേവക്ഷേത്രം, കടപ്പാട്ടൂർ ക്ഷേത്രം എന്നിവ മുത്തോലി ഗ്രാമപഞ്ചായത്തതിർത്തിയിൽ ഉൾപ്പെടുന്നു. ഇന്നാട്ടിലെ അതിപുരാധനവും അതിപ്രശസ്തവുമായ ആരാധനാകേന്ദ്രമാണ് പുലിയന്നൂർ മഹാദേവക്ഷേത്രം. കോട്ടയം ജില്ലയിലെ ശിവക്ഷേത്രങ്ങളിൽ വെച്ച് പ്രമുഖ സ്ഥാനമുള്ള ക്ഷേത്രമാണിത്. ഈ ക്ഷേത്രത്തിന് ആയിരത്തിൽപരം വർഷങ്ങളുടെ പഴക്കമുണ്ട്.

കടപ്പാട്ടൂർ ക്ഷേത്രം ആരംഭിച്ചത് മാടപ്പാട്ടു തൊമ്മൻ തോമസിന്റെ കൈവശമുണ്ടായിരുന്ന സ്ഥലം വെട്ടിത്തെളിച്ച അവസരത്തിൽ മരത്തിനുള്ളിൽ നിന്നും ലഭിച്ച വിഗ്രഹം പ്രതിഷ്ഠിച്ചതോടെയാണ്. വളരെ ചുരുങ്ങിയ കാലം കൊണ്ട് പ്രശസ്തിയാർജിച്ച ഒരു ക്ഷേത്രമാണ് കടപ്പാട്ടൂർ മഹാദേവക്ഷേത്രം. ശബരിമല ശ്രീ അയ്യപ്പദർശനത്തിനായി പോകുന്ന ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമെത്തുന്ന അയ്യപ്പഭക്തന്മാർ ദർശനത്തിനായി ഇവിടെയെത്തുക പതിവാണ്. കടപ്പാട്ടൂർ ക്ഷേത്രം പാലായിലെ ബിഷപ്സ് ഹൗസിന്റെ തൊട്ടടുത്ത് മീനച്ചിലാറിന്റെ തെക്കേക്കരയിൽ സ്ഥിതിചെയ്യുന്നു.

ഈ പ്രദേശത്തുള്ള ഒരു പ്രധാന ദേവാലയമാണ് മുത്തോലി സെന്റ് ജോർജ് ചർച്ച്. 1850ൽ പാല പള്ളിയുടെ ഒരു കുരിശുപള്ളിയായി ആരംഭിച്ച ഈ ദേവാലയം പിന്നീട് 1959-ൽ ഒരു പൂർണ്ണ ഇടവകപള്ളിയായി ഉയർന്നു. 1985 ഏപ്രിൽ 12നാണ് ഇന്നു കാണുന്ന മനോഹരമായ ഇടവക പള്ളി കെട്ടിടനിർമ്മാണം പൂർത്തിയാക്കി വെഞ്ചിരിപ്പ് നടത്തിയത്. പള്ളിയോടനുബന്ധിച്ച് 1908ൽ ഒരു പ്രൈമറി സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഇന്നും ഈ പ്രൈമറി സ്കൂൾ പള്ളിയുടെ മാനേജ്മെന്റിൽ പ്രവർത്തിച്ചുവരുന്നു.

1921-ൽ പാലാ കത്തീഡ്രൽ പള്ളിയുടെ കുരിശുപള്ളിയായി ആരംഭിച്ചതാണ് മീനച്ചിൽ സെന്റ് ആന്റണീസ് ചർച്ച്. അന്ന് വെറും ഷെഡ് മാത്രമായി ആരംഭിച്ച പള്ളിയിൽ ഞായറാഴ്ചകളിൽ കുർബ്ബാന അർപ്പിച്ചു തുടങ്ങിയത് 1924 ൽ മാത്രമാണ്. ഈഴവ പ്രമുഖരായ ഇരിക്കാട്ട് അനന്തൻ നാരായണൻ ദാനം ചെയ്ത ഭൂമിയിൽ ദേവാലയം പണികഴിപ്പിച്ചത്. 25-ൽ ബഹു.കപ്പലുമാക്കൽ മത്തായി അച്ചനാണ്.

1864ൽ താത്ക്കാലികമായി ആരംഭിച്ചതാണ് സെന്റ് മൈക്കിൾസ് ചർച്ച് പാളയം പിന്നീട് 1902-ഓടുകൂടി പള്ളി പണിപൂർത്തിയാക്കുകയുണ്ടായി.

മുത്തോലി ഗ്രാമപഞ്ചായത്ത് പ്രദേശത്തു നിന്നും ബിഷപ്പുമാരായ മാർ വിജയാനന്ദ് നെടുമ്പുറം, റവ.ഡോ. തോമസ് മേനാമ്പറിൽ (ആർച്ച് ബിഷപ്പ് ഗോവാഹട്ടി), റവ. ചെരിയൻകുന്നേൽ, പരേതനായ മാർ പൗളിനോസ് ജീരകത്തിൽ എന്നിവർ ഉൾപ്പെടുന്നു.

കൃഷിയുടെ കാര്യത്തിൽ മികച്ച പാരമ്പര്യമുള്ള ഒരു പ്രദേശമാണ് മുത്തോലി. നെല്ല്, കരിമ്പ്, കുരുമുളക്, കമുക്, തെങ്ങ് മുതലായവയായിരുന്നു ഈ പഞ്ചായത്തിലെ പ്രധാന കൃഷി

ഇഞ്ചി, മഞ്ഞൾ എന്നിവയും മരച്ചീനിയും കാൽ നൂറ്റാണ്ടു മുമ്പുവരെ ഈ പ്രദേശത്തെ പ്രധാനവിളകളായിരുന്നു. ഭൂവുടമാസമ്പ്രദായത്തിൽ വന്ന മാറ്റങ്ങളും ഭഷ്യവിളകൾക്കും സുഗന്ധവ്യജ്ഞനങ്ങൾക്കും ഉണ്ടായ വിലയിടിവ് മറ്റു കൃഷികളിലേക്ക് ശ്രദ്ധതിരിയുവാൻ കാരണമായി. അതോടെ ആദായകരമായ റബ്ബർ കൃഷിയിലേക്ക് കൃഷിക്കാരുടെ ശ്രദ്ധതിരിഞ്ഞു. ഇന്ന് കൃഷിയിടങ്ങളിൽ ഭൂരിഭാഗവും റബ്ബർ കൃഷി കീഴടക്കിയിരിക്കുന്നു.

മൃഗസംരക്ഷണകാര്യത്തിൽ മഹത്തായ പാരമ്പര്യമുള്ള ഒരു പ്രദേശമാണ് മുത്തോലി. ക്ഷീരോല്പാദനത്തിനായി കന്നുകാലികളെയും കൃഷിയാവശ്യങ്ങൾക്കായി കാളകളേയും കൃഷിക്കാർ വളർത്തിപ്പോന്നു. മുത്തോലിക്കടവിൽ നടന്നുവന്നിരുന്ന കാളച്ചന്ത ഈ പ്രദേശത്തെ വളരെ പ്രശസ്ത ഒരു ചന്തയായിരുന്നു.

പള്ളികൾ, ക്ഷേത്രങ്ങൾ, കാവുകൾ കുരിശുപള്ളികൾ എന്നിവയുടെ ഒരു പരമ്പരതന്നെ മുത്തോലി ഗ്രാമപഞ്ചായത്തിലുണ്ട്. നെയ്യൂർ കാവ്, ഇടത്തേട്ട് കാവ്, മലയിൽ കാവ്, മീനച്ചിൽ പള്ളി, മീനച്ചിൽ കാവ്, ശാസ്താ അമ്പലം, ഇടയാർ മേലേംകോട്ട് ഭഗവതി ക്ഷേത്രം, കടപ്പാട്ടൂർ ക്ഷേത്രം, പുലിയന്നൂർ മഹാദേവക്ഷേത്രം, നെല്ലിയാനി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ശ്രീകുരുംബക്കാവ് ക്ഷേത്രം, കുരുവിനാൽ സെന്റ് മൈക്കിൾസ് പള്ളി, പാട്ടുപുരയ്ക്കൽ കാവ്, സെന്റ് ജോർജ്ജ് പള്ളി, സെന്റ് ജോൺസ് (കൊവേന്ത) പള്ളി എന്നിവയും നിരവധി കുരിശുപള്ളികളും ഇവിടെയുണ്ട്. ഈ പഞ്ചായത്തു പ്രദേശത്തു സ്ഥിതിചെയ്യുന്നില്ലെങ്കിലും ഇവിടെയുള്ള വളരെയധികം ആളുകളുടെ ആരാധനാലയങ്ങളാണ് പുരാതനമായ പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ മാർ ശ്ലീബാ എന്നിവ.

ക്രിസ്ത്വബ്ദം ആയിരാമാണ്ടിൽ ഈ പ്രദേശങ്ങൾ ഭരിച്ചിരുന്നത് മീനച്ചിൽ കർത്താക്കന്മാരായിരുന്നു. എല്ലാ മതസ്ഥരേയും ഒരുമിച്ചുകൊണ്ടുപോകുന്നതിൽ മീനച്ചിൽ കർത്താക്കന്മാർ ദത്തശ്രദ്ധരായിരുന്നു. മീനച്ചിൽ താലൂക്കിലെ ജനങ്ങളിൽ ഇന്നു കാണുന്ന മതസൗഹാർദ്ദം കർത്താക്കന്മാരുടെ വലിയ സംഭാവനയാണ്. പാലാ കത്തീഡ്രൽ പള്ളിയ്ക്കു വേണ്ട സ്ഥലം നൽകി അത് പണികഴിപ്പിക്കുവാൻ സംരക്ഷണം നൽകിയതും കർത്താക്കന്മാരാണ്. കർത്താക്കന്മാർ പാരമ്പര്യമായി ആയൂർവ്വേദ വൈദ്യന്മാരായിരുന്നു. മേവിട ദാമോദര സിംഗർ കുഞ്ഞാരപ്പൻ കർത്ത (മേവിട തമ്പാൻ വൈദ്യൻ), മുത്തോലി പഞ്ചായത്ത് മുൻ പ്രസിഡണ്ട് (1964-79) ശ്രീ ഭാസ്കരൻ കർത്താ എന്നിവർ ഈ രാജപാരമ്പര്യത്തിൽപെട്ട കർത്താക്കന്മാരുടെ പിൻതുടർച്ചക്കാരാണ്. മതസൗഹാർദ്ദത്തിന്റെ പ്രതീകമായി ഈയെടുത്തകാലത്ത്, പാലായിലെ പുതുതായി പണിത കത്തീഡ്രൽ പള്ളിയിലേക്ക് അവിടുത്തെ പെരുന്നാളിന്റെ തുടക്കമായി വമ്പിച്ച ജനാവലിയുടെ അകമ്പടിയോടെ കർത്താക്കന്മാർ പള്ളിയിൽ കൊണ്ടുപോയി കൊടിമരം സ്ഥാപിച്ച സംഭവം അവിസ്മരണീയമാണ്.

ഇത്രമാത്രം വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രവർത്തിച്ചു വന്നിരുന്ന മുത്തോലിയിൽതന്നെ മീനച്ചിൽ താലൂക്കിൽ ആദ്യകാലത്ത് രൂപീകൃതമായ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നായ "മുത്തോലി വില്ലേജ് യൂണിയൻ" 1948 മുതൽ പ്രവർത്തനം ആരംഭിച്ചു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിയ്ക്കുന്നതിനുമുമ്പ് തന്നെ "ഗ്രാമഭരണം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തണ"മെന്ന് മഹാത്മാഗാന്ധി അനുശാസിക്കുകയുണ്ടായി. ഈ മഹത്തായ ആശയം ഉൾക്കൊണ്ടുകൊണ്ട് മുത്തോലിയിലെ ഗ്രാമവാസികൾ ഒരു പഞ്ചായത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ 1947-ൽ തന്നെ ആരംഭിച്ചു.

1947-ൽ നവംബർ മാസം 23-ാം തീയതി മുത്തോലി ചന്ത മൈതാനത്ത് കോൺഗ്രസ് നേതാവും തിരുവിതാംകൂർ അസംബ്ലി സ്പീക്കറുമായിരുന്നു ശ്രീ.ആർ.വി. തോമസിന്റെ ആദ്ധ്യക്ഷത്തിൽ കൂടിയ പൊതുയോഗത്തിൽ ശ്രീ. വർക്കി (പാപ്പൻ) എലവനാൽ, കൺവീനറായി ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു.

സർവ്വശ്രീ വെട്ടൂർ രാമൻനായർ, ചെട്ടിരാത്തു ദേവസ്യ, പി.ജെ. അബ്രാഹം പുതിയാത്ത്, എൻ.ജെ. ജോസഫ് ഞാറുകാലക്കുന്നേൽ, ടി.എസ്സ്. ജയന്തൻ നമ്പൂതിരി തുരുത്തിപ്പള്ളി ഇല്ലം, പപ്പു ചെട്ടിയാർ തലയിണക്കണ്ടത്തിൽ എം.എസ്. ഗോപാലൻനായർ മുതലായവർ ഈ കമ്മറ്റിയിലെ അംഗങ്ങളായിരുന്നു. ഈ കമ്മറ്റിയുടെ പ്രവർത്തനഫലമായി 1948 മെയ്മാസം 10-ന് മുത്തോലി വില്ലേജ് യൂണിയൻ അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് ഉണ്ടാകുകയും ചെയ്തു.

1948 നവംബർ 23-ാം തീയതി മുത്തോലി സെന്റ് ആന്റണീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ വച്ച് മീനച്ചിൽ തഹശീൽദാർ ശ്രീ വേലുക്കുട്ടിനായരുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് വില്ലേജ് യൂണിയൻ ഭരണനിർവ്വഹണത്തിനായി ഒരു താൽക്കാലിക കമ്മറ്റിയെ തെരഞ്ഞെടുത്തു. സർവ്വശ്രീ വർക്കി വർക്കി എലവനാൽ, ഈപ്പൻതോമസ് ആലയ്ക്കാപ്പള്ളി, പപ്പുചെട്ടിയാർ തലയിണക്കണ്ടം, കെ.റ്റി. സക്കറിയാസ് കലേക്കാട്ടിൽ, വേലായുധൻ നായർ ശങ്കരൻനായർ ചെറുതാഴെ, കൃഷ്ണൻ വൈദ്യൻ പാലമറ്റം എന്നിവർ ഈ കമ്മറ്റിയിലെ അംഗങ്ങളായിരുന്നു. പുലിയന്നൂർ വില്ലേജിൽപെട്ട അരുണാപുരം, പുലിയന്നൂർ, തെക്കുംമുറി, നെയ്യൂർ, മീനച്ചിൽ വില്ലേജിൽപ്പെട്ട മീനച്ചിൽ, പന്തത്തല, വെള്ളിയേപ്പള്ളി എന്നീ കരകളായിരുന്നു ആദ്യകാലത്ത് ഈ വില്ലേജ് യൂണിയനിൽ ഉൾപ്പെട്ടിരുന്നത്. പിൽക്കാലത്ത് അരുണാപുരം പാലാ മുനിസിപ്പാലിറ്റിയിലേക്ക് വിട്ടുകൊടുക്കുകയും മുരിയ്ക്കനാട്, കടപ്പാട്ടൂർ എന്നീ കരകൾ മുത്തോലി പഞ്ചായത്തിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

1949 മെയ്മാസം ഒൻപതാം തീയതി വില്ലേജ് യൂണിയന്റെ ഒരു കമ്മറ്റി ആദ്യമായി കൂടി. അതിൽ ശ്രീ വർക്കി വർക്കി എലവനാൽ വില്ലേജ് യൂണിയന്റെ പ്രഥമപ്രിസിഡന്റായി ചാർജ്ജെടുത്തു. 1949-ലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 8499 ആയിരുന്നു. ശ്രീ വർക്കി വർക്കി എലവനാലിന്റെ നേതൃത്വത്തിൽ ഈ പഞ്ചായത്തു പ്രദേശത്ത് പല വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുകയോ തുടക്കം കുറിക്കുകയോ ചെയ്തിട്ടുണ്ട്. മുത്തോലി പാലാറോഡ്, മുത്തോലി പൂവരണി റോഡ് മുത്തോലി ചേർപ്പുങ്കൽ റോഡ് എന്നിങ്ങനെ പല റോഡുകളും അദ്ദേഹം നേതൃത്വംകൊടുത്ത് പെട്ടിതുറന്നിട്ടുള്ളതാണ്.

വാടകക്കെട്ടിടത്തിൽ സ്ഥിതിചെയ്തിരുന്ന പഞ്ചായത്താഫീസിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കാവശ്യമായ 20 സെന്റ് സ്ഥലം പ്രഥമ പ്രസിഡണ്ട് ശ്രീ വർക്കി വർക്കി എലവനാൽ സൗജന്യമായി നൽകിയതാണ്. മീനച്ചിലാറ്റിൽ മുത്തോലി കടവിൽ അന്ന് പാലമുണ്ടായിരുന്നില്ല. മുത്തോലി കൊടുങ്ങൂർ റോഡിൽക്കൂടെയുള്ള വാഹനങ്ങൾ മുത്തോലിക്കടവിൽ ചങ്ങാടം ഉപയോഗിച്ചാണ് ആറു കടന്ന് യാത്ര തുടർന്നിരുന്നത്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ വർക്കി എലവനാൽ അത്യദ്ധ്വാനം ചെയ്തതിന്റെ ഫലമായി മീനച്ചിലാറ്റിൽ മുത്തോലിക്കടവിൽ ഒരു പാലം അനുവദിച്ചു കിട്ടുകയുണ്ടായി. 1958ൽ പാലത്തിന്റെ പണി ആരംഭിക്കുകയും അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. പി.റ്റി. ചാക്കോ 1962-ൽ മുത്തോലി പാലം ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. അന്ന് മുത്തോലി പഞ്ചായത്ത് പ്രസിഡണ്ടായിരുന്നത് ജോസഫ് കോര പേഴത്താനിയിൽ അവർകളാണ്.

ഭാരതസേവക് സമാജം എന്ന സന്നദ്ധ സംഘടന ഇവിടെ സജീവമായി പ്രവർത്തിച്ചുവരുന്നു. ധാരാളം യുവജനങ്ങൾ ഇതിൽ അംഗങ്ങളായി ചേരുകയും, ഗ്രാമപ്രദേശങ്ങളിലെ എല്ലാ വികസന പ്രവർത്തനങ്ങളിലും അവർ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ഗ്രാമീണറോഡുകൾ നന്നാക്കുക, സാക്ഷരതാപ്രവർത്തനം, ശുചീകരണം, എന്നിവയ്ക്ക് നേതൃത്വം കൊടുക്കുക മുതലായവ ഇതിലെ അംഗങ്ങളുടെ മുഖ്യപ്രവർത്തനം ആയിരുന്നു. രാഷ്ട്രീയ സാമുദായിക പരിഗണനകൾ കൂടാതെ ഈ പ്രദേശത്തെ എല്ലാ ജനങ്ങളുടെയും സഹകരണത്തോടെ ഈ നാട്ടിൽ പല നല്ല കാര്യങ്ങളും ചെയ്യുവാൻ ഈ സംഘടനയ്ക്കു സാധിച്ചിട്ടുണ്ട്. പിൽക്കാലത്ത് രാഷ്ട്രീയ സംഘടനകൾ ശക്തമായതോടെ ഈ സംഘടനയുടെ പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്.

പൊതുവിവരണവും ഭരണപരമായ ചരിത്രവും

1.	പഞ്ചായത്തിന്റെ പേര്	:	മുത്തോലി ഗ്രാമപഞ്ചായത്ത്.
2.	പഞ്ചായത്തിൽ ഉൾപ്പെടുന്ന	:	1. പുലിയന്നൂർ
	വില്ലേജിന്റെ പേര്	:	2. മീനച്ചിൽ
3.	ബ്ലോക്കു പഞ്ചായത്ത് ഡിവിഷൻ	:	മുത്തോലി
4.	ബ്ലോക്കു പഞ്ചായത്ത്	:	ളാലം
5.	താലൂക്ക്	:	മീനച്ചിൽ
6.	ജില്ല	:	കോട്ടയം
7.	അസംബ്ലി മണ്ഡലം	:	പാലാ
8.	വിസ്തീർണ്ണം	:	18.12 Sq.Km.
9.	ജനസംഖ്യ	:	15,267 (1991)
10.	വാർഡുകളുടെ എണ്ണം	:	9
11.	പ്രസിഡന്റിന്റെ പേര്	:	പുത്തൂർ പരമേശ്വരൻനായർ
12.	വൈസ് പ്രസിഡന്റിന്റെ പേര്	:	ലീലാമ്മ ജോൺ
13.	അതിർത്തികൾ		
	1. വടക്ക്	:	കരൂർ പഞ്ചായത്ത്
	2. കിഴക്ക്	:	പാലാ മുനിസിപ്പാലിറ്റി
	3. തെക്ക്	:	കൊഴുവനാൽ പഞ്ചായത്ത്
			മീനച്ചിൽ പഞ്ചായത്ത്
	4. പടിഞ്ഞാറ്	:	കിടങ്ങൂർ പഞ്ചായത്ത്
			കടപ്ലാമറ്റം പഞ്ചായത്ത്
14.	പഞ്ചായത്ത് നിലവിൽ വന്ന വർഷം	:	1953

IV. ഭൂപ്രകൃതി

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പാലാ മുനിസിപ്പാലിറ്റിയുടെ പടിഞ്ഞാറ് ഭാഗത്ത് മീനച്ചിൽ, കരൂർ, കൊഴുവനാൽ, കിടങ്ങൂർ, കടപ്ലാമറ്റം എന്നീ പഞ്ചായത്തുകൾക്കു നടുവിൽ സ്ഥിതിചെയ്യുന്ന മുത്തോലി പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കുടയത്തൂർ മലയിൽ നിന്നുമുത്ഭവിച്ചു പടിഞ്ഞാറോട്ട് ഒഴുകി വേമ്പനാട്ടു കായലിൽ പതിയ്ക്കുന്ന മീനച്ചിലാർ ഒഴുകുന്നു. പഞ്ചായത്തിൽ 5 കി.മീറ്റർ ദൂരത്തോളം ഈ നദിയിൽ കൂടിയുള്ള നീരൊഴുക്കു ലഭിയ്ക്കുന്നു. കൂടാതെ പുലിയന്നൂർ തോട്, മീനച്ചിൽ തോട്, നെയ്യൂർ തോട്, ചകിണിത്തോട്, വെള്ളിയേപള്ളി തോട് ഇവയാൽ സമൃദ്ധമായ മനോഹരമായ ഭൂപ്രദേശമാണ് മുത്തോലി.

മുത്തോലി പള്ളി പള്ളിക്കുടം മുതലായവ പ്രകൃതി രമണീയമായ ഒരു കുന്നിൻ പ്രദേശത്താണ്. ചുറ്റിനും താഴ്ന്ന പ്രദേശങ്ങളും പാടങ്ങളും ആണ്. തെക്കോട്ടുമാറിയിൽ മീനച്ചിൽ കുന്നുംപുറവും ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങമാണ്. പഞ്ചായത്തിന്റെ വടക്കുഭാഗവുമായി ബന്ധിപ്പെടുന്നതിന് മീനച്ചിലാറിനു കുറുകെ പുലിയന്നൂർ-കൊടുങ്ങൂർ റോഡിൽ മുത്തോലി പാലം നിർമ്മിച്ചിട്ടുണ്ട്,

ചുറ്റുമുള്ള പഞ്ചായത്തുകളിൽ നിന്നും പാലാ മുനിസിപ്പലാറ്റിയിൽ നിന്നും പഞ്ചായത്തിനെ വേർതിരിച്ചു നിർത്തുന്ന അതിർത്തികൾ തോടുകളാണ്. ആകയാൽ മുത്തോലി പഞ്ചായത്തിലേയ്ക്കു കയറുന്നതിനു തോടുകൾക്കു കുറുകെ ഉള്ള പാലങ്ങൾ

വസ്തുവിന്റെ വിനിയോഗം

ഇനം	വിസ്തീർണ്ണം
1. പുരയിടം	
വീടും പരിസരവും	70 ഹെക്ടർ
മറ്റുകാർഷികേതര ഉപയോഗം	96.44
പാറയും കൃഷിക്കുപയുക്തമല്ലാത്തതും	3.00
മറ്റിനം ചെടികൾ	.49
കൃഷിക്കുപയുക്തമായ തരിശ്	1.00
മറ്റിനം തരിശ്	2.00
കൃഷി ഇറക്കിയ സ്ഥലത്തിന്റെ	
ആകെ വിസ്തീർണ്ണം	1551.51
താൽക്കാലിക തരിശ്	11.87
ആകെ	1739.81
II നിലം	
വീടും പരിസരവും	0.20
മറ്റുകാർഷികതേര ഉപയോഗം	1.50
മറ്റിനം തരിശ്	1.00
താൽക്കാലിക തരിശ്	3.00
കൃഷി ഇറക്കിയ സ്ഥലം	159.39
ആകെ	165.09

സഹായിക്കുന്നു. കിഴക്കുനിന്നും അതിരുകളിലെ പാലങ്ങൾ കിഴക്കുനിന്നും പുലിയന്നൂർ തോടിനുകുറുകെ കോട്ടപ്പാലം. പടിഞ്ഞാറുനിന്നും ചകിണിതോടിനു കുറുകെ ചകിണിപാലം

പടിഞ്ഞാറുനിന്നും ചകിണിതോടിനു കുറുകെ ചകിണിപാലം. തെക്കു കിഴക്കു നിന്നും തേവർമറ്റം പാലം തെക്കുനിന്നും മക്കുതറപ്പാലം വടക്കുനിന്നും മണലേൽ പാലം

ഭൂപ്രകൃതിയനുസരിച്ച് മുത്തോലി പഞ്ചയത്തിനെ കുന്നിൻ പ്രദേശം, ചരിവുള്ള പ്രദേശം, ഇടത്തരം ചെരിവുള്ള പ്രദേശം, നിരപ്പു ഭൂമി, വെള്ളം കയറുന്ന മേഖല, വർഷകാലത്തു വെള്ളവും വേനൽകാലത്തു വറ്റിവരുള്ള മണൽപ്രദേശമായി മാറുന്ന നദി എന്നിങ്ങനെ തരംതിരിയ്ക്കാം. ഈ പ്രദേശത്തെ ശീതോഷ്ണാവസ്ഥ ഏതാണ്ട് സുഖകരമെന്നു തന്നെ പറയാവുന്നതാണ്. 21^0 ക്കും 33^0 ക്കും സെൽഷ്യസ് ഇടയിൽ ചൂടനുഭവിക്കുന്നു. മഴ ഏതാണ്ട് കേരളത്തിലെ ഇതര പ്രദേശങ്ങളിലെന്നപോലെ ഇവിടെയും ലഭിയ്ക്കുന്നു. ഫലപുഷ്ടി ഉള്ള മണ്ണും പാറക്കൂട്ടങ്ങളും അടങ്ങിയ കുന്നിൻചെരുവുകൾ ഉണ്ട്. പ്രസിദ്ധമായ അള്ള് സ്ഥിതി ചെയ്യുന്ന അള്ളുങ്കൽ കുന്ന് പുലയന്നൂർ ക്ഷേത്രമുകളിലായിട്ടാണ്.

പണ്ടുകാലത്ത്, ചരിത്രാതീതകാലം മുതൽ ജലമാർഗ്ഗം ഗതാഗതയോഗ്യമായിരുന്ന മീനച്ചിലാറിന്റെ നീരൊഴുക്ക് ജലഗതാഗതത്തിന് അനുയോജ്യമല്ലാതായിട്ടുണ്ട്.

ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് മുത്തോലി പഞ്ചായത്തിലെ ജനസംഖ്യ 15267 ആയിരുന്നു. ഇതിൽ 7673 പുരുഷന്മാരും 7594 സ്ത്രീകളും ആണ്. ജനസാന്ദ്രത ഒരു ചതുരശ്രകിലോമീറ്ററിന് 843 എന്ന കണക്കിലാണ്. ജനസംഖ്യാ നിരക്ക് താഴെ കൊടുക്കുന്നു.

ജനങ്ങളിൽ 97% ആളുകളും സാക്ഷരരാണ്. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചമായിട്ടുള്ളതിനാൽ ഈ മേഖല മെച്ചപ്പെട്ടതാണ്. അഭ്യസ്ത വിദ്യരായിട്ടുള്ളവർ നല്ല പങ്കും തൊഴിൽ രഹിതരായിട്ടുണ്ട്. ഭവനനിർമ്മാണരംഗത്തും മൃഗസംരക്ഷണരംഗത്തും തൊഴിലിലേർപ്പെട്ടിരിയ്ക്കുന്ന അന്യസംസ്ഥാനക്കാർ ധാരാളമായി ഇവിടെ ഉണ്ട്. തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും കർഷകതൊഴിലാളികളെയും കൂലിപ്പണിക്കാരെയും ആവശ്യത്തിനു ലഭിയ്ക്കുന്നില്ല. സംസാരഭാഷ മലയാളമാണ്. തമിഴും, ഇംഗ്ലീഷും കലർത്തി സംസാരിയ്ക്കുന്നവരും ഉണ്ട്.

Sex-wise Population - 1991

Males				Females				Grand total
SC	ST	OTHERS	TOTAL	SC	ST	OTHERS	TOTAL	
443	3	7227	7673	469	0	7119	7594	15267

ജലപ്രകൃതി

ഈ പ്രദേശത്തു കിട്ടുന്ന മഴയുടെ അളവ് ശരാശരി 2850 മി.മീ. ആണ്. ജൂൺ ജൂലൈ മാസങ്ങളിൽ നല്ല തോതിൽ മഴ ലഭിയ്ക്കുന്നുവെങ്കിൽ ജനുവരി ഫെബ്രുവരിയോടുകൂടി മഴയുടെ തോത് കുറഞ്ഞുവരുന്നു. മീനച്ചിലാറ് മുത്തോലി പഞ്ചായത്തിന്റെ മദ്ധ്യത്തിൽ കൂടി ഒഴുകുന്നതുമൂലം ഈ പ്രദേശത്ത് ജലവിതരണത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. കുടിവെള്ളത്തിനായി 4 കുഴൽ കിണറുകളും 17 പഞ്ചായത്തു കിണറുകളും ഉണ്ട്. മുഖ്യ സ്രോതസ്സ് സഹകാര്യ കിണറുകൾ തന്നെയാണ്. പതിനാലു വർഷം മുമ്പ് ആരംഭിച്ച പുലിയന്നൂർ-മീനച്ചിൽ ശുദ്ധജലവിതരണപദ്ധതി വെറും നോക്കുകുത്തിയായി ഇന്നും അവശേഷിയ്ക്കുന്നു. ഈ പദ്ധതി പൂർത്തിയായാൽ തന്നെയും ആവശ്യത്തിനു ജലം ലഭ്യമാകണമെങ്കിൽ മുത്തോലി പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ മീനച്ചിലാറിനു കുറുകെ അടിസ്ഥാനത്തോടുകൂടിയ തടയണ നിർമ്മിയ്ക്കേണ്ടതായിട്ടുണ്ട്.

മാർച്ച് ഏപ്രിൽ മാസങ്ങളിൽ കടുത്ത ജലക്ഷാമം മുത്തോലി പഞ്ചായത്തിലനുഭവപ്പെടുന്നുണ്ട്. കുന്നിൻമുകൾ ഭാഗത്തും കുന്നിൽ ചെരിവിൽ വസിയ്ക്കുന്നവർക്കും ജലലഭ്യതയ്ക്ക് വേനൽക്കാലങ്ങളിൽ യാതൊരു മാർഗ്ഗവുമില്ല.

മുത്തോലി പഞ്ചായത്തതിർത്തിയ്ക്കുള്ളിൽ പൊതുകുളങ്ങൾ ഉണ്ട്. ക്ഷേത്രക്കുളങ്ങളും നമ്പൂതിരി ഭവനങ്ങളോടു ചേർന്ന കുളങ്ങളും ഉണ്ട്. മീനച്ചിലിറിൽ പതിയ്ക്കുന്ന 5 തോടുകളും ഇവിടെ ഉണ്ട്.

മുത്തോലി വില്ലേജ് യൂണിയൻ

മുത്തോലി.

മാന്യരെ,

മുത്തോലി വില്ലേജ് യൂണിയന്റെ ഭാവിപ്രവർത്തനങ്ങളെപ്പറ്റിയും ഇടയിടെ ഡയറക്ടർ അവർകൾ നമ്മുടെ വില്ലേജ് സന്ദർശിച്ച അവസരത്തിൽ തന്നിട്ടുള്ള ഉപദേശങ്ങളേയും മറ്റും പൊതുജനങ്ങളെ അറിയിക്കുന്നതിനും ഭാവിപരിപാടികളെപ്പറ്റിയും പരിചിന്തനം നടത്തുന്നതിനും വില്ലേജിന്റെ സുരക്ഷിതമായ പ്രവർത്തനങ്ങൾക്കായി എല്ലാക്കരകളേയും പ്രതിനിധീകരിക്കുന്ന മുഖ്യക്കാരുടെ യോഗങ്ങളിൽ തിരഞ്ഞെടുക്കുന്നതിനും മറ്റുമായി 26-2-1950 / 15-7-1125 ഞായറാഴ്ച പകൽ 3 മണിക്ക് യൂണിയൻ ആഫീസിനോടനുബന്ധിച്ചുള്ള വിശാലമായ പറമ്പിൽ വച്ച് ഒരു മഹായോഗം കൂട്ടുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ ശ്രീ. പെരിയാൻ ജെ. കാപ്പൻ B. A. & B. L. M. L. A. അവർകൾ അദ്ധ്യക്ഷം വഹിക്കാമെന്നും സ്വാഗതകരണസംഘവും ഇൻസ്പെക്ടർ ശ്രീ. ഭാസ്കരൻ പിള്ള അവർകൾ, ശ്രീ. ജയന്തൻ നമ്പൂതിരി Ex. M. L. A. അവർകൾ, ശ്രീ. P. S. ഗോപാല പിള്ള B. A. & B. L. Ex. M. L. A. അവർകൾ മുതലായ മഹാന്മാർ പ്രസംഗം ചെയ്യാമെന്നും സമ്മതിച്ചിട്ടുള്ളതാകുന്നു.

തദവസരത്തിൽ സകല സമ്മതിദായകന്മാരും ഉൾപ്പെടെയുള്ള മാന്യമഹാജനങ്ങളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

മുത്തോലി,
21—2—'50

എന്ന് വിധേയൻ,
പ്രസിഡന്റ്.

1. കൃഷിയും ജലസേചനവും

മീനച്ചിൽ താലൂക്കിലെ കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തുകളിൽ മുത്തോലി പഞ്ചായത്ത് മുൻപന്തിയിൽ തന്നെയുണ്ട്. പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന മീനച്ചിലാറും മറ്റു തോടുകളും ഇവിടുത്തെ കൃഷിയെ സമ്പുഷ്ടമാക്കുന്നു. ഈ പഞ്ചായത്തിലെ കൃഷിക്കും അതിന്റെ നിലനില്പിനവശ്യമായ ജലസേചനത്തിനും മീനച്ചിലാറും തോടുകളും വഹിക്കുന്ന പങ്ക് വിവരണത്തിന് അതീതമാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും ചെറുകിട നാമമാത്ര കർഷകരാണ് പഞ്ചായത്തിന്റെ 9 വാർഡുകളിലായി ഏകദേശം ആയിരത്തി അഞ്ഞൂറോളം നാമമാത്രകർഷകരും അറുന്നൂറോളം ചെറുകിട കർഷകരും മുന്നൂറ്റി അറുപത്തഞ്ചോളം വൻകിടകർഷകരുമുണ്ട്.

ഭൂവിനിയോഗം:- ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ചില കണക്കുകളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

റബ്ബർ

ജില്ലയുടെ മൊത്തത്തിലുള്ള സ്വഭാവംപോലെ തന്നെ മുത്തോലി പഞ്ചായത്തും ഒരു റബ്ബർ മേഖലയാണ്. പഞ്ചായത്തിലെ കൃഷിഭൂമിയുടെ നല്ലൊരു പങ്കും റബ്ബർ കയ്യടക്കിയിരിക്കുന്നു. സ്വാഭാവിക റബ്ബറിന്റെ വിലവർദ്ധിച്ചതോടെ ജനങ്ങളുടെ ജീവിതനിലവാരത്തിലും പ്രകടമായ വ്യതിയാനം വന്നിരിക്കുന്നു. പ്രതികൂല കാലാവസ്ഥയിലും ടാപ്പിംഗ് ഷേഡ് തുടങ്ങിയ സഇജ്ജീകരണങ്ങളോടെ ഉദ്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന കാഴ്ച പഞ്ചായത്തിലെങ്ങും പ്രകടമാണ്. കൂടുതൽ വിളഭൂമികൾ റബ്ബറിന് വഴിമാറിക്കൊടുക്കുന്ന പ്രതിഭാസം വിരളമല്ല. പഞ്ചായത്തിൽ മൊത്തം 1200 ഹെക്ടറോളം കൃഷിക്കനുയുക്തമായ ഭൂമിയുള്ളതിൽ 750 ഹെക്ടോറോളവും റബ്ബർതോട്ടങ്ങളാണ്. നല്ല ഒരു ശതമാനം ചെറുകിട നാമമാത്ര കർഷകരും സ്വന്തമായി ടാപ്പ് ചെയ്യുന്നവരാണ്. കൂടയും എളിയിൽ കെട്ടി റബ്ബർകത്തിയുമായി നീങ്ങുന്ന കർഷകരെ പ്രഭാതത്തിൽ എങ്ങും

ക്രമനമ്പർ	വിള	വിസ്തീർണ്ണം	ഉത്പാദനക്ഷമത
1.	നെല്ല് (ഒന്നാംവിള)	55	2.8 ടൺ/ഹെക്ടർ
2.	നെല്ല് (രണ്ടാംവിള)	72	2.5 "
3.	പയർവർഗ്ഗങ്ങൾ	40	3.5 "
4.	പച്ചക്കറികൾ	15	-
5.	തെങ്ങ്	165	34 തേങ്ങാ (തെങ്ങൊന്നിന് ഒരു വർഷം)
6.	മരച്ചീനി	20	25 ടൺ/ഹെക്ടർ
7.	കുരുമുളക്	60	800 കിലോഗ്രാം/ഹെക്ടർ
8.	റബ്ബർ	750	1.8 ടൺ/ഹെക്ടർ
9.	വാഴ	35	8 കിലോഗ്രാം/വാഴയൊന്നിന്
10.	കൊക്കോ	5	980 കിലോഗ്രാം/ഹെക്ടർ
11.	ജാതി	5	450 ജാതിക്കാ (മരമൊന്നിന്)
12.	ഇഞ്ചി	5	3.7 ടൺ/ഹക്ടർ

കാണാം. സ്ത്രീ തൊഴിലാളികൾ ഈ വേഷത്തിൽ കണ്ണിന് കൂടതൽ ഇമ്പം പകരുന്നു.

റബ്ബർകൃഷിക്ക് ഇന്ന് ഏറ്റവും വലിയഭീഷണി പട്ടമരപ്പ് എന്ന രോഗമാണ്. ടാപ്പ് ചെയ്തുകൊണ്ടിരിക്കുന്ന മരങ്ങൾ കറ നല്കാത്ത അവസ്ഥയിലെത്തുന്നു. പട്ടമരപ്പിന്റെ ശരിയായ രോഗഹേതു എന്താണെന്ന് ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. റബ്ബർ മരങ്ങളെ കൂടുതൽ ചൂഷണം ചെയ്യുന്നതിനാലാണ് പട്ടമരപ്പ് സംഭിക്കുന്നതെന്ന് ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു. മരങ്ങൾക്ക് ആവശ്യമായ വിശ്രമം നല്കുക എന്നതാണ് പ്രധാനപ്രതിവിധി. മൂന്നു ദിവസത്തിൽ ഒരിക്കൽ മാത്രം കറയെടുക്കുന്ന മരങ്ങൾ പൊതുവേ പട്ടമരപ്പിൽ നിന്നും വിമുക്തമായി കാണുന്നു. ഒരുകാലത്ത് ഏറ്റവും അപകടകാരിയായിരുന്ന ഇലപൊഴിയൽ രോഗം (Abnormal leaf fall) പുതിയ ഇനങ്ങളുടെ ആവിർഭാവത്തോടെ ഒരു രോഗമേ അല്ലാതായി മാറിയിരിക്കുന്നു. ടിഷ്യൂകൾച്ചർ തുടങ്ങിയ ആധുനിക ശാസത്ര സാങ്കേതിക വിദ്യകളിലൂടെ റബ്ബറിന്റെ ഉത്പാദനക്ഷമത കൂടുതൽ വർദ്ധിപ്പിക്കുവാനുള്ള ഗവേഷണങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

നെല്ല്

കേരളീയരുടെ മുഖ്യാഹാരമായ നെല്ലരി പ്രധാനപ്പെട്ട ആറ് പാടശേഖരങ്ങളിലായി ഈ പഞ്ചായത്തിൽ കൃഷിചെയ്തുവരുന്നു. പടിഞ്ഞാറ്റിൻകര, തെക്കുമുറി, നെയ്യൂർ-മുരിക്കനാട്, പുലിയന്നൂർ, വെള്ളിയേപ്പള്ളി, കാണിയക്കാട് ഇവയാണ് ഈ പാടശേഖരങ്ങൾ. ഇതിൽ ആദ്യ നാലു പാടങ്ങളിലും ഗ്രൂപ്പ് ഫാമിംഗ് (സംഘകൃഷി) പരിപാടി വിജയപ്രദമായി നടപ്പിലാക്കിക്കഴിഞ്ഞു. കർഷകർ ഒരേ ഇനം വിത്ത് ഒരേ സമയം വിതയ്ക്കുന്നതിനാൽ കീടരോഗാണുക്കളുടെ ഉപദ്രവം ഗണ്യമായി കുറഞ്ഞതായി അനുഭവപ്പെടുന്നു. കീടനാശിനികൾ, കുമിൾ നാശിനികൾ ഇവയുടെ പ്രയോഗം പലപ്പോഴും പൂർണ്ണമായിതന്നെ ഒഴിവാക്കാവുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു.

എന്നാൽ സൗജന്യനിരക്കിൽ ഉത്പാദനോപാധികൾ, ഉത്പാദനബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾ ക്രമമായി ലഭിക്കാത്തതിനാൽ സംഘകൃഷിക്ക് ഉന്മേഷവും തേജസും ചോർന്നുകൊണ്ടിരിക്കുന്നു. രാസവള പ്രയോഗത്തിന്റെ കുത്തൊഴുക്കിൽ ജൈവവളത്തിന്റെ പ്രാധാന്യം പല കർഷകരും വിസ്മരിക്കുന്നത് ഉത്പാദക്ഷമതയെ ഗണ്യമായി ബാധിക്കുന്നുണ്ട്. ജൈവവളത്തിന്റെ അഭാവം മണ്ണിന്റെ ഘടനയെയും മറ്റ് അടിസ്ഥാനഗുണങ്ങളെയും താറുമാറാക്കികൊണ്ടിരിക്കുന്നു. ഈ അവസ്ഥ മുന്നിൽ കണ്ടുകൊണ്ട് കൃഷിഭവൻ തലത്തിൽ കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ നടത്തുകയും സൗജന്യനിരക്കിൽ ജൈവവളച്ചെടികളുടെ വിത്തുകൾ വിതരണം ചെയ്യുകയും ചെയ്യുന്നതാണ്.

നെൽകൃഷിയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ ലഭ്യത ഇന്ന് ഏറ്റവും രൂക്ഷമായ പ്രശ്നമായി മാറിയിരിക്കുന്നു. എത്ര ഉയർന്ന കൂലിക്കും തൊഴിലാളികളെ ലഭിക്കാതായിരിക്കുന്നു. വിളഞ്ഞുനില്ക്കുന്ന കതിരുകൾ കൊയ്യാൻ ആളില്ലാത്തതിന്റെ പേരിൽ നഷടപ്പെടുന്ന സംഭവങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. നിലമുഴുവാൻ ട്രാക്ടർ, പവർടില്ലർ തുടങ്ങിയവ ഇന്ന് സർവ്വ സാധാരണമായി ഉപയോഗിച്ചുവരുന്നതുപോലെ നടീൽയന്ത്രം, കൊയ്ത്തുയന്ത്രം, മെതിയന്ത്രം, പാറ്റുയന്ത്രം തുടങ്ങിയ ആധുനിക സജ്ജീകരണങ്ങൾ കർഷകരുടെ ഇടയിലേക്ക് ധാരാളമായി കടന്നുവരാത്ത പക്ഷം നെൽകൃഷിതന്നെ അന്യം നിന്നുപോകുവാൻ സാദ്ധ്യതയുണ്ട്. 50% സബ്സിഡിയോടുകൂടി മേൽപറഞ്ഞ യന്ത്രസാമഗ്രികൾ കൃഷിവകുപ്പിൽനിന്നും പാടശേഖരങ്ങൾക്ക് നല്കുന്ന പദ്ധതികൾ കർഷകർ പരമാവധി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

അതുപോലെതന്നെ മേൽത്തരം നെൽവിത്തുകളെക്കുറിച്ച് പത്രമാസികകൾ വഴി അറിയുവാനിടവരുന്നുണ്ടെങ്കിലും ആവശ്യസമയത്ത് ഇവയൊന്നും കൃഷിഭവനിൽ നിന്നോ സീഡ് ഫാമുകളിൽ നിന്നോ ലഭിക്കാറില്ല.

ആകെക്കൂടി പരിഗണിച്ചാൽ നെൽകൃഷി ലാഭകരമായി മുന്നോട്ടു കൊണ്ടുപോകുവാൻ കർഷകർക്ക് സാധിക്കാത്ത അവസ്ഥയിൽ സ്ഥിതിവിശേഷങ്ങൾ എത്തിനില്ക്കുന്നു.

തെങ്ങ്

മുത്തോലി പഞ്ചായത്തിൽ 165 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി നടത്തിവരുന്നു. നാടൻ ഇനങ്ങളാണ് കൂടുതൽ കൃഷി ചെയ്യുന്നതെങ്കിലും, TxD, DxT തുടങ്ങിയ സങ്കര ഇനങ്ങൾക്കും കർഷകരുടെ ഇടയിൽ പ്രചാരം ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ 24000ത്തിന് മേൽ തെങ്ങുകളുള്ളതിൽ 15000 എണ്ണത്തോളം കായിച്ചുതുടങ്ങിയവയാണ്.

അയ്യായിരത്തി അഞ്ഞൂറോളം എണ്ണം രോഗബാധിതമായവയാണ്. വിവിധ രോഗങ്ങൾ ബാധിച്ച തെങ്ങുകളുടെ എണ്ണം താഴെ ചേർക്കുന്നു.

രോഗവിവരം	രോഗം ബാധിച്ച തെങ്ങിന്റെഎണ്ണം
റൂട്ട് വിൽറ്റ്	2800
ലീഫ്റോട്ട്	700
ബഡ്റോട്ട്	1000
ചെന്നീരൊലിപ്പ്	40
മറ്റുള്ളവ	960

രോഗനിവാരണത്തിനായി കർഷകർ വിവിധ സസ്യസംരക്ഷണമാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയും രോഗം കൂടുതലായി ബാധിച്ചവ വെട്ടിമാറ്റി പുതിയി തൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തവർക്ക് പ്രവർത്തനമാരംഭിച്ച കേരസമിതി കേരകർഷകരുടെ നെടുംതൂണായി പ്രവർത്തിക്കുന്നു. ശരാശരി നാളി[illegible] ഉത്പാദനം ഒരുതെങ്ങിന് വർഷം 34 തേങ്ങയോളമാണ്. റൂട്ടുവിൽക് പോലുള്ള മാരാവ്യാധികൾ വന്നുപെട്ടാൽപോലും പ്രതിവർഷം 10 തേങ്ങായെങ്കിലും തെങ്ങിന് ലഭിക്കുന്നുണ്ടെങ്കിൽ അവ വെട്ടിമാറ്റേണ്ട ആവശ്യമില്ലെന്നും ശരിയായ പരിചരണത്തിലൂടെ അവയുടെ ഉല്പാദനം വർദ്ധിപ്പാക്കാമെന്നുമുള്ള ബോധ്യം ഇവിടുത്തെ കേരകർഷകർക്കുണ്ട്.

തെങ്ങിന് ഇടവിളയായി കൊക്കോ, വാഴ, പച്ചക്കറികൾ മുതലായവ കൃഷികൾ ചെയ്തും തെങ്ങിൻതോപ്പിൽനിന്നുള്ള ആദായം വർദ്ധിപ്പിക്കാം. സമീകൃതമായ വളപ്രയോഗം, ജലസേചനം, തക്കസമയത്തുള്ള കീടരോഗ നിയന്ത്രണം ഇവയൊക്കെ അനുവർത്തിച്ചാൽ മാത്രമേ നമ്മൾ ലക്ഷ്യമിടുന്ന ഉത്പാദനത്തിലേയ്ക്ക് എത്തുവാൻ സാധിക്കുകയുള്ളു. തെങ്ങിൻതോപ്പുകളിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കിണറുകൾ, പമ്പുസെറ്റുകൾ എന്നിവയും സസ്യസംരക്ഷണ നടപടികളെ പ്രോത്സാഹിപ്പിക്കുവാനായി മരുന്നുതളി ഉപകരണങ്ങളും സബ്സിഡിയോടു കൂടി കൃഷി വകുപ്പിൽനിന്നും കർഷകർക്ക് നൽകിവരുന്നുണ്ട്.

തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ തെങ്ങുകൃഷിയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. നാളികേരം ഇടുവാനായി തെങ്ങുകയറ്റ തൊഴിലാളികളെ ഇന്ന് ലഭിക്കാതായിരിക്കുന്നു. തെങ്ങുകയറ്റയന്ത്രം ധാരാളമായി കർഷകർ ഉപയോഗിച്ചു തുടങ്ങിയാൽ മാത്രമേ ഇതനൊരു പരിഹാരമാവൂ. ഇവയും സബ്സിഡി നിരക്കിൽ കൃഷി വകുപ്പിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്. നാളികേരത്തിന്റെ കൂടെ കൂടെയുള്ള വിലയിടിവ് കേരകർഷകരിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നു. എല്ലാ പ്രശ്നങ്ങൾക്കും ഒരു ശാശ്വത പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

മറ്റ് കൃഷികൾ

വാഴ, കുരുമുളക്, മരച്ചീനി തുടങ്ങിയവയൊക്കെ ഇവിടെ കൃഷി ചെയ്തുവരുന്നുണ്ട്. ഒരു വിളയുടെയും ശരാശരി ഉത്പാദനം സംസ്ഥാന ശരാശരിയേക്കാൾ പുറകോട്ടല്ല. അഥവാ അത്യുത്സാഹികളായ ഇവിടുത്തെ കർഷകർ ഉത്പാദന ക്ഷമത പുറകോട്ടുപോകാൻ അനുവദിക്കുന്നില്ല. എങ്കിലും വാഴയുടെ തണ്ടുതുരപ്പൻ, കുരുമുളകിന്റെ വാട്ടരോഗം, മരച്ചീനിയുടെ എലിശല്യം ഇവ പ്രത്യേകം പ്രസ്താവ്യമാണ്. കർഷകർ ഇവയ്ക്കെതിരെ നിരന്തരം യുദ്ധം ചെയ്യുകയും നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്യുന്നു. നെൽപാടങ്ങളിൽ വിളവെടുപ്പിനുശേഷം പയർ, പടവലം, പാവൽ തുടങ്ങിയ പച്ചക്കറികൾ കൃഷിചെയ്തുവരുന്നു. എങ്കിലും ഈ ഉത്പന്നങ്ങൾക്ക് വിപണിയന്വേഷിച്ച് പലപ്പോഴും ദൂരസ്ഥലങ്ങൾവരെ കർഷകർ പോകേണ്ടിവരുന്നു. നിയോജക മണ്ഡലങ്ങൾതോറും പച്ചക്കറിസ്റ്റാളുകൾ ആരംഭിക്കുന്നതോടെ പച്ചക്കറി കർഷകർക്ക് ന്യായമായ വില ലഭിക്കാനുള്ള സംവിധാനങ്ങളും ഉണ്ടാവുമെന്ന് പ്രത്യാശിക്കാം. സുഗന്ധവിളകളിൽ ഇവിടെ കൃഷി ചെയ്യുന്ന ജാതി പ്രത്യേകം പ്രസ്താവ്യമാണ്. വിദൂരസ്ഥലങ്ങളിൽനിന്നുപോലും വിത്താവശ്യത്തിനായുള്ള ജാതി അന്വേഷിച്ച് കർഷകർ ഇവിടെ എത്താറുണ്ട്.

മുൻ സൂചിപ്പിച്ചതുപോലെ ഇവിടെ വളരുന്ന എല്ലാ കാർഷികവിളകൾക്കും ജനലസേചനം നൽകുന്നതിൽ മീനച്ചിലാറും തോടുകളും വഹിക്കുന്ന പങ്ക് അവർണ്ണനീയമാണ്. നെൽപാടശേഖരങ്ങളിൽ കൂടി ഒഴുകുന്ന തോടുകളിൽ അവിടവിടെയായി ചീപ്പുകൾ നിർമ്മിച്ച് ജലം സംഭരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.

നെയ്യൂർതോട്, പുലിയന്നൂർ തോട്, ചകിണിതോട് ഇവയിലൊക്കെ ഇത്തരം ചീപ്പുകൾ നിർമ്മിച്ചിട്ടുണ്ട്. അതുപോലെ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളിലായി ജലസേചനത്തിന് സബ്സിഡിയോടുകൂടി കിണറുകൾ പമ്പ്സെറ്റുകൾ ഇവ നല്കിവരു

ന്നത് കർഷകൻ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. തരിശുനിലങ്ങളിൽ ആവരണവിളകൾ കൃഷിചെയ്യും, ചരിവുള്ള സ്ഥലങ്ങളിൽ ചരിവിനു കുറുകെ കയ്യാലകൾ നിർമ്മിച്ചും മഴയത്ത് കുത്തിയൊലിച്ചുവരുന്ന മണ്ണുചേർന്ന വെള്ളം സംഭരിക്കാൻ കാനകൾ കീറിയുമൊക്കെ നാം മണ്ണു സംരക്ഷിക്കുകയും മണ്ണിന്റെ ജലാഗിരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യണം. മണ്ണിന്റെ ഘടനയെ പുഷ്ടിപ്പെടുത്താൻ രാസവളങ്ങളോടൊപ്പം ജൈവവളങ്ങൾ ധാരാളമായി മണ്ണിൽ ചേർത്തുകൊടുക്കണം. ഇതിനായി പച്ചിലവളച്ചെടികൾ, മൃഗങ്ങളുടെ വിസർജ്യങ്ങൾ, മണ്ണിര കമ്പോസ്റ്റ് ഇവയുടെയൊക്കെ ഉപയോഗം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

റബ്ബർ, നെല്ല്, വാഴ തുടങ്ങിയ വിളകൾക്കൊക്കെ രാസവളങ്ങൾ ഗണ്യമായി ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഈ പഞ്ചായത്തിലെ വളം വിപണന കേന്ദ്രങ്ങളിൽനിന്നും കർഷകർ വാങ്ങി ഉപയോഗിച്ച വളത്തിന്റെ കണക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നു. പ്രധാനമായും സഹകരണമേഖലയിൽ കൂടിയാണ് ഇവയുടെ വ്യാപാരം നടന്നുവരുന്നത്.

1993-94	188 മെട്രിക് ടൺ
1994-95	171 മെട്രിക് ടൺ
1995-96	169 മെട്രിക് ടൺ

സമീകൃത വളപ്രയോഗം, കീടരോഗനിയന്ത്രണം ഇവയൊപ്പറ്റിയൊക്കെ ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു.

കാർഷികവായ്പ

മുത്തോലി പഞ്ചായത്തിൽ കാർഷിക വായ്പാ സൗകര്യങ്ങൾക്കായി മുത്തോലി സർവ്വീസ് സഹകരണ ബാങ്ക്, മുത്തോലി ഈസ്റ്റ് സർവ്വീസ് സഹകരണബാങ്ക് എന്നീ സഹകരണ സംഘങ്ങൾ മുൻപന്തിയിൽ തന്നെയുണ്ട്. കൂടാതെ പൂവരണി സർവ്വീസ് സഹകരണ ബാങ്ക് പാലായിലെ വിവിധ ബാങ്കുകളായ കാർഷിക വികസന ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, വൈശ്യാ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക് അരുണാപുരം ഇവയൊക്കെ ഈ പഞ്ചായത്തിലെ കർഷകർക്ക് വിവിധ കാർഷികാവശ്യങ്ങൾക്കായി വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

കാർഷിക ഉപകരണങ്ങൾ

കാർഷിക ഉപകരണങ്ങൾ സബ്സിഡിയോടുകൂടി പാടശേഖരങ്ങൾക്കു നല്കുന്നപദ്ധതി പ്രകാരം പവ്വർ സ്പ്രെയർ, മെതിയെന്ത്രം, പാറ്റുയന്ത്രം തുടങ്ങിയ ആധുനിക കാർഷിക ഉപകരണങ്ങൾ നെയ്യൂർ-മുരിക്കനാടു പാടശേഖരം സ്വന്തമാക്കിക്കഴിഞ്ഞു. മറ്റു പാടശേഖരങ്ങളും ഇത്തരം സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

പാടശേഖരങ്ങളിൽ പണിയായുധങ്ങൾ വാങ്ങുവാൻ നിലമുടമകൾക്ക് 50% സഹായധനം കൃഷിവകുപ്പിൽ നിന്നും നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനായി സ്കൂൾകുട്ടികൾ, മഹിളാസമാജങ്ങൾ, യൂത്തുക്ലാസുകൾ എന്നിവവഴി പച്ചക്കറി വിത്തുകൾ എല്ലാവർഷങ്ങളിലും വിതരണം ചെയ്തുവരുന്നു.

പഴവർഗ്ഗച്ചെടികളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൗജന്യമായി വാഴവിത്തും, പേര, ചെറി, മമ്പൂട്ടാൻ, മാതളനാരകം, മാവ്ഗ്രാഫ്റ്റ്, സപ്പോട്ടാ ഗ്രാഫ്റ്റ് മാംഗോസ്റ്റിൻ തുടങ്ങിയ ഫലവൃക്ഷത്തൈകളും കൃഷിഭവനിൽനിന്നും വിവിധ വർഷങ്ങളിൽ വിതരണം ചെയ്തുകഴിഞ്ഞു. സ്കൂൾ കുട്ടികൾക്ക് സൗജന്യമായി വാഴവിത്തുകൾ നല്കി ഓണക്കാലത്ത് കൂടുതൽ വാഴക്കുലകൾ ഉല്പാദിപ്പിക്കുവാനുള്ള പദ്ധതിയും നടപ്പിലാക്കിക്കഴിഞ്ഞു.

കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവയുടെ കൃഷിക്ക് ഇവിടെ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

ബയോഗ്യാസ്

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ ബയോഗ്യാസിന് മുഖ്യസ്ഥാനമുണ്ട്. ചാണകത്തിൽ നിന്നും മറ്റു ജൈവവസ്തുക്കളിൽ നിന്നും ഗ്യാസ് ഉല്പാദിപ്പിക്കാനുതകുന്ന ബയോഗ്യാസ് പ്ലാന്റുകൾ പഞ്ചായത്തിൽ ഇന്ന് സർവ്വസാധാരണമാണ്. ഈ ഗ്യാസിനെ പാചകാവശ്യത്തിനായും വിളക്കുതെളിക്കുവാനും പ്രയോജനപ്പെടുന്നു. പ്ലാന്റിൽനിന്നും പുറന്തള്ളുന്ന ചാണകത്തിന്റെ വർദ്ധിച്ച ഗുണമേന്മയുണ്ട്. കൃഷിവകുപ്പ് ഈ പദ്ധതിയെ പ്രോത്സാഹിപ്പിക്കുവാനായി സബ്സിഡി നൽകിവരുന്നു.

കർഷകരുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും

മുത്തോലി പഞ്ചായത്തിൽ കൃഷിയും ജല സേചനസൗകര്യങ്ങളും വർദ്ധിപ്പിക്കാൻ എന്തൊക്കെ ഫലപ്രദമായി ചെയ്യാനാവുമെന്ന് കർഷകർക്ക് വ്യക്ത മായ കാഴചപ്പാടുണ്ട്. പഞ്ചായത്തിലെ വിവിധ ഭാഗ ങ്ങളിലുള്ള കർഷകരുടെ അഭിപ്രായങ്ങളും നിർദ്ദേ ശങ്ങളും ക്രോഡീകരിച്ചാൽ ലക്ഷ്യമിട്ടിരിക്കുന്ന പുരോ ഗതിയിലേക്കെത്താൻ വേണ്ട നാഴികക്കല്ലുകളായി ഇവ മാറും.

1. മുത്തോലി പാലത്തിനു താഴെയായി ഒരു തട യണ നിർമ്മിച്ച് ജലനിരപ്പ് ഉയർത്തുക.
2. തോടുകളുടെ സംരക്ഷണഭിത്തികൾ ആവശ്യ മുള്ള സ്ഥലങ്ങളെല്ലാം നിർമ്മിക്കണം.
3. പാടശേഖരങ്ങളിൽക്കൂടി ഒഴുകുന്ന തോടുക ളിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ചിപ്പുകൾ നിർമ്മിക്കുകയും നിലവിലുള്ളവയുടെ പലകകൾ നന്നാക്കുകയും വേണം.
4. കൂടുതൽ കുതിരശക്തിയുള്ള പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാനാവുംവിധം ത്രീഫേസ് ലൈനുകൾ സൗകര്യപ്പെടുത്തുക.
5. ഗുണമേന്മയുള്ള വിത്തുകൾ (നല്ല്, പച്ചക്കറി കൾ തുടങ്ങിയവ) കീടനാശിനികൾ വളങ്ങൾ എന്നിവ സഹായനിരക്കിൽ എല്ലാ കർഷകർ ക്കും ലഭ്യമാക്കണം.
6. ജല ദൗർലഭ്യംമൂലം ഒരു കൃഷിമാത്രം നട ത്തുന്ന നെൽപ്പാടങ്ങൾ ഇരുപ്പൂനിലങ്ങളാക്കു വാനാവശ്യമായ ജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കുക.
7. 75% എങ്കിലും സബ്സിഡിയോടുകൂടി പാട ശേഖരങ്ങൾക്ക് ട്രാക്ടർ, ടില്ലർ, കൊയ്ത്തുയന്ത്രം തുടങ്ങിയവയൊക്കെ ലഭ്യമാക്കണം.
8. പഴവർഗ്ഗകൃഷി പുഷ്പകൃഷി ഇവയെ [illegible] ഹിപ്പിക്കുവാൻ സമുചിതമായി പദ്ധതികൾ ആവിഷ്കരിക്കുക.
9. തെങ്ങുകൃഷിക്ക് പ്രോത്സാഹനം നൽകത്ത ക്കവിധം സബ്സിഡിയോടുകൂടിയ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കണം. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തൈയ്യും സബ്സിഡിയും നൽകുന്ന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം.
10. ആധുനിക കൃഷിരീതികളെക്കുറിച്ചും രാസവ ളങ്ങൾ, കീടനാശിനികൾ, ഇവയുടെ അമിത മായ ഉപയോഗങ്ങൾ മൂലമുള്ള ദൂഷ്യവശങ്ങ ൾ, മണ്ണുസംരക്ഷണം, മണ്ണുപരിശോധന, ചാണകവാതക പ്ലാന്റുകളുടെ നിർമ്മാണവും ഉപയോഗവും. ഇവയെക്കുറിച്ചൊക്കെ കൂടു തൽ ബോധവൽക്കരണപരിപാടി നടപ്പിലാ ക്കുക.
11. പാടശേഖരങ്ങളിൽ സൗകര്യപ്രദമായ സ്ഥല ങ്ങളിൽ പൊതുകുളങ്ങൾ സ്ഥാപിച്ചാൽ ജല സേചനം കൂടുതൽ ഫലപ്രദമായി നടത്താ വുന്നതാണ്.
12. ചീപ്പിൽ നിന്നും ജലം കൊണ്ടുപോകുന്ന ലീഡിംഗ് ചാനലുകൾ പുതിയവ സ്ഥാപിക്കു കയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്യണം.
13. കുരുമുളകു കൃഷിയുടെ രോഗനിവാരണത്തി നായി കൂടുതൽ ഫലപ്രദമായ നടപടികൾ ആവിഷ്ക്കരിക്കണം.
14. നെൽപാടങ്ങളിലെ തൊഴിൽകൂലി ഏകീകരി ക്കണം. കാർഷികമേഖലയിലെ തൊഴിലാളി കളുടെ ലഭ്യതക്കുറവ് നേരിടുവാൻ ഫലപ്രദ മായ നടപടികൾ സ്വീകരിക്കണം.
15. കൃഷിഭവൻ എല്ലാകർഷകർക്കും എത്തിച്ചേ രുവാൻ സൗകര്യപ്രദമായ പ്രഏതെങ്കിലും സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം.
16. കാർഷികവായ്പാ സൗകര്യങ്ങൾ മുൻനിറുത്തി പഞ്ചായത്തിൽ ദേശസാൽകൃത ബാങ്കി ന്റെയോ ഷെഡ്യൂൾഡ് ബാങ്കിന്റെയോ ഒരു ശാഖ സ്ഥാപിക്കണം.

സംക്ഷിപ്തമായി പറഞ്ഞാൽ കർഷകരുടെ കൂട്ടാ യയത്നവും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അക [illegible] സേവനവും അധികാരികളിൽ നിന്നുള്ള സഹകരണവും സർവ്വോപരി ഭരണകൂടത്തിന്റെ നിർ ലോഭമായ സാമ്പത്തികസഹായവും ഒന്നുചേർന്നാൽ മുത്തോലി പഞ്ചായത്തിനെ രാജ്യമെമ്പാടുമുള്ള കർ ഷകരുടെ മുമ്പിൽ ഒരു മാതൃകാഗ്രാമമായി ഉർത്താ നാവും. ആ നല്ല നാളേക്കായി നമുക്ക് പ്രത്യാശ യോടെ കാത്തിരിക്കാം.

2. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം

കാർഷിക ഗ്രാമമായ മുത്തോലിയിൽ, കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ

പാൽ ഉൽപ്പാദിപ്പിയ്ക്കുന്നതിനും വണ്ടിവലിയ്ക്കുന്നതിനും നിലം ഉഴവിനും മാത്രമായിരുന്നില്ല, കൃഷിയ്ക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസും കന്നുകാലികളായിരുന്നു. കാലിവളർത്തലും പാൽവിപണവും മുഖ്യതൊഴിലാക്കിയ ധാരാളം കുടുംബങ്ങൾ ഇന്നും മുത്തോലി പഞ്ചായത്തിൽ ഉണ്ട്.

പഴയ കാലങ്ങളിൽ നെൽകൃഷി വിളവെടുപ്പു കഴിഞ്ഞാൽ വിശാലമായ പാടശേഖരങ്ങളിലേയ്ക്കു കന്നുകാലികളെ മേയ്ക്കുന്നതിനായി അഴിച്ചുവിടുക സാധാരണമായിരുന്നു. എന്നാൽ ഇന്ന് ആ കാലം മാറി. കന്നുകാലികളെ തൊഴുത്തിനു പുറത്ത് ഇറക്കികെട്ടുവാൻപോലും സാധിയ്ക്കാതെ വിധം കുടുംബങ്ങളും കൃഷിയിടങ്ങളും വർദ്ധിച്ചു. ഇന്നത്തേപോലെ മതിലുകളോ വേലിക്കെട്ടുകളോ കൃഷിയോ ഉണ്ടായിരുന്നില്ലാത്ത പഴയകാലങ്ങളിൽ കന്നുകാലികളെ മേയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. പശുവിനെ വളർത്തുന്നതിന് ബുദ്ധിമുട്ടനുഭവിയ്ക്കുന്ന വേളകളിൽപോലും പശുക്കളെ വിൽക്കാതെ സാമ്പത്തികബുദ്ധിമുട്ടനുഭവിയ്ക്കുന്നവർപോലും പശുക്കളെ വളർത്താൻ ഏൽപ്പിക്കുന്ന ഒരു പതിവ് അടുത്തകാലം വരെ നിലനിന്നിരുന്നു. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന പശുവിന്റെ ആദ്യ പ്രസവത്തിലെ കുട്ടി വളർത്തുകാരന്റെതാകും. രണ്ടാം പ്രസവം നടന്നാലുടൻ പശുവിനേയും കുട്ടയേയും ഉടമയെ തിരികെ ഏൽപ്പിച്ചുകൊള്ളണം.

പാടങ്ങളിൽ വേനൽകാല കൃഷികളും മറ്റും ആരംഭിച്ചതോടെ കന്നുകാലികളെ അഴിച്ചുവിട്ടു മേയ്ക്കുന്ന സമ്പ്രദായം പാടെ മാറി. അഴിച്ചു വിടുന്ന കന്നുകാലികളെ പിടിച്ചു പഞ്ചായത്തു വക പൗണ്ടിൽ കെട്ടി ഉടമയോടുപിഴ ഈടാക്കുന്ന രീതി വരികയും കന്നുകാലികളെ പിടിച്ചു കെട്ടി വളർത്തുന്നരീതി തുടങ്ങുകയും ചെയ്തു. മുത്തോലി പഞ്ചായത്തിൽ വളർത്തുന്ന പ്രധാനമൃഗങ്ങൾ പശു, എരുമ, കാള, പന്നി, ആട് എന്നിവയാണ്. ആധുനിക കൃഷി ഉപകരണങ്ങൾ സുലഭമായതോടെ കാളകളെ വളർത്തുന്നതിന്റെ ആവശ്യകതയുമില്ലാതെയായി. പശുക്കൾക്കു കൃത്രിമബീജസങ്കലനത്തിന് സൗകര്യങ്ങൾ വർദ്ധിച്ചതും കാളകൾ അന്യം നിന്നു വരുന്നതിനും കാരണമായി.

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന വെറ്ററിനറി ഡിസ്പൻസറിയും അതിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന ഒരു ഐ.സി.ഡി.പി. സബ്സെന്ററുമാണ്. മുത്തോലിപഞ്ചായത്തിന്റെ ഏറെകാലത്തെ ആവശ്യമായ ഗവ. വെറ്ററിനറിഡിസ്പൻസറി അടുത്തകാലത്തു തുറന്നു പ്രവർത്തനം ആരംഭിച്ചുവെങ്കിലും സൗകര്യപ്രദമായ ഒരു സ്ഥലവും കെട്ടിടവും മറ്റുപകരണങ്ങളും ആയിട്ടില്ല. വളർത്തുമൃഗങ്ങൾക്കു പകർച്ച വ്യാധികൾ ഒന്നുംതന്നെ പിടിപെട്ടിട്ടില്ല. എങ്കിലും ദഹനസംബന്ധമായവ, ശ്വാസകോശസംബന്ധമായവ, ഉപാപചയസംബന്ധമായവ, തൊക്ക് രോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം, പരാദരോഗങ്ങൾ, പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട വന്ധ്യത, അകിടുവീക്കം, മുടന്തൻപനി എന്നീ രോഗങ്ങൾ കണ്ടുവരുന്നുണ്ട്.

1995-96 കാലയളവിൽ പേ വിഷബാധയ്ക്കെതിരെ 225 പട്ടികൾക്കു പ്രതിരോധകുത്തിവയ്പുനൽകി. കടിയേറ്റതിനുശേഷം ഒന്നിനേയും കുത്തിവയ്പു നടത്തിയിട്ടില്ല. 95-96 ൽ 601 പശു, 137 കിടാരി, 82 എരുമ, എന്നിവയ്ക്കു കൃത്രിമ ബീജസങ്കലനം നൽകിയിട്ടുണ്ട്. ഇവയിൽ 58 പശുക്കൾ 40 കീടാരി, എരുമ എന്നിവയ്ക്കു രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നിട്ടുണ്ട്.

ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങളും സാധ്യതകളും

1. സൗകര്യങ്ങളും ആവശ്യത്തിനു സ്റ്റാഫും ഉള്ള ഒരു മൃഗാശുപത്രി സ്ഥാപിക്കണം.
2. ഫാൽ, സ്റ്റെറിലൈസർ, ക്ലിനിക്കൽ ലബോറട്ടറി, എക്സ്-റേ യൂണിറ്റ്, ലൈബ്രറി മുതലായ

പട്ടിക വളർത്തുമൃഗസംഖ്യ

കാളനാടൻ		കാളസങ്കരം		പശുനാടൻ		പശുസങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആകെ
വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്ത	കറവ ഉള്ളത്	കറവ ഇല്ലാത്ത	കറവ ഉള്ളത്	കറവ ഇല്ലാത്ത				
1	2	3	4	5	6	7	8	9	10	11	12	13	14
	27	2	160	35	20	1442	1008	82	61	20	1850	1050	2

പട്ടിക വളർത്തുപക്ഷിസംഖ്യ

പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6
4080	14517	6780	120	240	88

മുത്തോലി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം
No. K. 44 (D) Apcos മുത്തോലി

വർഷം	ആകെ ശേഖരിച്ച പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്ന പാൽ	പുറത്തേയ്ക്ക് അയയ്ക്കുന്നത് (ഡയറി) ലിറ്റർ
1993-94	51093.4	7638.2	43455.2
1994-95	47640.5	10000.1	37640.4
1995-96	26309.2	9267.0	17042.2

എല്ലാവിധ സൗകര്യങ്ങളും ഉള്ള മൃഗാശുപത്രി പഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥാപിക്കുക.

3. മൃഗാശുപത്രിയുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ മൃഗാശുപത്രിയിൽ ടെലിഫോൺ ഏർപ്പെടുത്തുക.

4. കർഷകർക്ക് പ്രയോജനപ്പെടുംവിധം മൃഗാശുപത്രിക്ക് വാഹനസൗകര്യം ഏർപ്പെടുത്തുക.

5. പശുവളർത്തൽ, ആടുവളർത്തൽ, ആധുനികസൗകര്യങ്ങളുള്ള പന്നിവളർത്തൽ മുതലായ പദ്ധതിക്ക് ഊന്നൽ നൽകുക.

6. പഞ്ചായത്തിലെ എല്ലാ വീട്ടുകാർക്കും സബ്സിഡി നിരക്കിൽ മുട്ടക്കോഴികളെ വിതരണം ചെയ്യുക. അങ്ങനെ മുട്ട ഉല്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുക.

7. മൂരിക്കിടാങ്ങളെ ഇറച്ചിക്കുവേണ്ടി വളർത്തുന്നതിനുള്ള സഹായം നൽകുക.

8. ഇറച്ചിക്കോഴികളെ വളർത്തുന്നതിനുള്ള സഹായം നൽകി കർഷകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9. മാംസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനു ആധുനിക രീതിയിൽ അറവുശാലകൾ സ്ഥാപിക്കുക.

10. മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കുക.

11. പേപ്പട്ടിശല്യം ഒഴിവാക്കുന്നതിനു വേണ്ടി അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും പ്രതിരോധ കുത്തിവയ്പ്പുകൾ വ്യാപകമാക്കുകയും പട്ടികൾക്ക് ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും ചെയ്യുക.

12. മൃഗ(സംരക്ഷണ) ഉല്പന്നങ്ങളായ പാൽ, മുട്ട, മാംസമുതലായവ വാങ്ങുന്നതിനും വിൽക്കുന്നതിനും പഞ്ചായത്തുതലത്തിൽ വിവിധഭാഗങ്ങളിൽ ഫ്രീസർ സൗകര്യത്തോടുകൂടിയ സംഘങ്ങൾ രൂപീകരിക്കുക.

13. നല്ലയിനം മൃഗങ്ങളെ ലഭിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

14. നല്ലയിനം പുൽവിത്തുകൾ യഥാസമയം കർഷകർക്ക് എത്തിച്ചു കൊടുക്കണം.

15. പോഷക പ്രധാനമായ കാലിത്തീറ്റ ന്യായവിലയ്ക്കു കർഷകന് ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.

16. ക്ഷീരോൽപന്നങ്ങളുടെയും മറ്റും വിപണനത്തിനു സൗകര്യം ഉണ്ടാക്കണം.

17. കന്നുകാലികളെ വളർത്തുന്നവർക്കു ഗ്യാസ് പ്ലാന്റ് ഉണ്ടാക്കുന്നതിനു സഹായധനം നൽകുക.

ക്ഷീരവികസന രംഗത്ത് ഒട്ടേറെ ഗ്രമങ്ങൾ കാര്യമായി നടന്നിട്ടുണ്ട്. മുത്തോലി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത രണ്ടു ക്ഷീരോദ്പാദക സംഘങ്ങൾ ആണുള്ളത്. ഇവയുടെ എല്ലാം കൂടി ശരാശരി പ്രതിമാസ സംഭരണം 150 ലിറ്റർ മാത്രമാണ്. അതിൽ 50 ലിറ്റർ മിൽമയ്ക്കു കയറ്റി വിടുന്നു. അതുകൊണ്ട് മാത്രം നമ്മുടെ പഞ്ചായത്ത് പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തമാണ് എന്നു കരുതേണ്ടതില്ല. കേരളത്തിലെ പാലിന്റെ ആളോഹരി പ്രതിദിന ലഭ്യത 195 ഗ്രാമാണ്. ഈ കണക്ക് എല്ലാ വിഭാഗം ആളുകളെ സംബന്ധിച്ചും ശരാശരിയായിരിക്കണമെന്നില്ല. കാരണം പാൽ ഉല്പാദിപ്പിക്കുന്ന കർഷകരേക്കാൾ പാലുപയോഗിക്കുന്നത് പാലുദ്പാദിപ്പിക്കാത്ത മറ്റു വിഭാഗങ്ങളാണ്. ഇക്കാര്യത്തിൽ ഒരു സന്തുലിതാവസ്ഥ കൈവരിക്കാനായിട്ടില്ല. ആളുകളുടെ ക്രയശക്തി ഇല്ലായ്മയും ഉപഭോഗശീലങ്ങളിലെ അന്തരവും ഇതിനു കാരണമാകാം ബുദ്ധിയും ആരോഗ്യവുമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിൽ പാലിനും പാലുദ്പന്നങ്ങൾക്കും ഉള്ളതുപോലെ പ്രയോജന പ്രദമായ മറ്റൊരു ഭക്ഷ്യവസ്തു ഇല്ല എന്ന പാലിന്റെ സന്ദേശം ജനങ്ങളിലെത്തണം.

നമ്മുടെ സമ്പദ്വ്യവസ്ഥയിൽ മൃഗസംരക്ഷണ മേഖലയുടെ വിഹിതം 11 ശതമാനമാണ് എങ്കിലും ഈ മേഖലയിൽ ചെലവാക്കുന്നത് വെറും 1.33 ശതമാനമാണ്. അവശേഷിക്കുന്ന ക്ഷീരകർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തുന്നതോടൊപ്പം കൂടുതൽ പുരോഗമനകർഷകരെ ആകർഷിക്കാനുതുകുന്ന പദ്ധതികൾ നപ്പാക്കിയില്ലെങ്കിൽ മറ്റു പല ഉപഭോഗ വസ്തുക്കളുടേയും കാര്യത്തിലെന്നപോലെ പാലിനും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തും സംജാതമാകാനിടയുണ്ട്.

പാലുൽപാദനരംഗത്തെ പ്രശ്നങ്ങൾ:-

1. പച്ചപ്പുല്ല്. വയ്ക്കോൽ ഇവയുടെ ലഭ്യതകുറവ്
2. കാലിത്തീറ്റയുടെ ഭീമമായ വിലവർദ്ധനവ്.
3. പാലുൽപാദകസംഘങ്ങളുടെ കുറവ്
4. പശുവളർത്തലിന് ധനസഹായം ലഭ്യമല്ല.
5. ക്ഷീരവികസന യൂണിറ്റിന്റെ അഭാവം.
6. പാലിന്റെ വില ലാഭകരമല്ല.
7. പാലിന്റെ ഉപഭോഗം ഇന്നും ആവശ്യമായ അളവിൽ നിന്നും വളരെ കുറവാണ്.

സാധ്യതകൾ

1. തീവ്രപച്ചപുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുക.
2. സംഘങ്ങൾ വഴി സബ്സീഡിനിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക.
3. കൂടുതൽ പാലുൽപാദക സംഘങ്ങൾ ആരംഭിക്കുക.
4. പശുവളർത്തലിന് ബാങ്ക് ധനസഹായം ലഭ്യമാക്കുക.
5. പഞ്ചായത്തുതലത്തിൽ ക്ഷീരവികസന യൂണിറ്റ് ആരംഭിക്കുക.
6. വേനൽകാല ഉപയോഗത്തിന് വയ്ക്കോൽ സംഭരിച്ച് ന്യായമായ വിലയ്ക്കു ക്ഷീരോൽപാദകർക്കു വില്ക്കുന്നതിനുള്ള സൗകര്യം ക്ഷീരസംഘങ്ങൾ വഴി നടപ്പിലാക്കുക.
7. അത്യുൽപ്പാദനശേഷിയുള്ള പുല്ലിനങ്ങൾ കൃഷിചെയ്ത് ക്ഷീരസംഘങ്ങൾ വഴി വിറ്റഴിക്കുന്നതിനു സൗകര്യം ഉണ്ടാക്കുക.
8. കുട്ടികളുടെ ആരോഗ്യപോഷണം അത്യാവശ്യമായി കണക്കിലെടുത്തു അംഗൻവാടി മുതൽ സ്കൂൾതലം വരെ പ്രതിദിനം ഒരു ഗ്ലാസ്സ്പാൽ എങ്കിലും സ്കൂൾ വഴി കുട്ടികൾക്കു വിതരണം ചെയ്യുക.
9. പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക.
10. മെച്ചപ്പെട്ട ജനുസ്സുള്ള കാളകളും ബീജം ഉപയോഗിച്ചു കൃത്രിമ ബീജധാനസൗകര്യം ഏർപ്പെടുത്തുക.
11. പശുക്കുട്ടികളുടെ ആരോഗ്യപരിപാലനം നടത്തുന്നതിന് ക്ഷീരസംഘങ്ങൾ മുൻകൈ എടുക്കുക.
12. ക്ഷീരകർഷകർക്കു പെൻഷൻ പദ്ധതി നടപ്പിലാക്കുക
13. കർഷകർക്കു മാതൃകാകാലി തൊഴുത്തിനുള്ള ധനസഹായം നൽകുക. നിലവിൽ 15% പേർക്കു മാത്രമേ തൊഴുത്തുകൾ ഉള്ളു.
14. ദീർഘകാല - ഹ്രസ്വകാല പുൽവിള വിത്തിനങ്ങൾ വിതരണം ചെയ്യുകയും൦ഒ വളം സബ്സീഡി, പമ്പുസെറ്റ് ഇവ നൽകുകയും ചെയ്യുക.
15. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ആരംഭിക്കുക.
16. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മാതൃകാ ഡയറിഫാം യൂണിറ്റുകൾ സ്ഥാപിക്കുക.
17. കന്നുകാലി ഇൻഷുറൻസ് പദ്ധതിയിൽ പങ്കാളികളാക്കുക
18. ക്ഷീരസഹകരണസംഘങ്ങൾ വഴി കാലിത്തീറ്റ റേഷൻ സമ്പ്രദായം നടപ്പിലാക്കുക
19. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ക്ഷീരകർഷകരെ പങ്കെടുപ്പിക്കുകയും (നിർബന്ധമായും) ചെയ്യുക.

8-ാം പഞ്ചവൽസര പദ്ധതികാലത്ത് ക്ഷീര വികസനവകുപ്പ് മുത്തോലി പഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷീരവികസന പ്രവർത്തനങ്ങൾ.

1. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം രൂപ. 14400/-
2. മോഡൽഡയറി ഫാം യൂണിറ്റ് 7000/-
3. മാതൃകാ കാലിതൊഴുത്തു നിർമ്മാണം 500/-
4. വിജ്ഞാനവ്യാപന പ്രവർത്തനം 1200/-
5. കാലിപ്രദർശന മത്സരം 900/-
6. പുൽകൃഷി വികസനം 38000/-
7. ഹരിജനങ്ങൾക്കുള്ള കറവപശു വിതരണം 3,19,000/-
8. ക്ഷീരോൽപാദന നിർമ്മാണ യൂണിറ്റ് 22,000/-

പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടാറുണ്ട്. അലഞ്ഞു തിരിഞ്ഞ് നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതിന് പ്രാദേശികമായി പട്ടിപിടുത്തക്കാരെ കിട്ടന്നില്ലാത്തതിനാൽ ഈ പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാനാവുന്നില്ല. തങ്ങളുടെ പട്ടികളെ അലഞ്ഞുതിരിയാതെ പിടിച്ചു പൂട്ടിയിടുന്നതിനും പേവിഷബാധയ്ക്കെതിരേ കുത്തിവയ്പുകൾ യഥാസമയങ്ങളിൽ നടത്തുകയും ചെയ്താൽ ഇതിന് പരിഹാരമാകും. അതിന് എല്ലാവരുടേയും സഹകരണം കൂടിയേതീരൂ.

4. ഗതാഗതം-ഊർജ്ജം

മുത്തോലി പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട ഒരുറോഡു ശൃംഖല ഉണ്ട്. നാടിന്റെ വികസനത്തിൽ ഗതാഗത സൗകര്യങ്ങളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. മീനച്ചിൽ താലൂക്കിൽ ഉള്ളവർ ചരക്കുകൾ കൊണ്ടുവരികയും കൊണ്ടു പോവുകയും ചെയ്തിരുന്നത് മീനച്ചിലാറ്റിൽ കൂടി കെട്ടു വള്ളങ്ങളിലായിരുന്നു. തേങ്ങയും തടിയും ചങ്ങാടങ്ങളാക്കി പടിഞ്ഞാറൻ പ്രദേശങ്ങളിലേക്കു കൊണ്ടു പോകുമായിരുന്നു. ഈ വിധത്തിൽ ആലപ്പുഴയുമായി ഇന്നാട്ടുകാർക്ക് നേരിട്ടു വ്യാപാരബന്ധമുണ്ടായിരുന്നു.

അതിരമ്പുഴ പാലാ റോഡിന്റെ ഉത്ഭവത്തോടുകൂടി വാഹനഗതാഗതമുണ്ടാകുകയും കാളവണ്ടി മോട്ടോർ വാഹനങ്ങൾ എന്നിവ യാത്രയ്ക്കും ചരക്കുഗതാഗതത്തിനും ഉപയോഗിക്കുവാനും തുടങ്ങി. ഇതോടെ ആറ്റിലൂടെയുള്ള ജലഗതാഗതം കുറയുകയും ക്രമേണ നിലയ്ക്കുകയും ചെയ്തു. പിന്നീടു പുലിയന്നൂർ-കൊടുങ്ങൂർ റോഡ് ഉണ്ടായി തുടർന്നു നാട്ടുകാരുടെ ശ്രമഫലമായി മുത്തോലി പാലാ റോഡ് ഉണ്ടാക്കി. മുത്തോലി പഞ്ചായത്തു പ്രദേശത്തെ 3-ാമത്തെ പൊതുമരാമത്തു വകുപ്പു റോഡാണ് ഇത്. മുത്തോലി പൂവരണി റോഡ് പിന്നീട് P.W.D. ഏറ്റെടുത്തു. 1979-നു ശേഷം അന്ന് വില്ലേജ് റോഡുകളായിരുന്നു മുത്തോലി-ചേർപ്പുങ്കൽ, മുത്തോലി-കൊഴുവനാൽ, തെക്കുംമുറി-ആണ്ടൂർ, പാലാ പന്ത്രണ്ടാം മൈൽ-പന്തത്തല, പന്തത്തല-മേവിട എന്നീ റോഡുകൾ PWD ഏറ്റെടുത്തു ടീറിംഗ് നടത്തി. അടുത്തകാലത്ത് പാളയം-തിരുവേലിക്കൽ റോഡ് നിർമ്മിച്ച് PWD ടാർ ചെയ്ത് മനോഹരമായി ഒരു റോഡ് നിർമ്മിച്ചു. ഇതുകൂടാതെ ഈ അടുത്തകാലത്തായി മുത്തോലി പഞ്ചായത്തു പ്രദേശത്തുള്ള ഏതാനും റോഡുകൾ പൂർണ്ണമായിട്ടോ ഭാഗികമായിട്ടോ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽനിന്നും ആയി ടാർ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ഇവയിൽ പലതും അറ്റകുറ്റപണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്.

പട്ടിക P.W.D. റോഡ്

നം	റോഡ്	ദൂരം. കി.മി	ബസ്സ്യാത്രാസൗകര്യം
1.	അതിരമ്പുഴ-പാലാ (ചകിണിത്തോട് മുതൽ പുലിയന്നൂർ കോട്ടപ്പാലം വരെ)	3	ഉണ്ട്
2.	പുലിയന്നൂർ-കൊടുങ്ങൂർ പുലിയന്നൂർ മുതൽ മക്കുതറപാലം വരെ	3	ഉണ്ട്
3.	തെക്കുംമുറി-ആണ്ടൂർ	6	ഉണ്ട്
4.	മുത്തോലി-ചേർപ്പുങ്കൽ	3	ഉണ്ട്
5.	മുത്തോലി-കൊഴുവനാൽ	4	ഇല്ല
6.	പാലാ 12th Mile-പന്തത്തല	3	ഇല്ല
7.	പന്തത്തല - മേവിട	2	ഇല്ല
8.	പാളയം - തിരുവേലിയ്ക്കൽ	3	ഇല്ല
9.	മുത്തോലി - കുമ്പാനി	5	ഇല്ല

മുകളിൽ സൂചിപ്പിച്ച പട്ടിക അനുസരിച്ച് മുത്തോലി പഞ്ചായത്തിൽ 32 കി.മി. ദൈർഘ്യത്തിൽ PWD റോഡുകൾ ഉണ്ട്. 85 കി.മീ. ദൈർഘ്യത്തിൽ പഞ്ചായത്തു റോഡുകൾ ഉണ്ട്. ഇവിടത്തെ റോഡുഗതാഗതത്തിന് ജനജീവിതത്തിനും കൂടുതൽ പുരോഗതി കൈവരിയ്ക്കുന്നതിന് മീനച്ചിലാറ്റിലുള്ള മുത്തോലി പാലം, മീനച്ചിൽ തോട്ടിലുള്ള പുളിയ്ക്കൽ പാലം, കുമ്പാനിപാലം, തേവർമറ്റം പാലം എന്നിവയുടെ നിർമ്മാണം കാരണമാക്കിയിട്ടുണ്ട്. ഈ റോഡുകളുടെയും പാലങ്ങളുടേയും സംരക്ഷണം ശ്രമകരമായ ഒരു പ്രശ്നമാണ്.

മീനച്ചിൽ ആറിനു കുറുകെയുള്ള മുത്തോലി പാലം ബലക്ഷയത്തിലാണ്. പാലത്തിന്റെ വടക്കേ കരയിൽ സ്ഥാപിച്ചിട്ടുള്ളത തൂണിന്റെ അടിഭാഗം മണ്ണ് ഇടിഞ്ഞ് പൊയ്ക്കൊണ്ടിരിയ്ക്കുന്നു. എത്രയും വേഗം ആ ഭാഗത്ത് സംരക്ഷണഭിത്തി കെട്ടി സുരക്ഷിതമാക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ പാലത്തിന്റെ തൂണുകൾക്ക് ചുറ്റി കരിങ്കല്ല്

അടുക്കി തൂണുകൾക്ക് ബലം കൊടുക്കേണ്ടതായിട്ടുണ്ട്. പുളിയ്ക്കൽ പാലത്തിന്റെ കാര്യവും ഇതിലൊട്ടും മോശമല്ല. മുത്തോലി പാലത്തിന്റെ താഴെ ഇൻഡ്യാർ ഭാഗത്ത് ഒരു റെഗുലേറ്റർ സ്ഥാപിയ്ക്കുന്ന പക്ഷം ജലം തടയുന്നതിനും സാദ്ധ്യതയുണ്ട്.

പല പഞ്ചായത്തു റോഡുകൾക്കും വീതികുറവുള്ളതിനാൽ സുഗമമായ വാഹന ഗതാഗതത്തിന് തടസം സൃഷ്ടിക്കുന്നുണ്ട്. അതുപോലെ തന്നെ കുമ്പാനിപ്പാലം, പുളിയ്ക്കൽപാലം ഇവയുടെ വീതി കൂട്ടുവാനുള്ള നടപടി സ്വീകരിക്കണം. റോഡുകളുടെ വീതി കൂട്ടി ടാർ ചെയ്യണം. കൂടുതൽ പുതിയ റോഡുകൾ പലഭാഗങ്ങളിലിലും ആവശ്യമായിട്ടുണ്ട്. അതാതു പ്രദേശത്തെ ജനങ്ങൾ സംഘടിച്ച് അത്തരം റോഡുകൾ വെട്ടിത്തുറന്ന് പഞ്ചായത്തിനു കൈമാറുവാനുള്ള ശ്രമങ്ങൾ തുടങ്ങണം. മുത്തോലി-പൂവരണി റോഡിൽ മീനച്ചിൽപള്ളി മുതൽ കുമ്പാനിവരെ ഉള്ള ഭാഗത്തിന്റെ പുനരുദ്ധാനവേലകൾ പൊതുമരാമത്തു വകുപ്പ് തുക അനുവദിച്ചു ടെന്റർ വിളിച്ചു എങ്കിലും ഇതുവരെ പണികൾ തുടങ്ങുന്നതിനു കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിലെ പല പ്രധാന റോഡുകളിൽകൂടിയും ബസ് സർവീസ് ഇല്ലാത്തത് ഗതാഗത സൗകര്യങ്ങൾക്കുള്ള ഒരു ന്യൂനതയാണ്. പുലിയന്നൂർ-വള്ളീച്ചിറ റോഡ് വീതികൂട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കിയെങ്കിലും അതുവഴി ബസ് സർവ്വീസ് ഇനിയും ആരംഭിച്ചിട്ടില്ല. പാലാ-വയ്ക്കം റൂട്ടിൽ ഓടുന്ന ബസുകളിൽ ചിലത് കൊട്ടാരമറ്റം-മരിയൻ മെഡിയ്ക്കൽ സെന്റർ പുലിയന്നൂർ ക്ഷേത്രം വഴി സർവ്വീസ് നടത്തുന്നതാകയാൽ ബസുടമകൾക്ക് ലാഭകരമാണ് അതോടൊപ്പം ഈ പ്രദേശത്തെ യാത്രാസൗകര്യം വർദ്ധിപ്പിയ്ക്കുവാനും സാധിക്കും.

പഞ്ചായത്തു പ്രദേശത്ത് ഇൻഡ്യാർ ഭാഗത്ത് ചെക്കുഡാം നിർമ്മിയ്ക്കുന്ന പക്ഷം ഇരുകരകളിലേയ്ക്കുമുള്ള ഒരു നടപ്പാതയായി ഉപയോഗിയ്ക്കുവാനും അതോടൊപ്പം നിലവിലുള്ള കടത്തുവള്ളം ഒഴിവാക്കുന്നതിനും സാധിയ്ക്കും. വളരെയധികം യാത്രാ പ്രാധാന്യമുള്ള അരുണാപുരം-വെള്ളിയേപ്പള്ളി റോഡിൽ പാലക്കയം ഭാഗത്തു ഒരു പാലം നിർമ്മിയ്ക്കേണ്ടത് വളരെ അത്യാവശ്യമാണ്. പാലം പൂർത്തീകരിച്ചുകിട്ടിയാൽ വെള്ളിയേപ്പള്ളി, മീനച്ചിൽ, ഇടയാർ, പന്തത്തല, മേവിട എന്നീ കരകളിലെ ജനങ്ങൾക്ക് ഏറ്റവും എളുപ്പമാർഗ്ഗത്തിൽ അരുണാപുരം പ്രദേശത്തു സ്ഥിതിചെയ്യുന്ന അൽഫോൻസാ കോളേജ്, സെന്റ് തോമസ് കോളേജ്, വിവിധ പാരലൽ കോളേജുകൾ, മരിയൻ മെഡിയ്ക്കൽ സെന്റർ, പുലിയന്നൂർ ക്ഷേത്രം എന്നിവടങ്ങളിലേയ്ക്കു എത്തിച്ചേരുന്നതിനുള്ള എളുപ്പമാർഗ്ഗമാണ്.

റോഡുകളുടെ ദൂരം

പഞ്ചായത്തു റോഡുകൾ		P.W.D. റോഡ്	ഇടവഴിയിൽ
ടാർ ചെയ്തത്	ടാർ ചെയ്യേണ്ടത്	K.m.	K.m.
20	45	32	40 Km.

മുത്തോലി പഞ്ചായത്തിലെ യാത്രാ പ്രാധാന്യമുള്ള അനവധി ഇടവഴികൾ വീതികൂട്ടി ടാർചെയ്തു സഞ്ചാരയോഗ്യമാക്കി തീർക്കേണ്ടതുണ്ട്. ജനപങ്കാളിത്തം ഇതിനത്യന്താപേക്ഷിതമാണ്.

വിവിധ വാർഡുകളിൽ വികസന മേഖലകൾ ആവശ്യമായിട്ടുള്ള റോഡുകൾ


നം	വാർഡ്	റോഡിന്റെ പേര്	ദൂരം
1	2	3	4
1.	I	നയ്യൂർ-തെക്കുംമുറി റോഡ്	2
2.	"	നെയ്യൂർ-മേടയ്ക്കൽ	2
3.	"	ഇരട്ടയാനി-ഒരപ്പാങ്കൽ	2
4.	"	കോയിപ്പുറം-നാഗനൂലിൽ	1
5.	"	ഇരുത്തിക്കുഴി-കെഴുവങ്കുളം	3
6.	"	നിരപ്പേൽ-ഐക്കരകടവ്	1
7.	II	ഓലിയ്ക്കൽ ഇടത്തേട്ടുകാവ് വാഴേട്ടു	
8.	"	പന്തത്തല-പാറേൽ സ്കൂൾ	2
9.		കുന്നത്താഴെ-മാമ്പുഴയ്ക്കൽ	
10.		മുത്തോലിപള്ളി-താണോലിൽ Via തൊടുകയിൽ	2
11.	III	ഇലവനാമണ്ഡപം-കുറ്റിയില്ലം	2
12.		കുറ്റിയില്ലം-കണ്ടത്തിപീടിക	3
13.		വെള്ളിയേപ്പള്ളി-മീനച്ചിൽ	2
14.		എലവനാമണ്ഡപം-ഇടയാർ	3
15.		മീനച്ചിൽപള്ളി-കൊടുങ്ങൂർകാവ്	2
16.		കപ്പലുമാക്കൽ-തറപ്പുറോഡ്	2
17.		എലവനാമണ്ഡപം-തെങ്ങുംതോട്ടം	2
18.		ഇടയാറ്റമ്പലം-മറ്റത്തിൽ	
19.		പടിഞ്ഞാറെമുറി-കുളത്തുകുന്ന്	1
20.	IV	വിലങ്ങച്ചേരി-12th മൈൽ	1
21.		മാളിയേയ്ക്കൽ-കൊച്ചുകുന്ന്	.5

ഗ്രാമസഭയിൽ എത്തിയ ജനങ്ങൾ ആവശ്യപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വോൾട്ടതാക്ഷാമം പരിഹരിക്കുക. (ഈ നിർദ്ദേശവുമായി അഞ്ചു വാർഡുകൾ എത്തി)
2. സ്ട്രീറ്റ് ലൈറ്റുകൾ കാര്യക്ഷമമല്ലെന്ന് ഒൻപതു വാർഡുകളും പറഞ്ഞു.
3. ഒന്ന്, എട്ട്, നാല് വാർഡുകളിലെ കോളനിക്കുള്ളിൽ പൊതു ബൾബ് ആവശ്യപ്പെട്ടു.
4. പുതിയ കണക്ഷന് സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്ന് വിവിധ വാർഡുകളിൽ നിന്നും നിർദ്ദേശമുണ്ടായി.
5. നിത്യതൊഴിലാളികളായ സ്ത്രീകൾ ജോലികഴിഞ്ഞു വരുമ്പോൾ വളിവിളക്കില്ലാത്തതിന്റെ പേരിൽ ഓട്ടോറിക്ഷ പിടിക്കേണ്ടി വരുന്നു എന്നു പരാതിപ്പെട്ടു. ഈ ഇനത്തിൽ ദിവസം ശരാശരി Rs.200 മേൽ ചിലവാകുന്ന കോളനി 1-ാം വാർഡിന്റെ പാലാ കൊടുങ്ങൂർ റോഡിൽ മുത്തോലി സ്കൂളിന്റെ അപ്പുറത്ത് വെളിച്ചമില്ലാത്തതുകൊണ്ട് രാത്രിയാത്ര ദുഷ്ക്കരമാണ്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ സ്ട്രീറ്റ്ലൈറ്റിന്റെ അഭാവം ബുദ്ധിമുട്ടുണ്ടാക്കുന്നു. എന്ന് ഇതരവാർഡുകാരും പരാതിപ്പെട്ടു. തെക്കും മുറി കോളനിയുടെ ഉള്ളിലുള്ള പോസ്റ്റിൽ ബൾബ് ഇടേണ്ടത് കോളനിക്കാരുടെ രക്ഷക്ക് അത്യാവശ്യമാണെന്ന് പഞ്ചായത്തു കമ്മറ്റി നേരിട്ടു ബോദ്ധ്യപ്പെടുകയുണ്ടായി.
6. നിലവിലുള്ള ലൈൻ സ്ഥാപിച്ച് കൂടുതൽ കുടുംബങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന് 3-ാം വാർഡുകാർ പരാതിപ്പെട്ടു.
7. വൈദ്യുത ലൈനുകളിൽ വൃക്ഷശിഖരങ്ങൾ തട്ടി നില്ക്കുന്നതായി പരാതിപ്പെട്ടു.
8. കൃഷിക്കാർക്ക് 69 ഫേസ് ലൈൻ.
9. പാചകവാതകക്ഷാമം പരിഹരിക്കാൻ ആവശ്യപ്പെട്ടു.

സാധ്യതകളും നിർദ്ദേശങ്ങളും

1. വൈദ്യുതിലഭിക്കാൻ സാധ്യതയില്ലാത്ത ഇടങ്ങളിൽ സൗരോർജ്ജ വിളക്കുകൾ പ്രായോഗികമാക്കുക. ഇതിനു സബ്സിഡിയും മറ്റാനുകൂല്യങ്ങളും ലഭിക്കാനുള്ള സാഹചര്യം ഒരുക്കുക.
2. വോൾട്ടത വർദ്ധിപ്പിക്കാനുള്ള സാങ്കേതികവശങ്ങൾ വിശകലനം ചെയ്ത് പ്രോജക്ട് രൂപീകരിച്ച് പ്രാവർത്തികമാക്കുക.
3. വൈദ്യുതി ഉപയോഗത്തിലെ അനാസ്ഥയും പരിധിവിട്ട ആർഭാടത്തിനായി വൈദ്യുതി ഉപയോഗിക്കുന്നതു തടയുക.
3. പുതിയ കണക്ഷൻ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, ലൈൻമാറ്റി സ്ഥാപിക്കൽ, പരാതിയോട് ആരോഗ്യകര പ്രതികരിയ്ക്കൽ, തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുന്നതിനായി അതാതു സെക്ഷൻ ആഫീസിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തികൊണ്ട് ഒരു പ്രവർത്തക സമിതി രൂപീകരിക്കുക.
4. പഞ്ചായത്തിൽ നിന്ന് ഗുണമെൻമയുള്ള ബൾബുകൾ വഴിവിളക്കുകൾക്കായി വാങ്ങിക്കൊടുക്കുകയും ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രം ചാർജ്ജ് എന്നത്. ഏറെ പ്രാധാന്യത്തോടെ ചിന്തിക്കുകയും ചെയ്യുക.
5. പാചകവാതകക്ഷാമം പരിഹരിക്കാനായി നിലവിലുള്ള ഇൻഡ്യൻ ഓയിലിന്റെ ഒപ്പം ഭാരത് പെട്രോളിയത്തിന്റെ ഒരു ശാഖ തുടങ്ങാൻ ശ്രമിക്കുന്നത് ഉചിതമാണ്.
6. കാലിവളർത്തൽ സൗകര്യമുള്ള എല്ലാ വീടുകളിലും ഗ്യാസ് പ്ലാന്റുകൾ നിർമ്മക്കാൻ ഇന്നുള്ളതിൽ കൂടിയ സബ്സിഡിയോടെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. റബ്ബർഷീറ്റടിക്കുന്ന വെയിസ്റ്റും കമ്പോളത്തെ ആസിഡുകലർന്ന വെള്ളവും ഉപയോഗിക്കാൻ നിർദ്ദേശിക്കാം.
7. വിറകുപയോഗിക്കുമ്പോൾ ഇന്ധനച്ചിലവു കുറയ്ക്കാൻ ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കാൻ തീവ്രശ്രമം ആരംഭിക്കണം. കച്ചിപ്പെട്ടിയും പ്രഷർകുക്കറും പ്രോത്സാഹിപ്പിക്കാവുന്നതാണ്.
8. ഒരു മരം മുറിയ്ക്കുമ്പോൾ മറ്റൊന്ന് എന്ന ക്രമത്തിൽ എങ്കിലും വൃക്ഷങ്ങൾ പിടിപ്പിക്കാൻ ശ്രമിക്കണം.



ROAD & WARD MAP OF MUTHOLY PANCHAYATH.

കുറിപ്പ്:- ഈ മാപ്പിൽ എല്ലാ റോഡുകളും ഉൾപ്പെട്ടിട്ടില്ല.

5. പാർപ്പിടവും സാമൂഹ്യക്ഷേമവും

മുത്തോലി പഞ്ചായത്ത് കിടങ്ങൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിലാണെങ്കിലും പ്രധാനമായും സർക്കാർ ഭവനനിർമ്മാണപദ്ധതികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഈ രംഗത്ത് വളരെയൊന്നും മുന്നേറാൻ നമുക്കു കഴിഞ്ഞിട്ടില്ല. ദുർബലവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നത്തിന് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ടിയിരിക്കുന്നു.

ആറ്, തോട്, റോഡ് എന്നിവയാൽ സംപുഷ്ടമാണ് ഈ പഞ്ചായത്ത്. അക്കാരണംകൊണ്ടുതന്നെ ഇവയുടെ പുറമ്പോക്കുകളിൽ താല്കാലികമായ ഷെഡു നിർമ്മിച്ചു താമസിക്കുന്ന കുടുംബങ്ങളും കുറവല്ല. ആറുമാസക്കാലത്തിലധികം പേമാരി, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ ഭീക്ഷണിയിലാണ് ഈ കുടുംബങ്ങൾ കഴിയുന്നത്.

കുടിലുകൾ മുതൽ ആധുനിക രീതിയിൽ എല്ലാവിധ സുഖസൗകര്യങ്ങളോടുംകൂടി പണിതീർത്തിട്ടുള്ള മന്ദിരങ്ങൾ വരെ ഉൾപ്പെട്ട ആ ഭവനശൃംഘലയാണ് നമ്മുടേത്.

വീടുകളുടെ തരംതിരിവ്

കോൺക്രീറ്റ്	810
ഓട്	1782
ഓല	545
മറ്റുള്ളവ	1102
ആകെ	4239

കെട്ടിട നിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വർദ്ധനവ് സർക്കാർ സഹായങ്ങളെ നിഷ്പ്രഭമാക്കിയിരിക്കുകയാണ്. കുറഞ്ഞ ചെലവിലുള്ള ഭവനനിർമ്മാണത്തെ സംബന്ധിച്ച് തടി ഒഴിവാക്കിക്കൊണ്ടോ റബ്ബർതടി സംസ്കരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുവാനുള്ള സാദ്ധ്യതകളെക്കുറിച്ചും വ്യാപകമായ പ്രചാരണം ആവശ്യമാണ്. സർക്കാരിന്റെ നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടാത്തവരും എന്നാൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമായ ഈവിഭാഗത്തിന് പരമാവധി സബ്സിഡിയും പലിശരഹിതമായ ദീർഘകാലവായ്പയും നല്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. സാധാരണക്കാർക്ക് ഭവനിർമ്മാണ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കാനും പണിയുന്ന വീടുകൾ ഈടായി സ്വീകരിച്ച് വായ്പനൽകുകയും ഭവനനിർമ്മാണവായ്പകൾക്ക് പലിശ കുറയ്ക്കുകയും വേണം.

പ്രശ്നങ്ങൾ

1. വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളുണ്ട്.
2. അർഹതയുണ്ടായിട്ടും പേരിൽ ഭൂമി ഇല്ലാത്തതിന്റെ പേരിൽ വീടിനു സഹായം ലഭിക്കാതിരുന്നവർ ഉണ്ട്.
3. സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതികൾ മൂലം (ലക്ഷം വീടുകോളനിപോലുള്ളവ) നിർമ്മിച്ച വീടുകൾക്ക് അറ്റകുറ്റപ്പണികളും ഒരേ വീട്ടിൽ കുടുംബങ്ങൾ ഇരട്ടിച്ചതുമൂലം ഉണ്ടായ അസൗകര്യങ്ങളും പരിഹരിച്ചിട്ടില്ല.
4. കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നില്ല.
5. നിലവിലുള്ള ധനസഹായം അപര്യാപ്തമാണ്.
6. ചെലവുകുറഞ്ഞ ഭവനനിർമ്മാണവസ്തുക്കളുടെ ദൗർലഭ്യം.

സാദ്ധ്യതകൾ

1. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിയ്ക്കണം.
2. പേരിൽ സ്ഥലം ഇല്ലാത്തവരെ ഉപദേശിച്ച് ചെറിയ ഹൗസിംഗ് കോംപ്ലക്സ് നിർമ്മിക്കണം.
3. ലക്ഷംവീടുകളുടെ ശോച്യാവസ്ഥ മാറ്റണം.
4. മുൻ പോലീസ് വിഭാഗത്തിൽപ്പെട്ട വിധവകൾ, വികലാംഗർ തുടങ്ങിയ കുടുംബനാഥർക്ക് വീടുനി

ർമ്മാണത്തിന് പട്ടികജാതിക്കാർക്കു നൽകുന്ന ആനുകൂല്യങ്ങൾ നല്കണം.

5. ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ (നിർമ്മിതി കേന്ദ്രം) പഞ്ചായത്തു തലത്തിൽ ആരംഭിക്കണം.

6. തടിയുടെ വിലവർദ്ധനവും ദൗർലഭ്യവും പരിഗണിച്ച് ഇവിടെ സുലഭമായ റബ്ബർ തടി സംസ്കരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുവാനുള്ള സംസ്കരണകേന്ദ്രം ആരംഭിക്കണം.

7. മുത്തോലി പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങലിൽ അധിവസിക്കുന്ന ദുർബലവിഭാഗങ്ങൾക്കായി വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടു രൂപീകരിക്കണം.

8. സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ചു നിയമത്തിന്റെ നൂലാമാലകൾ ഒഴിവാക്കി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കണം.

9. ഭവനനിർമ്മാണത്തിന് പഞ്ചായത്തുതലത്തിൽ ആ സമിതി രൂപികരിക്കണം. (വിവിധ പദ്ധതികളെ സംബന്ധിച്ച് പ്രചരണം നല്കാനും, പഞ്ചായത്തുതലത്തിലുള്ള നിർമ്മാണം വിലയിരുത്താനും സന്നദ്ധസംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താനും ഇതുമൂലം കഴിയും.

ഭവന നിർമ്മാണത്തെ സബന്ധിയ്ക്കുന്ന വിവരം.

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	2	4	4	5
I	102	4	4	98
II	99	1	1	98
III	106	1	1	105
IV	98	1	1	97
V	101	2	2	99
VI	68	1	1	67
VII	76	7	7	69
VIII	94	2	2	92
IX	61	1	1	60

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമവകുപ്പ് നിലവിലുണ്ടെങ്കിലും എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഈ രംഗത്ത് അതിന്റേതായ പങ്കുവഹിക്കുവാനുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെ അധിവസിക്കുന്നവരേയും സാമൂഹ്യമായി പിന്നോക്കാവസ്ഥയിൽ കഴിയുന്നവരേയും ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് ഇന്ന് നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ ഇവയ്ക്കൊന്നും അവ ഉദ്ദേശിച്ച ഫലങ്ങൾ ലഭിക്കുന്നില്ല. കാരണം ഗുണഭോക്താക്കളുടെ അജ്ഞതയും നിയമത്തിന്റെ നൂലാമാലകളും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ തകർക്കുന്നു. ഇവിടെയാണ് ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്ന തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ പ്രസക്തി.

നിലവിലുള്ള പദ്ധതികൾ

1. വാർദ്ധക്യകാല പെൻഷൻ
2. വികലാംഗ പെൻഷൻ
3. തൊഴിലാല്ലായ്മാ വേതനം.
5. കർഷക തൊഴിലാളി പെൻഷൻ.
6. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം.

സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളേയും ഉദ്ദേശിച്ചുകൊണ്ടുള്ള ക്ഷേമ പദ്ധതികൾ ഇന്നു നിലവിലുണ്ടെങ്കിലും അർഹിക്കുന്ന എല്ലാവർക്കും അതു ലഭിക്കുന്നില്ല. കാരണം ഗുണഭോക്താക്കളുടെ അജ്ഞതയും നിയമത്തിന്റെ നൂലാമാലയും തന്നെ. ക്ഷേമപദ്ധതികളുടെ ബോധവൽക്കരണം പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. പലക്ഷേമ പദ്ധതികളുടേയും നടത്തിപ്പ് കാര്യക്ഷമമല്ല.

തൊഴിൽദാന പദ്ധതികൾ

സംയോജിത ഗ്രാമവികനം പദ്ധതി (ഐ.ആർ.ഡി.പി.)

1996-ലെ ഐ.ആർ.ഡി.പി. കുടുംബസർവ്വേ പ്രകാരം മുത്തോലി പഞ്ചായത്തിൽ 1289 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെ അധിവസിക്കുന്നവരാണ്. ഇതിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ കുടുംബങ്ങളും ഉൾപ്പെടുന്നു. ഒരുവർഷം 81 കുടുംബങ്ങൾക്കു മാത്രമാണ് ഈ പദ്ധതിപ്രകാരം ജീവനോപാധികൾ കണ്ടെത്തുവാൻ കഴിയുന്നത്.

ഡി.ഡബ്ലിയു.സി.ആർ.എ. (D.W.C.R
ഐ.ആർ.ഡി.പി.യുടെ ഭാഗമായി ദാരിദ്ര്യ രേഖയ്
താഴെ അധിവസിക്കുന്ന പത്തോ അതിലധിക
വനിതകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൂട്ട
വനിതാ തൊഴിൽ സംരംഭമാണ് D.W.C.R.A. വി
തുറകളിൽ പ്രദേശികമായ ആവശ്യങ്ങൾ മനസ്സി
ക്കി കുറഞ്ഞചിലവിൽ ഉല്പാദനം നടത്തി തൊഴ
സമ്പാദിയ്ക്കാവുന്ന ഈ പദ്ധതിയുടെ മുഴുവ
പ്രയോജനവും സ്ത്രീകൾ ഉപയോഗപ്പെടുത്തി കാ
ന്നില്ല.

തൊഴിൽ പരിശീലനം (ട്രൈസം):- 18
35നും ഇടയ്ക്കു പ്രായമുള്ള യുവതീയുവാക്കൾ
തൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണി
ഐ.റ്റി.ഐ. പോളിടെക്നിക്ക് സ്വകാര്യസ്ഥാപനങ്ങ
എന്നിവടങ്ങളിൽ പരിശീലനകാലത്ത് സ്റ്റൈപ്പന
പരിശീലനശേഷം സ്വന്തമായി തൊഴിൽ തുടങ്ങു
തിനുള്ള സാമ്പത്തിക സഹായവും നൽകുന്നു. പ
ശീലനം നേടിയ വിഷയത്തിൽ പുനരധിവസിപ്പി
എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഇ
നിലവിലില്ല.

വിധവാപെൻഷൻ നിയമം കുറച്ചുകൂടി ലാ
വപ്പെടുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തി
ആക്കേണ്ടതാണ്. കർഷക തൊഴിലാളി പെൻഷ
അർഹരായവർക്കെല്ലാം നൽകേണ്ടതും ഗുണഭോക്
ക്കളെ കണ്ടുപിടിയ്ക്കുവാനുള്ള അധികാരം ഗ്രാ
പഞ്ചായത്തിനു നൽകേണ്ടതുമാണ്.

അംഗൻ വാടികൾ:- മുത്തോലി പഞ്ചായത്തി
14 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. സ്വ
മായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാ
കലാണ് ഭൂരിപക്ഷവും. ഉള്ളിടത്തുതന്നെ യാതൊ
സൗകര്യവുമില്ല. കെട്ടിടങ്ങളുടെ അറ്റകുറ്റ പ
കൾ നടത്താത്തതിനാലും കുട്ടികൾക്ക് കളിപ്പാട്ടങ്ങ
ഇല്ലാത്തതിനാലും അംഗൻവാടികളിലെ ജീവനക്ക
ബുദ്ധിമുട്ടുകയാണ്. പിഞ്ചുകുട്ടികളുടെ വളർച്ച
ലും സ്വഭാവരൂപീകരണത്തിലും സ്വാധീനം ചെ
ത്തുന്ന ജീവനക്കാരുടെ ജോലിയ്ക്കനുസൃതമാ
വേതനം അവർക്കു ലഭിക്കുന്നില്ലാ എന്ന പരാ
വ്യാപകമാണ്. ഇത് അവരുടെ പ്രവർത്തനരീ
ബാധിയ്ക്കും എന്നതിനു സംശയമില്ല. ഈ പ്ര
ത്തിനും ടിയന്തിരമായി പരിഹാരം കാണേണ്ടി
രിക്കുന്നു.

നിർദ്ദേശങ്ങൾ

1. മഹിളാ സമാജങ്ങൾ നിലവിലില്ലാത്ത വാർഡുകളിൽ രൂപീകരിക്കണം.
2. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻ വാടികൾക്ക് അവ ഉണ്ടാകുന്നതിനുള്ള നടപടികൾ ഉണ്ടാവണം.
3. കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്ക് വാർഷിക ഗ്രാന്റു നൽകണം.
4. അംഗൻ വാടികളിൽ കളിപ്പാട്ടങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
5. മഹിളാ സമാജങ്ങളിൽ യുവതികൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകണം.

പൊതുവിതരണം:-

മുത്തോലി പഞ്ചായത്തിൽ 8 റേഷൻ കടകളാണു പ്രവർത്തിക്കുന്നത്. മുത്തോലി സർവ്വീസ് സഹകരണ ബാങ്ക് തെക്കുംമുറിയിലുള്ള ഹെഡ് ആഫീസിനോടു അനുബന്ധിച്ച് ഓണച്ചന്ത നടത്തുന്നതല്ലാതെ പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിൽ ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിയ്ക്കുവാനുള്ള സംവിധാനം ഇന്നു നിലവിലില്ല. മാവേലി സ്റ്റോറോ ഉപഭോക്തൃ സഹകരണ സംഘങ്ങളോ പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്നില്ല.

റേഷൻകട- പൊതുവിതരണകേന്ദ്രം ആരംഭിക്കണം. മൂന്നാം വാർഡിൽ ഇന്നു റേഷൻ കടയില്ലാത്തതിനാൽ ആ പുതിയതായ ഏഴാംവാർഡിൽ കൂടി ആരംഭിക്കണം. മൂന്നാംവാർഡിൽ റേഷൻ കാർഡ് നിലവിലില്ലാത്തവർക്ക് അനുവദിയ്ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

ഉപഭോക്തൃ മേഖല കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും ജനങ്ങൾക്ക് പ്രയോജന പ്രദമാക്കാനും പഞ്ചായത്തുതലത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം.

വിവിധ പെൻഷൻ ധനസഹായം സംബന്ധിച്ച വിവരണങ്ങൾ

വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ	ക്ഷയരോഗ പെൻഷൻ
25	11	13	9

6. കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

മുത്തോലി പഞ്ചായത്തിലെ മുഖ്യമായ കുടിവെള്ള സ്രോതസ്സുകൾ കിണറുകളാണ്. ഭൂരിപക്ഷ കുടുംബങ്ങൾക്കും സ്വന്തമായി കിണറുകളുണ്ട്. മറ്റുള്ളവർ പൊതുക്കിണറുകളേയോ, അയൽക്കാരുടെ കിണറുകളേയോ, കുഴൽകിണറുകളേയോ ആശ്രയിക്കുന്നു. വേനൽക്കാലത്ത് മിക്കവാറും കിണറുകളിലെ പ്രത്യേകിച്ച് കുന്നിൻ പ്രദേശങ്ങളിലെ വെള്ളം തീർത്തുകറയുകയോ വറ്റുകയോ ചെയ്യുന്നു. മുത്തോലി, കൊഴുവനാൽ, അകലകുന്നം പഞ്ചായത്തു പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി 1982-ൽ രൂപം കൊടുത്ത് പണി തുടങ്ങിയ വാട്ടർസപ്ലൈ സ്കീം ഇന്നും പൂർത്തിയായിട്ടില്ല. അതു പ്രവർത്തനക്ഷമമാകുന്നപക്ഷം റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന ടാപ്പുകളിൽ നിന്ന് കുറെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുന്നതാണ്. ഈ സ്കീം നടപ്പിലായാലും മുത്തോലി കടവുഭാഗത്തു മീനച്ചിലാറ്റിൽ നിർമ്മിച്ചിരിക്കുന്ന കിണറിൽനിന്ന് മൂന്നു പഞ്ചായത്തു പ്രദേശത്തുള്ള ജനങ്ങൾക്കാവശ്യമായ വെള്ളം കടുത്ത വേനൽക്കാലത്ത് ലഭിക്കുമോയെന്ന് സംശയമാണ്. മാത്രമല്ല പൈപ്പിടാനുദ്ദേശിക്കുന്ന പഞ്ചായത്തിലെ വഴിയോരങ്ങളിൽ ഉള്ളവർക്കു മാത്രമേ അതു കാര്യമായി പ്രയോജനപ്പെടുകയുള്ളു. വീടുകളിലേക്ക് പൈപ്പുകണക്ഷൻ കൊടുക്കുന്നതിന് ഈ സ്കീമിൽ വ്യവസ്ഥയില്ലാത്തത് ഈ പദ്ധതിയുടെ മറ്റൊരു ന്യൂനതയാണ്.

പഞ്ചായത്തു പ്രദേശത്തെ ഭൂരിപക്ഷം കിണറുകളിലും വർഷത്തിൽ നാലുമാസത്തിലധികം കാലം ജലദൗർലഭ്യം അനുഭവപ്പെടുന്നു. മിക്ക കിണറുകളുടെയും അടിയിൽ പാറയാണ്. ഭാരിച്ച ചിലവുചെയ്ത് പാറതുരന്നാലും പലതിലും ആവശ്യത്തിനു ജലം ലഭ്യമല്ല.

മീനച്ചിലാറ്റിലെ അമിതമായ മണൽവാരൽ നിമിത്തം കുറഞ്ഞൊരു കാലംകൊണ്ട് ആറിന്റെ അടിനിരപ്പ് പത്തടിയലധികം താഴ്ന്നിട്ടുണ്ട്. അതിന്റെ ഫലമായി മീനച്ചിലാറിന്റേയും തോടിന്റെയും ജലനിരപ്പ് താഴുന്നതിനിടയായി. അക്കാരണത്താൽ ആറിന്റേയും തോടിന്റേയും സമീപപ്രദശങ്ങളിലും കിണറുകളിലെ ജലനിരപ്പ് വേനൽക്കാലത്ത് തീരെ താഴുകയോ വറ്റുകയോ ചെയ്യുന്നു.

കൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ജലക്ഷാമം അനുഭവപ്പെടുന്ന ഭാഗങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് - 1

മഞ്ഞാങ്കൽ കുന്ന്, ഒരപ്പാങ്കൽ കുന്ന്, മുരിക്കനാട്, പൂത്തോട്ടാൽ കുന്ന്

വാർഡ് - 2

ലക്ഷം വീടുകോളനി, മലയിൽ കാവുഭാഗം, കയ്യാലക്കത്തുഭാഗം

വാർഡ് - 3

ഇലവനാമണ്ഡപം, ചാമക്കാലാ, ഇടിവെട്ടിപ്പാറ ഭാഗങ്ങൾ

വാർഡ് - 4

വെള്ളിയേപ്പള്ളി കൊച്ചുകുന്ന്, പേഴത്താനി ഭാഗം, പുളിക്കൽ കുന്ന്, വാക്കാത്തടം, കടപ്പാട്ടൂർ തോട്ടാപ്പള്ളി ഭാഗങ്ങൾ.

വാർഡ് - 5

പുലിയന്നൂർ ലക്ഷം കോളനി, അള്ളുങ്കൽ കുന്ന്.

വാർഡ് - 6

ശ്രീകുരുമ്പ് ഭാഗം, കാണിയക്കാട്, നെല്ലിയാനി, കലാനിലയം ഭാഗക്കാർ.

വാർഡ് - 7

തെക്കുംമുറി, ആക്കക്കുന്ന് ഭാഗം, മഞ്ഞപ്പള്ളികുന്നു ഭാഗം, ചകിണികുന്ന് കോളനി ഭാഗം, കോഴിമലകുന്ന് ഭാഗം, ഇളന്തോട്ടത്തിൽ കുന്ന് ഭാഗം, മുളവനാൽ കുന്ന് ഭാഗം, മുതലൂർ കുന്ന് രാജീവ് ദശലക്ഷം വീട് കോളനി.

വാർഡ് - 8

ലക്ഷം വീടുകോളനി, പാളയം, പുതുപ്പള്ളിക്കുന്ന്, മറ്റപ്പള്ളി ഭാഗം, കണക്കഞ്ചേരി, ഇല്ലിമുക്കു ഭാഗക്കാർ

വാർഡ് - 9

മുത്തോലി പള്ളിഭാഗം, കൊവേന്തഭാഗം

ഈ പഞ്ചായത്തിൽ 7 കുഴൽക്കിണറുകൾ മാത്രമാണുള്ളത്. അതിൽതന്നെ ജലലഭ്യത കുറവാണ്. ഈ പഞ്ചായത്തിൽ 14 പൊതുകിണറുകളുണ്ട്. അവയിൽ പലതിലും വെള്ളം വറ്റുന്നു. 8-ാം വാർഡിൽ പൊതുക്കിണറില്ല.

സാധ്യതകൾ

1. നിലവിലുള്ള പൊതുക്കിണറുകൾ വർഷം തോറും ശുചീകരിക്കുകയും വറ്റുന്ന കിണറുകൾ കുറെക്കൂടി താഴ്ത്തുന്നതിനും വേണ്ടത് ചെയ്യാവുന്നതാണ്.

2. കിണർ കുഴിക്കുന്നതിനു മുമ്പ് ഭൂഗർഭജലസമ്പത്തിനെപ്പറ്റി ശാസ്ത്രീയ പരിശോധന നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുത്താൽ എല്ലാവർക്കും പ്രയോജനകരമാണ്.

3. മീനച്ചിലാറ്റിൽ മുത്തോലിപ്പാലത്തിനു താഴെ ഭാഗത്ത് ഒരു തടയണ നിർമ്മിച്ചാൽ മീനച്ചിലാറ്റിലേയും സമീപപ്രദേശങ്ങളിലേയും ജലസമ്പത്ത് നിലനിർത്താൻ കഴിയും.

4. മീനച്ചിൽ തോട്ടിൽ, പുളിക്കൽപ്പാലം ഭാഗം, കുമ്പാനി ഭാഗം എന്നിവിടങ്ങളിൽ ഓരോ ചെക്കുഡാം നിർമ്മിച്ചാൽ കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കുമുള്ള ജലക്ഷാമം കുറയ്ക്കാൻ കഴിയും. ഇതുപോലെ മറ്റുതോടുകളിൽ ചെക്കുഡാം പണിയണം.

5. മുത്തോലി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാൻ തീവ്രശ്രമം നടത്തിയാൽ പഞ്ചായത്തുപ്രദേശം പൊതുവിൽ ജലക്ഷാമത്തിന് ശമനം വരുത്താൻ കഴിയും. ഈ സ്കീമിൽ ഹൗസ്കണക്ഷൻ കൂടി കൊടുക്കാൻ കഴിഞ്ഞാൽ ഏറെ പ്രയോജനകരമാകും.

6. മഞ്ഞാങ്കൽ ഒരപ്പാങ്കൽ ഭാഗങ്ങളിൽ ടാങ്ക് തീർത്ത് താഴ്ന്ന ഭാഗത്ത് കിണറുകൾ ഉണ്ടാക്കി ജലം പമ്പുചെയ്ത് വിതരണം നടത്തുവാൻ സാധിക്കും.

7. നെയ്യൂർ കോളനിയിൽ ടാങ്കുകെട്ടി വേനൽക്കാലത്ത് വെള്ളം സംഭരിച്ചാൽ ആ പ്രദേശത്ത് ജലക്ഷാമം പരിഹരിക്കാം. ഒരപ്പാങ്കൽ ഭാഗത്ത് റിംഗുകളിറക്കി കിണർ നിർമ്മിച്ചാൽ കുളിയ്ക്കാനും കുടിയ്ക്കാനും ജലം.

8. രണ്ടാം വാർഡിലെ കന്നപ്പള്ളിക്കുളം, ഈറ്റത്തോട്ടുകുളം പുനരുദ്ധരിച്ച് ഉണ്ടോപ്പള്ളി, ചെട്ടിപ്പറമ്പ്, മുത്തോലി പള്ളി ഭാഗങ്ങളിൽ ടാങ്കു നിർമ്മിച്ച് പമ്പ് ചെയ്താൽ ആ ഭാഗത്ത് ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കാം.

9. ഇടയാറ്റുചാൽ പാടം ഭാഗത്ത് ഒരു കുളം തീർത്താൽ ഇലവനാമണ്ഡപത്തിലെ ജനങ്ങൾക്കാവശ്യമുള്ള ജലം കുന്നിലുള്ള സംഭരണികളിൽ എത്തിക്കാവുന്നതാണ്.

10. കണ്ടത്തിപീടികഭാഗത്ത് കിണറുതീർത്താൽ മീനച്ചിൽ പള്ളി ഭാഗത്തുള്ളവർക്ക് കുളത്തുകുന്നു ഭാഗത്തുള്ളവർക്കും ആവശ്യമായ വെള്ളം ലഭിക്കും.

11. മീനച്ചിൽ കുളത്തുകുന്ന് ഭാഗത്ത് ഒരു കുഴൽ കിണർ കുഴിക്കണം.

12. വള്ളീകാട്ടുഭാഗത്തുള്ള പൊതുകിണറിൽനിന്ന് വെള്ളം പമ്പ് ചെയ്തു തൊച്ചുകുന്ന് ഭാഗത്ത് എത്തിക്കാവുന്നതാണ്.

13. കടപ്പാട്ടൂർ കരയിൽ മുണ്ടകക്കുഴിഭാഗത്ത് പുറമ്പോക്കിലുള്ളതും നികന്നുപോയതുമായ കുളം പുനരുദ്ധരിച്ചാൽ വളരെപ്പേർക്കും കുടിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും പ്രയോജനപ്പെടും

14. ചെമ്പനാനിക്കൽ ഭാഗത്തു തോട്ടരുകിൽ സ്ഥലം വാങ്ങി കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് ശ്രീ കുരുമ്പക്കാവു ഭാഗത്തെ 50 വീട്ടുകാർക്ക് ജലക്ഷാമം പരിഹരിക്കാം.

15. കാണിയക്കാട് കൊട്ടാരത്തിൽ ഭാഗത്ത് കിണർ കുഴിച്ച് പമ്പു ചെയ്ത് നെല്ലിയാനി ഭാഗത്ത് കുടിവെള്ളത്തിനും കൃഷിക്കും പ്രയോജനപ്പെടും.

16. നെല്ലിയാനി ഭാഗത്തുള്ള പഞ്ചായത്തു കിണർ താഴ്ത്തുകയും ആ ഭാഗത്ത് ഒരു കുഴൽക്കിണർ കൂടി നിർമ്മിക്കുയും ചെയ്താൽ അവിടെ ജലക്ഷാമം പരിഹരിക്കാം.

17. പുലിയന്നൂർ പുത്തൂർകുളം പുനരുദ്ധരിച്ചാൽ കലാനിലയം ഭാഗത്ത് ജലം ലഭ്യമാക്കാം.

18. മുത്തോലി കവല, ലക്ഷം കോളനി, ആസാദ് കിണറ്, എന്നിവ താഴ്ത്തിയാൽ വെള്ളം ലഭിക്കും.

19. കൂറ്റാരപ്പള്ളി ഭാഗത്ത് കുളം നിർമ്മിച്ചാൽ പാളയം ഭാഗത്തേക്ക് വെള്ളം കൊടുക്കാൻ കഴിയും.

20. പടിഞ്ഞാറ്റിൻ കര ലക്ഷം വീടുകോളനിയിലേക്ക് ആറ്റുപുറത്തു കിണറിൽനിന്ന് വെള്ളം പമ്പു ചെയ്ത് എത്തിക്കാൻ കഴിയും.

21. പാട്ടുപുരക്കൽ ഒരു കുഴൽകിണർ കുഴിച്ചാൽ കണക്കഞ്ചേരി ഭാഗത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് പ്രയോജനപ്പെടുത്താം.

23. വെള്ളിയേപ്പള്ളി വളയത്തിൽ പുഴ ഭാഗത്ത് ളാലം ബ്ലോക്കിൽനിന്നും പണിതീർത്തിരിക്കുന്ന 5 മീറ്റർ വ്യാസമുള്ളതും കോൺക്രീറ്റ് റിംഗ് കൊണ്ട് നിർമ്മിച്ചിരിക്കുന്നതുമായ കിണറിൽ വേനൽക്കാലത്തും ധാരാളം ജലസമ്പത്ത് ഉണ്ട്. ഇത് പമ്പുപയോഗിച്ച് പുളിക്കൽ കുന്നിലോ കുന്നുംപുറത്തോ ഒരു ടാങ്കു നിർമ്മിച്ച് അതിൽ പമ്പു ചെയ്ത് ശേഖരിച്ചാൽ 50 ഓളം കുടുംബങ്ങൾക്ക് കുടിക്കുന്നതിനും ജലസേചനത്തിനും ആവശ്യമായ ജലം എത്തിക്കാവുന്നതാണ്.

24. ചകിണികുന്ന് കോളനിയ്ക്കുള്ളിൽ ടാങ്ക് ഉണ്ടാക്കി പൂവത്തുങ്കൽ കിണർ കൂടുതൽ വലിപ്പത്തിലാക്കി ഇവിടെനിന്നും വെള്ളം പമ്പു ചെയ്ത് ടാങ്കിൽ ആക്കി വിതരണം ചെയ്യുക.

25. തെക്കുമുറി ഹോമിയോ ഡിസ്പെൻസറി മുറ്റത്ത് കിണർ കുഴിച്ച് കോഴിമലകുന്ന് ഭാഗത്ത് ടാങ്ക് ഉണ്ടാക്കി വെള്ളം ശേഖരിച്ചാൽ ഇവിടത്തെ ജലക്ഷാമം പരിഹരിക്കാം.

26. തോപ്പിൽ കടവിലുള്ള കിണർ നന്നാക്കിയാൽ ഈ കിണറ്റിൽനിന്നും വെള്ളം ഇളംതോട്ടകുന്നിന് ടാങ്ക് ഉണ്ടാക്കി ശേഖരിച്ചാൽ ഇവിടത്തെ ജലക്ഷാമം പരിഹരിക്കാം.

27. കുഴിമറ്റം ഭാഗത്ത് കിണർ കുഴിച്ച് മഞ്ഞപ്പള്ളികുന്ന് കോളനിയിൽ ടാങ്ക് ഉണ്ടാക്കി വെള്ളം ശേഖരിച്ച ഇവിടെ ജലക്ഷാമം പരിഹരിക്കാം.

28. രാജീവ് ദശലക്ഷം കോളനിയ്ക്കുള്ള കിണർ കൂടുതൽ താഴ്ത്തിയാൽ ഒരു പരിധിവരെ ഇവിടത്തെ വെള്ളക്ഷാമം പരിഹരിക്കാം.

29. രൂക്ഷമായ വേനൽക്കാലത്ത് ജലം അത്യാവശ്യമുള്ള ഭാഗങ്ങൾ ഏതെല്ലാമെന്ന് മുൻകൂട്ടി മനസ്സിലാക്കുകയും യഥാസമയം പ്രസ്തുത പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനങ്ങളെപ്പറ്റി മുൻകൂട്ടി പരിപാടികൾ തയ്യാറാക്കുകയും ചെയ്യുക.

പൊതുജനാരോഗ്യം

ആരോഗ്യസംരക്ഷണം രോഗപ്രതിരോധം രോഗചികിത്സ എന്നിവ പൊതുജനാരോഗ്യ വിഷയത്തിലെ പ്രധാനഘടകങ്ങളാണ്. ചികിത്സാരംഗത്ത് പ്രധാനമായും ആയുർവേദ, ഹോമിയോ സ്ഥാപനമങ്ങളോ സങ്കേതങ്ങളോ ആണ് പഞ്ചായത്തുപ്രദേശത്തുള്ളത്. അലോപ്പതി ചികിത്സക്ക് മുഖ്യമായും പാലാ മുനിസിപ്പൽ പ്രദേശത്തുള്ള ആശുപത്രികളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ആയുർവ്വേദചികിത്സക്ക് വെള്ളിയേപ്പള്ളിയിലുള്ള ഗവ: അംഗീകൃതമായ കല്ലുക്കുന്നേൽ D.S. ആശുപത്രി പരമ്പരാഗതവും പ്രശസ്തവുമായ സ്ഥാപനമാണ് തെക്കേമുറിയിലുള്ള ഗവ: ഹോമിയോ ഡിസ്പെൻസറിയാണ് മറ്റൊരു സ്ഥാപനം. കൂടാതെ പന്തത്തലയിൽ ഹെൽത്തുസെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രമുണ്ട്. വിഷ, മർമ്മ, ചികിത്സാരംഗത്തു പ്രശസ്തരായ പലരും ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തു പ്രദേശത്തെ അംഗൻവാടികൾ മുഖാന്തിരം ശിശുക്കൾക്കും അമ്മമാർക്കും വേണ്ടി പ്രത്യേകമായ ആരോഗ്യസംരക്ഷണം ലഭിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രിക്ക് ഗവ: നിന്നും അനുമതി ലഭിച്ചിട്ടുള്ളത് പ്രാവർത്തികമാക്കിയാൽ ജനങ്ങൾക്ക് ആശ്വാസപ്രദമായിരിക്കും.

പൊതുജനാരോഗ്യരംഗത്തെ പ്രധാന പ്രശ്നങ്ങൾ ശുചിത്വക്കുറവ്, ആരോഗ്യപരിപാലനത്തെപ്പറ്റിയുള്ള അറിവില്ലായ്മ പോഷകാഹാരക്കുറവ് എന്നിവയാണ് ശുദ്ധജലസങ്കല്പത്തിന്റെ ലഭ്യതയും പ്രധാനമാണ്. പലവീടുകളിലും കക്കൂസില്ലാത്തത് എല്ലാവരേയും ബാധിക്കുന്ന പ്രശ്നമാണ്.

ഈ പഞ്ചായത്തു പ്രദേശത്തുള്ള ആറ്റിലേയും തോടുകളിലേയും ജലം വേനൽക്കാലത്ത് പല കാരണങ്ങളാൽ അശുദ്ധമാക്കപ്പെടുന്നത് പരിഹരിക്കപ്പെടേണ്ടതാണ്.

വിസ്തൃതമായ പഞ്ചായത്തു പ്രദേശത്ത് മതിയായ PHCകൾ ഇല്ലാത്തതും ആരോഗ്യരംഗത്തെ പ്രശ്നങ്ങളാണ് പല ആളുകളുടേയും അമിതമായുള്ള മദ്യപാനശീലം അവരുടെ ആരോഗ്യത്തകർച്ചക്കു കാരണമാകുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. എല്ലാവീടുകൾക്കും കക്കൂസ് നിർമിക്കുക.
2. എല്ലാവാർഡുകളിലും PHC സബ് സെൻന്മാറുകൾ സ്ഥാപിക്കുകയും അവിടത്തെ പ്രവർത്തനം കാര്യക്ഷമമവും പ്രയോജനപ്രദവുമാക്കുക.
3. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ എല്ലാവാർഡുകളേയും കേന്ദ്രീകരിച്ച് വിദഗ്ദരെ ഉൾപ്പെടുത്തി ആരോഗ്യപരിപാലനത്തെപ്പറ്റി ബോധവൽക്കരണ പരിപാടികൾ നടത്തുക.
4. പൊതുകിണറുകളിലെ മലിനീകരണത്തെ തടയുന്നതിന് ആ പ്രദേശത്തുള്ളവരെ സന്നദ്ധരാക്കുക.
5. പുകവലിക്കും, മദ്യപാനത്തിനെതിരേ പ്രചരണവും ബോധവൽക്കരണവും നടത്തുക.
6. പരമ്പരാഗതവും ആയുർവ്വേദവിധിപ്രകാരവുമുള്ള വൈദ്യന്മാർക്ക് വേണ്ട ഗ്രാന്റുകളും പെൻഷനും നൽകി അവരെ പ്രോത്സാഹിപ്പിക്കുക.
7. നിലവിലുള്ള ഹോമിയോ ഡിസ്പൻസറി I.P സൗകര്യങ്ങളോടെ ഒരു ആശുപത്രിയാക്കുക.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്തവരുടെ എണ്ണം (I.R.D.P സർവ്വേപ്രകാരം)	വിവിധ പദ്ധതികൾ അനുവദിച്ചകക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ച വയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
I	2	3	4	5
I	71	1	1	70
II	68	2	2	66
III	87	1	1	86
IV	72	1	1	71
V	74	2	2	72
VI	60	3	3	57
VII	81	7	7	74
VIII	73	3	3	70
IX	42	2	2	40

പട്ടിക

അംഗൻവാടികളിൽ നിന്നും ശേഖരിച്ചത്

1	a)	പഞ്ചായത്തിലെ ആകെ ജനസംഖ്യ	:	15988
	b)	പുരുഷന്മാർ	:	7558
	c)	സ്ത്രീകൾ	:	7614
2	a)	പട്ടികജാതി ജനസംഖ്യ	:	697
	b)	പട്ടികവർഗ്ഗജനസംഖ്യ	:	9
3		അംഗൻവാടികളുടെ എണ്ണം	:	14
4	a)	ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ	:	154
	b)	1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	177
	c)	2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	172
	d)	3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	313
5	a)	പഞ്ചായത്തിലെ ഗർഭിണികളുടെ എണ്ണം	:	72
	b)	ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവുടെ എണ്ണം	:	2
6		മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)	:	78
7	a)	കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ	:	174
	b)	ചാപിള്ള ജനനങ്ങൾ	:	1
8	a)	ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം	:	Nil
	b)	1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	:	2
	c)	3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	:	Nil
9	a)	ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ചവരുടെ എണ്ണം	:	1
	b)	മറ്റു മരണങ്ങളുടെ എണ്ണം	:	76
10	a)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	:	487
	b)	അനുപൂരക ആഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	:	50
	c)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	:	58

7. വിദ്യാഭ്യാസം

നൂറുശതമാനം സാക്ഷരത നേടിയ കോട്ടയം ജില്ലയിലെ, എന്തുകൊണ്ടും സമൃദ്ധമായ മീനച്ചിൽ താലൂക്കിന്റെ ആസ്ഥാനമായ പാലായോടു ചേർന്നു സ്ഥിതിചെയ്യുന്നതാണ് മുത്തോലി ഗ്രാമപഞ്ചായത്ത്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രദേശമാണ് പാലാ. ഇതിന്റെ സാമീപ്യം തന്നെ മുത്തോലിയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ത്വരിതപ്പെടുവാൻ കാരണമായിട്ടുണ്ട്. വിദ്യ ആഗ്രഹിക്കുന്ന ഏവർക്കും അത് നേടുവാൻ ആവശ്യമായത്ര വിദ്യാഭ്യാസസ്ഥാപനങ്ങൾകൊണ്ട് അനുഗൃഹീതമായ ഒരു സ്ഥലമാണ് മുത്തോലി. അതുകൊണ്ടുതന്നെ ബിരുദാന്തരബിരുദാരികളുടെ എണ്ണത്തിലും മുത്തോലി സമീപപ്രദേശങ്ങളെ അപേക്ഷിച്ച് മുൻപിൽ നിൽക്കുന്നു.

1870ജനുവരിയിൽ സ്ഥാപിതമായ മുത്തോലി കർമ്മലീത്താ ആശ്രമത്തിന്റെ പണി ആരംഭിച്ചതോടുകൂടി മുത്തോലിയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ആരംഭിക്കുന്നുവെന്ന് പറയാം. അതിനുമുമ്പുതന്നെ നാട്ടാശ്ശാന്മാർ കുടിപ്പള്ളിക്കൂടങ്ങൾ കെട്ടി 'അക്ഷരാഭ്യാസം' നൽകിത്തുടങ്ങിയിരുന്നു. മീനിച്ചിൽ താലൂക്കിലെ പ്രഥമ മലയാളം സ്കൂളായ സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ ആരംഭിച്ചത് മുത്തോലി ഗ്രാമപഞ്ചായത്തിലാണെന്നുള്ളത് അഭിമാനകരം തന്നെ.

മുത്തോലി ഗ്രാമപഞ്ചായത്തിൽ 8 എൽ.പി. സ്കൂളുകളും 2 യു.പി. സ്കൂളുകളും 1 ടെക്നിക്കൽ ഹൈസ്കൂളും 1 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ഒരു ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി പുലിയന്നൂരിൽ ഫ്രാൻസീസ്കൻ ക്ലാരീഷ്യൻ കോൺവെന്റ് സിസ്റ്റേഴ്സിന്റെ ഒരു സ്കൂൾ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിന്റെ അതിർത്തിയോടടുത്തു സ്ഥിതിചെയ്യുന്നവയാണ് കേരളത്തിലെ പ്രശസ്തമായ സെന്റ്തോമസ്, അൽഫോൻസാ കോളേജുകൾ. അതിപ്രശസ്തമായ ഡോ.സി.ടി. കൊട്ടാരം കോളേജ് എന്ന പാരലൽകോളേജും പഞ്ചായത്തിർത്തിയ്ക്കടുത്ത് സ്ഥിതി ചെയ്യുന്നു. അതുപോലെതന്നെ ചേർപ്പുങ്കൽ ഹോളിക്രോസ് കമ്പൂട്ടർ കോളേജും ഹോളിക്രോസ് ഹൈസ്കൂളും കെഴുവങ്കുളം എൻ.എസ്.എസ്. ഹൈസ്കൂളും ഈ പഞ്ചായത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഉതകുന്നു.

സെന്റ് ആന്റണീസ് ഹൈസ്കൂൾ മുത്തോലി (1918)

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സ്ഥാപിച്ച മുത്തോലി കർമ്മലീത്താ ആശ്രമത്തിന്റെ മേൽനോട്ടത്തിൽ ഫാ.ബെർണാർഡ് അച്ചന്റെ ശ്രമഫലമായി 1918 മെയ് 31-ന് സെന്റ് ആന്റണീസ് സ്കൂൾ ആരംഭിച്ചു. 1928-ൽ തന്നെ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ രണ്ടുനിലകെട്ടിടവും പണികഴിപ്പിച്ചു. 1942-ൽ രജതജൂബിലി ആഘോഷിച്ച ഈ സ്ഥാപനം 1948-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1968ൽ സുവർണ്ണജൂബിലിയും 1993 ജനുവരിയിൽ പ്ലാറ്റിനം ജൂബിലിയും ആഘോഷിക്കുകയുണ്ടായി. 411 ആൺകുട്ടികൾ അദ്ധ്യയനം നടത്തുന്ന ഇവിടെ 20 അദ്ധ്യാപകർ പഠിപ്പിക്കുന്നു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കോൺക്രീറ്റ് ചെയ്ത ഒരു ബാസ്കറ്റ് ബോൾ ഗ്രൗണ്ട് ഇവിടെ നിർമ്മിച്ചിട്ടുണ്ട്. നല്ല ഒരു വോളീബോൾ കോർട്ട്, ഫുട്ബോൾ കോർട്ട് എന്നിവ സ്വന്തമായുള്ള മുത്തോലി ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂളാണിത്. കഴിഞ്ഞ വർഷങ്ങളിൽ പാലാ ഇന്റർസ്കൂൾ കായിക മത്സരങ്ങളിൽ ഈ സ്കൂളിലെ കുട്ടികൾ വിജയികളായിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന വിജയശതമാനം നേടുന്നതിലും കുട്ടികളെ നല്ല പൗരന്മാരായി വളർത്തുന്നതിലും ശ്രദ്ധിക്കുന്ന ഈ വിദ്യാലയം ഈ പ്രദേശത്തും സമീപ പ്രദേശങ്ങളിലുമുള്ള എല്ലാവർക്കും മാർഗ്ഗദീപമായി പ്രശോഭിക്കുന്നു. ഈ സ്കൂളിനോടനുബന്ധിച്ച് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ബോർഡിംഗ് ഹൗസ് പ്രവർത്തിക്കുന്നു. 140ഓളം കുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നുണ്ട്.

സെന്റ് ജോസഫ്സ് ഗേൾസ് സ്കൂൾ

മുത്തോലി കർമ്മലീത്താ മഠം വകയായി മുത്തോലിയിൽ നടത്തപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് സെന്റ്. ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂൾ, സെന്റ് ജോസഫ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ എന്നിവ. ഈ പ്രദേശത്ത് സ്ത്രീവിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിൽ ദൂരദേശങ്ങളിൽ നിന്നുപോലും നിരവധി വിദ്യാർത്ഥികൾ എത്തി പ്രാഥമിക വിദ്യാഭ്യാസം നേടിയിട്ടുണ്ട്.

മുത്തോലിയിൽ മഠം ആരംഭിക്കുന്നതിന് മുമ്പു തന്നെ ബ.കൊവേന്ത വൈദികരുടെ മേൽനോട്ടത്തിൽ ഗേൾസ് സ്കൂളും ബോർഡിംഗ് ഹൗസും നടത്തിയിരുന്നു. 1901 മുതൽ അഡ്മിഷൻ രജിസ്റ്ററിൽ പേരുകൾ ചേർത്ത് വിദ്യാർത്ഥികളെ പഠിപ്പിച്ചുവന്നിരുന്നു. 1904 മെയ് 16-ന് സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ഗവൺമെന്റ് അംഗീകാരത്തോടെ 4 ക്ലാസ്സുകൾ നടത്തിവന്നിരുന്നു. മീനച്ചിൽ താലൂക്കിലെ പ്രഥമ മലയാളം മിഡിൽ സ്കൂളാണ് ഇത് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവാന്മാരായിരുന്ന മാനേജ്മെന്റിന്റെ പ്രവർത്തനഫലമായി 1924-ൽ ഇവിടെ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു.

1934-ൽ ബ. റൈമന്തോസ്, C.M.Iയുടെ നിരന്തരമായ ശ്രമഫലമായി ഒരു മലയാളം ലോവർ ഗ്രേഡ് ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ ആരംഭിച്ചു. ഈ ട്രെയിനിംഗ് സ്കൂളിന്റെ സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി. എലൈസാ എമ്മാനുവൽ കോലടിയായിരുന്നു. 1940-ൽ ഇത് മലയാളം ഹയർഗ്രേഡ് ട്രെയിനിംഗ് സ്കൂളാവുകയും തുടർന്ന് 1959-ൽ ബേസിസ് ട്രെയിനിംഗ് സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. കേരളത്തിനകത്തും പുറത്തുമായി അദ്ധ്യാപനത്തിലേർപ്പെട്ടിരിക്കുന്ന നിരവധി അധ്യാപകർ ഈ സ്കൂളിൽ നിന്നും പഠിച്ച് പോയവരാണ്. ഏകദേശം 2500 ഓളം അധ്യാപകന്മാരെ സൃഷ്ടിച്ച് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ സ്ഥാനം പിടിക്കുവാൻ ഈ ടി.ടി.സിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

1940-ൽ മലയാളം മിഡിൽ സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. (9-ാം ക്ലാസ്സ്). മുത്തോലി കൊവേന്ത വക സെന്റ് ആന്റണീസ് മിഡിൽ സ്കൂൾ 1948-ൽ പെൺകുട്ടികളെ കൂടി ചേർത്ത് ഹൈസ്ക്കൂളാക്കി ഉയർത്തപ്പെട്ടപ്പോൾ പെൺകുട്ടികളുടെ വിഭാഗം, ബോയ്സ് സ്കൂളിന്റെ ബ്രാഞ്ചായി മഠം വക സ്കൂൾ കെട്ടിടത്തിൽ തന്നെ നടത്തി തുടങ്ങി. 1952 വരെ ഇങ്ങനെ തുടർന്നു പോന്നു. 1952-ൽ പ്രസ്തുത ഗേൾസ് വിഭാഗം ബോയ്സ് സ്കൂളിൽ നിന്നും മാറ്റി മഠം വകയായി ഉണ്ടായിരുന്ന മിഡിൽ സല്കൂളിനോട് ചേർത്ത് ഗേൾസ് ഹൈസ്ക്കൂളായി അംഗീകരിച്ചു. 1959-ൽ പ്രൈമറി സ്കൂൾ, ട്രെയിനിംഗ് സ്കൂൾ എന്നിവ ഹൈസ്ക്കൂളിൽ നിന്നും വേർപെടുത്തി പ്രത്യേകമായി പ്രവർത്തിച്ചു തുടങ്ങി.

സ്കൂളിന്റെ ആരംഭം മുതൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു ബോർഡിംഗ് ഹൗസും ഇവിടെയുണ്ട്. കായിക കലാ മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ സംസ്ഥാനതലത്തിൽ നേടുന്ന കുട്ടികൾ ഈ പ്രദേശത്തിന്റെ തന്നെ അഭിമാനമാണ്. എസ്.എസ്.എൽ.സി വിജയ ശതമാനത്തിലും ഈ സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു. പ്രശസ്ത കവയിത്രി മേരി ബനീത്ത ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയാണ്. ഗേൾസ് ഹൈസ്ക്കൂളിൽ ഇപ്പോൾ 396 പെൺകുട്ടികളും എൽ.പി സ്കൂളിൽ 127 പെൺകുട്ടികളും പഠിക്കുന്നു.

പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ഒരു ലെതർ വർക്ക് സെന്ററും ടെയിലറിംഗ് സെന്ററും ഈ സ്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നു. റൂറൽ ഡെവലപ്മെന്റിൽ വകുപ്പിൽ നിന്നും ട്രൈസം ട്രെയിനിംഗിനുള്ള അംഗീകാരം ലഭിച്ച സ്ഥാപനമാണിത്.

സെന്റ് ജോർജ്ജ് എൽ.പി.സ്കൂൾ മുത്തോലി

1850ൽ വി. ഗീവർഗീസിന്റെ നാമത്തിൽ പാലാ പള്ളിയുടെ കുരിശുപള്ളിയായി സ്ഥാപിക്കപ്പെട്ടതാണ് മുത്തോലി സെന്റ് ജോർജ്ജ് ചർച്ച്. സ്ഥാപിതമായി അധികം താമസിയാതെ തന്നെ ബഹു. വൈദികരുടെ നേതൃത്വത്തിൽ ഒരു കുടിപ്പള്ളിക്കുടം ആരംഭിച്ചു. പിന്നീട് ബഹു. വൈദികരുടേയും നാട്ടുകാരുടേയും ശ്രമഫലമായി 1908-ൽ മീനച്ചിൽ താലൂക്കിലെ ആദ്യത്തെ പ്രൈവറ്റ് സ്കൂൾ മുത്തോലിയിൽ ആരംഭിച്ചു.

ആദ്യകാലത്ത് ഇവിടെ 4 ക്ലാസ്സുകൾ മാത്രമാണ് പ്രവർത്തിച്ചു പോന്നിരുന്നത്. പിന്നീട് 5-ാം ക്ലാസ് ആരംഭിച്ചു. 1916-ൽ 7-ാം ക്ലാസ്സ് തുടങ്ങുകയുണ്ടാ... കാലാകാലങ്ങളിൽ ഗവൺമെന്റ് തല

ത്തിൽ നടത്തുന്ന വിദ്യാഭ്യാസ പരികരണത്തിന്റെ ഫലമായി 7-ാം ക്ലാസ്സുകൾ നിർത്തൽ ചെയ്തപ്പോൾ ഇവിടെയുണ്ടായിരുന്ന യു.പി. വിഭാഗം ക്ലാസ്സുകൾ ഇല്ലാതായി. 1961 മുതൽ 4-ാം ക്ലാസ് വരെയുള്ള പ്രൈമറി സ്കൂളായി ഇത് പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഇവിടെ 103 ആൺകുട്ടികൾ പഠിക്കുന്നു. 4 അദ്ധ്യാപകർ അവർക്കുവേണ്ടി സേവനം അനുഷ്ഠിക്കുന്നു. ഈ സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ ബഹു.തോമസ് പുരയിടത്തിലാണ്.

ടെക്നിക്കൽ ഹൈസ്കൂൾ തെക്കുമുറി-മുത്തോലി

പാലാ കോട്ടയം റോഡ് സൈഡിൽ ആണ്ടൂർ കവയ്ക്കു സമീപം സ്ഥിതിചെയ്യുന്ന ടെക്നിക്കൽ ഹൈസ്കൂൾ 1961ൽ ആരംഭിച്ചു. ഈ പഞ്ചായത്തിലെ ഏക ടെക്നിക്കൽ സ്കൂളാണ് ഇത്. 1984 ഇവിടെ V.H.S.C. കൂടി തുടങ്ങി. ഒന്നാം വർഷ ക്ലാസിൽ 19 വിദ്യാർത്ഥികളും രണ്ടാംവർഷക്ലാസിൽ 20 വിദ്യാർത്ഥികളും ഈ കോഴ്സിന് പഠിക്കുന്നു. തൊഴിൽപരമായ പരിശീലനം ലഭിക്കുവാൻ ഉതകുന്ന സ്ഥാപനം എന്ന നിലയിൽ ഇതു നാട്ടുകാർക്കും വളരെ പ്രയോജനം ഉള്ള ഒരു സ്ഥാപനമാണ്. ഇവിടെ പഠിച്ചവർ സാങ്കേതിക പരിശീലനം നേടിയ ഒട്ടനവധി ആൾക്കാർ ഗവൺമെന്റ് സ്ഥാപനങ്ങളിലും സൗകാര്യ സ്ഥാപനങ്ങളിലും മറ്റുമായി തൊഴിൽ ചെയ്ത് ജീവിക്കുന്നു.

പുലിയന്നൂർ എൽ.പി. സ്കൂൾ

1911-ൽ കെ.വി.എസ്. വി.പി. സ്കൂൾ എന്ന പേരിൽ പ്രൈവറ്റ് മാനേജ്മെന്റിൽ ആരംഭിച്ച ഈ സ്കൂളിന്റെ ആദ്യകാല മാനേജർ തലയിണക്കണ്ട് പപ്പുചെട്ടിയാർ അവർകൾ ആയിരുന്നു. പിന്നീട് ഈ സ്കൂൾ ശ്രീരാമകൃഷ്ണാശ്രമത്തിന് കൈമാറുകയും അവർ അത് ഗവൺമെന്റിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു. ഇവിടെ 34 ആൺകുട്ടികളും 43 പെൺകുട്ടികളും ഉൾപ്പെടെ 77 കുട്ടികൾ പഠിക്കുന്നു. 4 അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു.

കലാനിലയം യു.പി. സ്കൂൾ

1952-ൽ കോനാട്ട് നാരായണപിള്ളയുടെ മാനേജ്മെന്റിൽ ആരംഭിച്ച പ്രൈവറ്റ് സ്കൂളാണിത്. 1957-ൽ പാലാ ക്ലാരിസ്റ്റ് കോൺവെന്റ് സഭക്കാർ ഇത് ഏറ്റെടുത്തത്. ഇപ്പോൾ ഇത് യു.പി. സ്കൂളായി പ്രവർത്തിച്ചുവരുന്നു. 102 ആൺകുട്ടികളും 101 പെൺകുട്ടികളും ഈ സ്കൂളിൽ ഇപ്പോൾ അദ്ധ്യയനം നടത്തുന്നു. 7 അദ്ധ്യാപകർ സേവന മനുഷ്ഠിക്കുന്നു. അദ്ധ്യയനത്തിലും അച്ചടക്കത്തിലും ഈ സ്ഥാപനം മികച്ച നിലയിലാണ്.

ഗവ.എൽ.പി.എസ്. വെള്ളിയേപ്പള്ളി

ഈ സ്കൂൾ ഗവൺമെന്റ് ഉടമയിലുള്ളതാണ്. ഇത് മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. 20 ആൺകുട്ടികളും 33 പെൺകുട്ടികളും ഉൾപ്പെടെ 53 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. 4 വനിതാ അദ്ധ്യാപകർ ഇവിടെ അദ്ധ്യാപനം നടത്തുന്നു. ഇവിടുത്തെ ഭൗതിക സൗകര്യങ്ങൾ തൃപ്തികരമന്നെ് പരാതിയുമുണ്ട്.

സെന്റ് ആന്റണീസ് എൽ.പി.എസ്. മീനച്ചിൽ

മീനച്ചിൽ കർത്താക്കന്മാർ ആരംഭിച്ച ഇസ്കൂൾ 1915-ൽ മേനാമ്പറിൽക്കാരുടെ കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങിയ ഈ സ്കൂൾ 1986 നവംബർ 10 മുതൽ മീനച്ചിൽ പള്ളിവക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം തുടരുന്നു. 4 അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു. 45 ആൺകുട്ടികളും 65 പെൺകുട്ടികളും ഉൾപ്പെടെ 110 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

ഗവ.എൽ.പി.എസ്. കാണിയക്കാട്

ഗവൺമെന്റ് ഉടമസ്ഥതയിൽ ഉള്ള കാണിയക്കാട് ഗവ. എൽ.പി.എസ്. 1916-ൽ തുടങ്ങി. 4 ക്ലാസ്സുകളിലായി 25 ആൺകുട്ടികളും ഉൾപ്പെടെ 38 കുട്ടികൾ ഇവിടെ പഠിക്കുന്നു. ഇവിടെ 5 അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു. ചുറ്റുമതിൽ ഇല്ലാത്ത ഈ സ്കൂളിന്റെ അറ്റകുറ്റപ്പണികൾ വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്.

മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയുടെ കീഴിൽ പാലായിൽ അനുവദിച്ചിരിക്കുന്ന ലോ കോളേജ് അതിന്റെ ആരംഭകാലം മുതൽ ഈ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

സെന്റ് സേവ്യേഴ്സ് L.P. സ്കൂൾ, പാളയം

1916 ൽ സ്ഥാപിതമായതാണ് 1966ൽ L.P. സ്കൂളായി പാളയം സെന്റ് സേവ്യേഴ്സ്, L.P. സ്കൂളായി അപ്ഗ്രേഡു ചെയ്യുകയും ചെയ്തു. ഇപ്പോൾ ഇവിടെ 8 ക്ലാസുകളും 9 അദ്ധ്യാപകരും ഉണ്ട്. ഇപ്പോഴത്തെ മാനേജർ Rev.Fr. അഗസ്റ്റ്യൻ കോലത്തും, ഹെഡ്മിസ്ട്രസ് Sr.സീനാ മരിയായുമാണ്.

പുലിയന്നൂർ New ഗവൺമെന്റ് L.P. സ്കൂൾ

മലയാള വർഷം 1087-ൽ മുത്തോലി പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ ചകിണികുന്നിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഉടമയിലുള്ള ഒരു സ്കൂളാണ് ഇത്. 45 വിദ്യാർത്ഥികലും 4 വനിതാ അദ്ധ്യാപകരും ഉൾക്കൊള്ളുന്ന ഈ സ്കൂൾ കെട്ടിടത്തിന്റെ ഒരു മുറി അംഗൻവാടിക്ക് വിട്ടുകൊടുത്തിരിക്കയാണ്. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുവേണ്ടിയുള്ള സ്റ്റോർ സൗകര്യത്തോടു കൂടിയ ഒരു മുറിയും കുടിവെള്ള സൗകര്യവും ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്.

ഈ പഞ്ചായത്തിനെ ഭൂരിഭാഗമാളുകളും മക്കളെ മാനേജ്മെന്റ് വക സ്കൂളുകളിൽ ചേർക്കുവാൻ താല്പര്യം കാണിക്കുന്നു. ഗവൺമെന്റ് സ്കൂളിലേയ്ക്ക് കുട്ടികളെ അയയ്ക്കുന്നതിൽ ക്രമാനുഗതമായ വർദ്ധന കാണുവാനുണ്ട്. പ്രീ-പ്രൈമറി സ്കൂളുകലിലേയ്ക്ക് തങ്ങളുടെ കുട്ടികളെ വിടുവാൻ പലരും വ്യഗ്രത കാണിയ്ക്കുന്നു.

പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുണ്ട് വളരെ ഉയർന്ന മാർക്കുവാങ്ങി വിജയിക്കുന്ന കുട്ടികൾ ഇരു സ്കൂളിലുമുണ്ട്. എസ്.എസ്.എൽ.സി.ക്ക് ഉയർന്ന വിജയശതമാനം ഉണ്ട്.

കമ്പ്യൂട്ടർ ട്രെയിനിംഗ് നടത്തുന്ന സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വിരളമാണ്. മുത്തോലി സെന്റ് ജോസഫ്സ് സ്കൂളിനോടനുബന്ധമായി ഇംഗ്ലീഷ് മീഡിയത്തിലുള്ള പ്രീ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നു. ഹൈസ്കൂളിനോടനുബന്ധിച്ച് ഇംഗ്ലീഷ് മീഡിയം ഡിവിഷനും ഇവിടെ ആരംഭിച്ചിട്ടുണ്ട്.

വിവിധ കോളേജുകളിലും യൂണിവേഴ്സിറ്റികളിലുമായി ജോലിചെയ്യുന്ന 12 അധ്യാപകർ ഈ ഗ്രാമത്തിലുണ്ട്.

പന്തത്തല സെന്റ് മാത്യൂസ് L.P.S., വെള്ളിയേപ്പള്ളി സെന്റ് തോമസ് L.P.S. എന്നിവ വിദ്യാർത്ഥികളുടെ കുറവിനെത്തുടർന്ന് ഏതാനും വർഷങ്ങൾക്കു മുമ്പ് നിർത്തലാക്കപ്പെടുകയുണ്ടായി.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അഞ്ചുകൊല്ലത്തേക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു. മുത്തോലി പഞ്ചായത്തിലെ എല്ലാ വാർഡുകളും വിദ്യാഭ്യാസകാര്യത്തിൽ മുന്തിയ നിലവാരം പുലർത്തുന്നുണ്ട്. പാഠ്യപാഠ്യേതര കാര്യങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്ന സ്കൂളുകളുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാകുന്നുവെന്നുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

1. 1-ാം വാർഡിൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുവാൻ ഇവിടെ ഒരു അംഗൻവാടി ആരംഭിക്കുക. കുമ്പാനി, ഇടയാർ എന്നിവടങ്ങളിലും അംഗൻവാടി ആരംഭിക്കണം.
2. നെയ്യൂർ കോളനി, മുരിക്കനാട്, ഉരപ്പാങ്കൽ എന്നീ പ്രദേശങ്ങളിലും നവസാക്ഷരതാ ക്ലാസ്സുകൾ ആരംഭിക്കുക.
3. പഠനത്തിൽ സമർത്ഥരും എന്നാൽ നിർദ്ധനരുമായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി പഠനകാര്യങ്ങളിൽ പ്രോത്സാഹിപ്പിക്കുക.
4. ആറാംവാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസകേന്ദ്രം ആരംഭിക്കുക.
5. നിലവിലുള്ള അംഗൻവാടികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക.
6. പുലിയന്നൂർ ആശ്രമം L.P.S. ഒരു U.P.യാക്കുകയും കലാനിലയം U.P ഒരു ഹൈസ്കൂളായി ഉയർത്തുകയും ചെയ്യുക.
7. ആവിശ്യമായ എല്ലാ പഠനോപകരണങ്ങളും കായികപരിശീലനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും എല്ലാ സ്കൂളുകളിലും ലഭ്യമാക്കുക.
8. VIII-ാം വാർഡിലുള്ള പാളയം U.P.സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തുക.
9. മീനച്ചിൽ ഭാഗത്ത് ഒരു വയോജന വിദ്യാകേന്ദ്രം തുറക്കുക.
10. മീനച്ചിൽ സ്കൂളിന്റെ സമീപത്ത് ഒരു കക്കൂസു നിർമ്മിച്ചു കൊടുക്കുക.
11. പ്രൈമറി സ്കൂളിലെ ഉച്ചഭക്ഷണപരിപാടി കാര്യക്ഷമമാക്കുക.
12. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുക.

13. നീന്തൽ പരിശീലനം നൽകുവാൻ സഹായകമായ വിധത്തിൽ പഞ്ചായത്ത് 1-ാം വാർഡിലുള്ള കോലടികുളം നന്നാക്കി അവിടുത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

14. എല്ലാ സർക്കാർ സ്കൂളുകളുടേയും അറ്റകുറ്റപണികൾ ഉടൻ പൂർത്തിയാക്കുക.

15. P.T.A.കൾ സജീവമാക്കാൻ നടപടി സ്വീകരിക്കുക.

16. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ആവിശ്യമായിവരുന്ന കുട, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്കൂൾ കുട്ടികൾക്ക് പരിശീലനം നൽകുക.

17. മുത്തോലി പഞ്ചായത്തിലുള്ള ജൂണിയർ ടെക്കനിക്കൽ സ്കൂൾ പോളിടെക്കനിക്കായി ഉയർത്തുക.

18. ഹൈസ്കൂളുകളിൽ പാഠ്യപദ്ധതിയ്ക്ക് സഹായിക്കുന്ന ദൃശ്യശ്രാവ്യ ഉപകരണങ്ങളായ ഓവർഹെഡ് പ്രോജക്ടർ, വി.സി.ആർ., സ്ലൈഡ് പ്രോജക്ടർ എന്നിവ ലഭ്യമാക്കുക.

19. ശാസ്ത്രീയ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഉപകരിക്കുന്ന ടീച്ചിംഗ് എയിഡുകും, മോഡലുകളും ലഭ്യമാക്കുക.

20. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് അവ നിർമ്മിക്കുക.

21. ശുദ്ധജലവിതരണം സൗകര്യമില്ലാത്ത സ്കൂളിൽ അത് എത്രയും വേഗം ആരംഭിക്കുക.

22. സ്കൂൾ കോമ്പൗണ്ടിലോ, അവരവരുടെ വീടുകളിലോ, പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ ആരംഭിക്കുവാൻ വേണ്ട വിത്തുകൾ, ചെടികൾ എന്നിവ ലഭ്യമാക്കുക.

23. ശാസ്ത്രസാങ്കേതിക രംഗത്തുണ്ടാകുന്ന പുരോഗതികൾ വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും മനസ്സിലാക്കുവാനുതകുന്ന വിധത്തിൽ പഞ്ചായത്തിലുള്ള ഒരു സ്കൂളിൽ ശാസ്ത്രപ്രദർശനം സംഘടിപ്പിക്കുക.

24. കമ്പ്യൂട്ടർ പരിശീലനത്തിനുള്ള സൗകര്യം എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ലഭിക്കുവാൻ വേണ്ട പരിപാടി ആസൂത്രണം ചെയ്യുക.

25. തൊഴിൽപരിശീലനത്തിന് അവസരം നൽകുവാനായി ടെക്നിക്കൽ സ്കൂളിനോടനുബന്ധിച്ച ഒരു തൊഴിൽ പരിശീലനപരിപാടി സംഘടിപ്പിക്കുക. അവിടെ ലാമിനേഷൻ, ബുക്ക് ബൈൻഡിംഗ്, ടെയിലറിംഗ്, ടൈപ്പു റൈറ്റിംഗ് എന്നിവയിൽ ഹ്രസ്വകാല കോഴ്സുകൾ, B.farm വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുക.

26. വിദ്യാഭ്യാസ പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന വായനശാലകൾ, ലൈബ്രറികൾ എന്നിവയിലേക്ക് ആവശ്യമായ പത്രമാസികകൾ പുസ്തകങ്ങൾ എന്നിവ വാങ്ങുവാൻ നടപടികൾ ആരംഭിക്കുക.

27. ആരോഗ്യം, ശുചിത്വം, സാമൂഹ്യവനവൽക്കരണം സ്വയം തൊഴിൽ കണ്ടെത്തൽ, വിദ്യാഭ്യാസരംഗത്തെ നൂതനാശയങ്ങൾ എന്നിവ ജനങ്ങളിൽ എത്തിയ്ക്കുന്നതിലേയ്ക്ക് പഞ്ചായത്തിന് സ്വന്തമായ ഒരു പ്രോജക്ടർ, സ്ക്രീൻ എന്നീ ഉപകരണങ്ങളും ലഭ്യമാകുന്നതോടൊപ്പം ഈ വിഷയവുമായി സാമൂഹ്യസാംസ്കാരിക പ്രസ്ഥാനങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവരെക്കൂടി സഹകരിപ്പിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുക.

കോളേജു വിദ്യാർത്ഥികൾക്കെന്നപോലെ സ്കൂൾ പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വീടുകളിൽ ഇരുന്നു പഠിയ്ക്കുന്നതിന് കസേര, മേശ മുതലായ ഉപകരണങ്ങൾ സർക്കാരിൽ നിന്നും നൽകുക.

സെന്റ് മൈക്കിൾസ് L.P. സ്കൂൾ

മുത്തോലി പഞ്ചായത്തിലെ തെക്കുംമുറി വാർഡിൽ 80 വർഷം മുമ്പ് സ്ഥാപിച്ച് നല്ല നിലയിൽ പ്രവർത്തനം തുടർന്നുവരുന്ന മറ്റൊരു സ്കൂളാണ് സെന്റ് മൈക്കിൾസ് L.P. സ്കൂൾ, കുരുവിനാൽ S.H. കോൺവെന്റിന്റെ വകയാണ് പ്രസ്തുത എയിഡഡ് സ്കൂൾ. 52 ആൺകുട്ടികളും 55 പെൺകുട്ടികളും ഉൾപ്പെടെ 107 കുട്ടികൾ പഠിക്കുന്നുണ്ട്. കലാകായിക രംഗങ്ങളിൽ ഒട്ടനവധി പ്രതിഭകളെ സംഭാവന ചെയ്യുന്നതിന് ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ സരസ്വതിക്ഷേത്രത്തിൽ നാല് അദ്ധ്യാപകർ ഉണ്ട്. 1991-ൽ ഈ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയുണ്ടായി.

വിദ്യാഭ്യാസരംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്നതിനും ആരോഗ്യമുള്ള കുട്ടികളെ രൂപപ്പെടുത്തുന്നതിനുമായി 14 അംഗനവാടികൾ പ്രവർത്തിക്കുന്നു. തെക്കുംമുറിയിൽ ഹൃദയഭാഗത്തു തന്നെ ശ്രീ. എൻ.പി. ശ്രീധരൻനായർ, നടുവിലേമഠം ദാനമായി നൽകിയ സ്ഥലത്ത് ആ വാർഡിലെ അംഗൻവാടി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

അതുപോലെ തന്നെ ആരോഗ്യരംഗത്ത് മുത്തോ പഞ്ചായത്തിന്റെ ഗവ: ഹോമിയോ ആശുപത്രി തുറ പ്രവർത്തിക്കുന്നതിന് തെക്കുംമുറിയിൽ മുടക്കുഴ പ ത്തിനു സമീപം നടുവിലേടത്ത് പരമേശ്വരൻ നാ (മേതല്ലൂർ ആശാൻ) 26സെന്റ് സ്ഥലം പഞ്ച ത്തിന് ദാനമായി നൽകിയിട്ടുണ്ട്. ഇവിടെ ഗ ഹോമിയോ ആശുപത്രിയുടെ പ്രവർത്തനം സു മായി നടന്നുവരുന്നു.

പട്ടിക 1-A
വിദ്യാർത്ഥികൾ - അധ്യാപകർ

ക്രമ നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	സെന്റ് ആന്റണീസ് ബോയ്സ് സ്കൂൾ മുത്തോലി	എയിഡഡ്	411	Nil	411	20	---	20
2.	സെന്റ് ജോസഫ്സ് ഗേൾസ് സ്കൂൾ മുത്തോലി	എയിഡഡ്	----	396	396	---	19	19
3.	സെന്റ് ജോസ്ഫ്സ് T.T.I. - മുത്തോലി	എയിഡഡ്	---	127	127	---	10	10
4.	ടെക്കനിക്കൽ ഹൈസ്കൂൾ തെക്കുംമുറി, മുത്തോലി	ഗവൺമെന്റ്	208	2	210	20	3	23
5.	V.H.S.E. തെക്കുംമുറി, മുത്തോലി	ഗവൺമെന്റ്	39	---	39	---	---	---
6.	കലാനിലയം U.P. സ്കൂൾ പുലിയന്നൂർ	എയിഡഡ്	102	101	203	7	---	7
7.	സെന്റ് സേവ്യേർസ് U.P. സ്കൂൾ പാളയം	എയിഡഡ്	136	145	281	---	9	9
8.	ഗവൺമെന്റ് L.P. സ്കൂൾ വെള്ളിയേപ്പള്ളി	ഗവൺമെന്റ്	20	33	53	---	4	4
9.	ഗവൺമെന്റ് New L.P. സ്കൂൾ പുലിയന്നൂർ	ഗവൺമെന്റ്	25	20	45	---	4	4
10.	ആശ്രമം ഗവൺമെന്റ് സ്കൂൾ പുലിയന്നൂർ	ഗവൺമെന്റ്	34	43	77	2	2	4
11.	ഗവൺമെന്റ് L.P.S. കാണിയക്കാട്	ഗവൺമെന്റ്	25	13	38	1	3	4
12.	സെന്റ് മൈക്കിൾസ് L.P.S. കുരുവിനാൽ	എയിഡഡ്	52	55	107	3	1	4
13.	സെന്റ് ജോർജ്ജ്സ് L.P.S. മുത്തോലി	എയിഡഡ്	103	---	103	---	4	4
14.	സെന്റ് ആന്റണീസ് L.P.S. മീനച്ചിൽ	എയിഡഡ്	45	65	110	2	2	4

പട്ടിക I (B)
L.P., U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ	L.P			U.P.			H.S.		
വിദ്യാർത്ഥികൾ	ആൺ	പെൺ	പെൺ %	ആൺ	പെൺ	പെൺ %	ആൺ	പെൺ	പെൺ %
533	304	229	42.96	238	246	58.82	619	398	39.13

പട്ടിക I (C)
പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P			U.P.			H.S.		
ആകെ	S.C./S.T	%	ആകെ	S.C./S.T	%	ആകെ	S.C./S.T	%
533	28	5.25	484	44	9.09	1017	63	6.19

പട്ടിക I (D)
പഠനം നിർത്തിയവരുടെ കണക്ക്

S.C/S.T.			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	1	2	3	8	11

പട്ടിക II
ഗവ. സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ	ഗവ.വിദ്യാലങ്ങളിലെ അധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ.സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
116	39	2206	462	20.9

S.S.L.C. വിജയശതമാനം

സ്കൂളിന്റെ പേര്	S.S.L.C. വിജയശതമാനം				60% ൽ കൂടുതൽ മാർക്ക് നേടിയവർ
	92-93	93-94	94-95	95-96	
സെന്റ് ജോസഫ് ഗേൾസ് സ്കൂൾ മുത്തോലി	94.9	95	91	93	19
സെന്റ് ആന്റണീസ് ബോ. സ്കൂൾ മുത്തോലി	95	95	95	93	9
T.H.S. തെക്കുംമുറി	72	55	53	28	8

8. സംസ്കാരം

ഒരു നാടിന്റെ മഹത്വം അതിന്റെ സാംസ്കാരിക പൈതൃകത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വർഷകാലത്ത് ആർത്തട്ടഹസിക്കുകയും വേനൽക്കാലത്ത് തന്റെ പാപ്പരത്വം വിളിച്ചോതുകയും ചെയ്യുന്ന മീനച്ചിലാറിന്റെ ഇരുകരകളിലുമായി സാംസ്കാരികമായി ഉയർന്നു നിൽക്കുന്ന പ്രദേശമാണ് മുത്തോലി. സ്ഥലനാമം പരിശോധിച്ചാൽ മുത്ത് ഒലിയക്കുന്ന (ഓലി) മുത്തോലി ആയി. ഈ പ്രദേശത്തെ ജനങ്ങളിൽ മുഖ്യപങ്കും കൃഷിക്കാരാണ്. കൃഷി അഭിമാനമുള്ള തൊഴിലാണ്. എങ്കിലും കൃഷിക്കാരൻ വിചാരിയ്ക്കുന്നത് താൻ മോശക്കാരനാണെന്നാണ്. നമ്മുടെ രാജ്യത്തെ ജനങ്ങൾ കൃഷിക്കാരനെ അവജ്ഞയോടുകൂടി നോക്കുന്ന കാലത്തിന് മാറ്റം വന്നുകൊണ്ടിരിയ്ക്കുന്നു.

മതസൗഹാർദ്ദം കൊടികുത്തി വാണിരുന്ന പ്രദേശമാണ് മീനച്ചിൽ. ആയിരത്തിയഞ്ഞൂറിൽ പരം വർഷത്തെ സാംസ്കാരിക ചരിത്രമുണ്ട്, മീനച്ചിൽ കർത്താക്കന്മാർ അധിവസിയ്ക്കുന്ന മുത്തോലി പ്രദേശത്തിനെന്ന കാര്യം നമ്മെ അഭിമാനപുളകിതരാക്കുന്നു. കലാകാരന്മാരുടേയും വിജ്ഞാനകുതികകളുടേയും ആസ്ഥാനമായിരുന്നു ഈ പ്രദേശം. ഒരു രാജ്യത്തിന്റെ മഹിമയ്ക്കുകാരണം അവിടുത്തെ മതങ്ങളും മതവിശ്വാസവുമാണ്. എന്തെന്നാൽ ഒരു ദേശത്തെ മതമാണ് അവിടത്തെ സംസ്കാരത്തേയും തദ്ദാരാ ജനങ്ങളുടെ സ്വഭാവത്തേയും അതു വഴി ഐശ്വര്യാ നൈശ്വര്യങ്ങളെയും നിർണ്ണയിക്കുന്നത്. ധീരന്മാരും മര്യാദക്കാരും ബുദ്ധിമാന്മാരും അറിവു തേടുന്നതിൽ തൃഷ്ണയുള്ളവരും മിതവ്യയം ശീലമാക്കിയിട്ടുള്ളവരും ആണ് ഇവിടത്തെ ജനങ്ങളിലധികവും.

നല്ല കൃഷിപദ്ധതി, വ്യവസായ സാമർത്ഥ്യം, ആഡംബരത്തിനും സുഖസൗകര്യത്തിനും വേണ്ടതെല്ലാം ഉൽപാദിപ്പിക്കുവാനുള്ള കഴിവ്, എഴുതുവാനും വായിയ്ക്കുവാനും കണക്കുകൂട്ടുവാനും പഠിപ്പിയ്ക്കുന്നതിനുവേണ്ടി ഓരോ ഗ്രാമത്തിലും ഒന്നിലധികം വിദ്യാലയങ്ങൾ, പരസ്പരമുള്ള ഔദാര്യങ്ങൾ, ബഹുമാനപൂർവ്വമായ സൽക്കാരം ഇവയ്ക്കെല്ലാമുപരി സ്ത്രീകളോടു ബഹുമാനത്തോടും മര്യാദയോടും വിശ്വസനീയതയോടും പെരുമാറുക എന്നിവ നമ്മുടെ സംസ്കാരത്തിന്റെ മുഖലക്ഷണമാണെങ്കിൽ മുത്തോലി പഞ്ചായത്തും ഇവിടത്തെ ജനങ്ങളും മറ്റാരെക്കാളും പിന്നിലല്ല. പുലിയന്നൂർ വില്ലേജിൽ പെട്ട അരുണാപുരത്ത് പാലാ സെന്റ്തോമസ് കോളേജിന്റെ തുടക്കം ഇവിടത്തെ സംസ്കാരസമ്പന്നതയൊക്കൊരു മുതൽകൂട്ടായി. കോളേജിലെ, അദ്ധ്യാപനത്തിനായി എത്തിചേർന്ന അനവധി അദ്ധ്യാപക കുടുംബങ്ങളുടെ വാസകേന്ദ്രമായി പുലിയന്നൂർ ഉൾപ്പെടെയുള്ള മുത്തോലി പഞ്ചായത്തിലെ മിക്കവാർഡുകളും.

സാംസ്കാരികമായി വളരെ ഉയർന്ന ഒരു വാർഡാണ് പുലയന്നൂർ. ഏതാണ്ട് ആയിരത്തിലധികം വർഷം പഴക്കം ചെന്ന മഹാദേവക്ഷേത്രമാണ് ഈ പ്രദേശത്തെ പുരാതനദേവാലയം. കുംഭമാസത്തിലെ ശിവരാത്രി പള്ളിവേട്ടയും പിറ്റേദിവസം ആറാട്ടും വരുന്നവിധം എട്ടുദിവസങ്ങളിലായി കൊടികയറി ഉള്ള തിരുവത്സവം ജാതിമത ചിന്തകൾ വെടിഞ്ഞുള്ള ഇവിടുത്തെ ദേശീയോത്സവം ആണ്. ഉത്സവത്തോടനുബന്ധിച്ച് ഏതാനും വർഷം മുമ്പുവരെ മതസൗഹൃദ സമ്മേളനങ്ങൾപോലും നടത്തിയിരുന്നു. ഈ പഞ്ചായത്തിലെ വിവിധ ദേവാലയങ്ങളിൽ ആഘോഷിക്കപ്പെടുന്ന ഉത്സവങ്ങളും പെരുനാളുകളും എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും ആദരിയ്ക്കുകയും ആചരിയ്ക്കുകയും ചെയ്യുന്നു. മുത്തോലി കൊവേന്തപ്പള്ളിയിലെ വ്യാകുലമാതാവിന്റെ തിരുനാളാണ് ഈ പ്രദേസത്ത ആദ്യത്തെ പെരുനാൾ. നാനാജീതി മതസ്ഥർ ഇവിടെ വരികയു ആഘോഷങ്ങളിൽ പങ്കുചേരുകയു ചെയ്യുന്നു

സാംസ്കാരിക മണ്ഡലത്തിൽ ഒട്ടനവധി പ്രശസ്ത വ്യക്തികൾക്ക് ജന്മം നൽകുവാൻ ഈ പഞ്ചായത്തിനു കഴിഞ്ഞു എന്ന കാര്യത്തിൽ അഭിമാനയ്ക്കാം. സാഹിതർ പത്രപ്രവർത്തനങ്ങളിൽ ശോഭിച്ച യശഃശരീരനായ പുലിയന്നൂർ രാമയ്യർ പുലിയന്നൂരിന്റെ കവിയായിരുന്നു. 'കേരളം വളരുന്നു' എന്ന കാവ്യ ശൃംഖലയുടെ ഉപജ്ഞാതാവ് മഹാകവി പാലാ നാരായണൻ നായർ, പ്രശസ്തനായ സാഹിത്യാകരനും ചെറുകഥാകൃത്തുമായ ശ്രീ.വെട്ടൂർ രാമൻനായർ,

സാഹിത്യ-രാഷ്ട്രീയ-പത്രപ്രർത്തകനായ ശ്രീ. കെ.എസ്. ചന്ദ്രൻ മുതലായവർ ഇവിടത്തെ സാംസ്കാരിക മണ്ഡലത്തിൽ തിളങ്ങുന്ന ഉജ്ജ്വല താരങ്ങളാണ്.

നമ്മുടെ പഞ്ചായത്തിന്റെ സംസ്കാരത്തിന് മാറ്റു വർദ്ധിപ്പിയ്ക്കുന്നതിൽ നമ്മുടെ വായശാലകൾക്ക് നല്ല പങ്കുണ്ട്. 1946-ൽ ശ്രീ. കെ.എസ്. പിള്ളയുടെ നേതൃത്വത്തിൽ T.S. ജയന്തൻ നമ്പൂതിരി, ശ്രീ. PRS മണി, കെ.ആർ. പരമേശ്വരൻ, വെട്ടൂർ രാമൻനായർ, RMS അയ്യർ മുതൽപേരുടെ പരിശ്രമഫലമായി പുലിയന്നൂർ ആസാദ് റീഡിംഗ് ലോഡ്ജ് ആൻഡ് ലൈബ്രറി രൂപംകൊണ്ടു. ഈ വായനശാല കേന്ദ്രീകരിച്ചുകൊണ്ട് അക്കാലത്തെ ഒട്ടനവധി യുവാക്കൾ സാംസ്കാരിക ഉന്നമനത്തിനായി യത്നിക്കുകയും നാടകസമിതിയടക്കമുള്ള കലാസമിതികൾ ആരംഭിയ്ക്കുകയുമുണ്ടായി. 1957 മുതൽ ശ്രീ. എം.ജി. ബാലകൃഷ്ണൻ നായർ മുന്നകര പ്രസ്തുത ലൈബ്രറിയുടെ ലൈബ്രേറിയൻ ആയിരുന്നു. 23-6-1960-ൽ ടി. ലൈബ്രറി മുത്തോലി പഞ്ചായത്ത് ഏറ്റെടുത്തു. 24-2-'61 മുതൽ ലൈബ്രേറിയനായി ശ്രീ. M.G.യെ തന്നെ നിയമിച്ചുകൊണ്ടുത്തരവായി. 1947-ൽ മണ്ണാകുന്നേൽ സക്കറിയാസ് വർക്കി കാനാട്ടുമുതൽ പേരുടെ ശ്രമഫലമായി പൊതുജനങ്ങളുടെ സഹകരണത്തോടെ പന്തത്തല പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനം ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി ഭരണം നിർവ്വഹിക്കുന്നു.

സഹൃദയസമിതി

27 വർഷങ്ങൾക്കു മുമ്പ് സ്ഥാപിതമായ പാലാ സഹൃദയസമിതി മുത്തോലി പഞ്ചായത്തിൽ പുലിയന്നൂർ ആസ്ഥാനമായി കീർത്തിസ്തംഭം എന്ന നിലയിൽ പ്രവർത്തിയ്ക്കുന്നു. ഇതിന്റെ സ്ഥാപക അദ്ധ്യക്ഷനായ ശ്രീ.വെട്ടൂർ രാമൻനായർ തന്നെ ഇന്നും അദ്ധ്യക്ഷനായി തുടരുന്നു. ആദ്യകാല സെക്രട്ടറി പ്രൊഫ. ആർ.എസ്. വർമ്മജിയാണ്. സഹൃദയസമിതിയുടെ വാർഷികാഘോഷങ്ങൾ ഇന്നാട്ടുകാർക്ക് ഉത്സവലഹരി പകരുന്നു. പ്രശസ്തരും പ്രഗൽഭരുമായ എല്ലാ സാഹിത്യകാരൻമാരെയും നേരിൽകാണുന്നതിനും അവരുടെ പ്രസംഗങ്ങൾ കേൾക്കുന്നതിനും ഭാഗ്യം സിദ്ധിച്ചിട്ടുള്ളവർ ഇവിടെ അല്ലാതെ മറ്റെങ്ങും ഉണ്ടാകില്ല. പ്രഥമ ജ്ഞാനപീഠപുരസ്കാര ജേതാവായ മഹാകവി ജി.ശങ്കരക്കുറുപ്പ്, പിൽക്കാല പുരസ്കാര ജേതാക്കളായ തകഴി, എസ്.കെ. പൊറ്റക്കാട്, എം.ടി. വാസുദേവൻ നായർ എന്നിവരെ കാണുന്നതിനും ആദരിയ്ക്കുന്നതിനും സഹൃദയസമിതി വഴി അവസരമൊരുക്കി.

മുത്തോലി പഞ്ചായത്തിലെ വായനശാലകൾ

വാർഡ്	വായനശാലയുടെ പേര്	ആസ്ഥാനം	ഉടമസ്ഥത
1	2	3	4
I	ദി പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം, പന്തത്തല, മുത്തോലി P.O.	പന്തത്തല	പബ്ലിക് ലൈബ്രറി കമ്മിറ്റി
III	കുഞ്ഞച്ചൻ മാത്യു തകിടിയേൽ സ്മാരക വായനശാല	മീനച്ചിൽ	ദർശന ആർട്സ്& സ്പോർട്സ് ക്ലബ്
V	ആസാദ് ഗ്രന്ഥശാല	പുലിയന്നൂർ	മുത്തോലി പഞ്ചായത്ത്
VIII	നാഷണൽ ലൈബ്രറി	പടിഞ്ഞാറ്റക്കര	മുത്തോലി പഞ്ചായത്ത്
IX	രാജീവ് ഗാന്ധി ലൈബ്രറി റീഡിംഗ് റൂം	മുത്തോലി	മുത്തോലി പഞ്ചായത്ത്

ഇവയ്ക്കെല്ലാം പുറമേ മുത്തോലി പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഒട്ടനവധി കലാ സമിതികളും കായിക സമിതകളും നല്ല നിലവാരത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ചിട്ടയായ ജീവിതം നയിക്കുന്ന ജനസമൂഹത്തിന്റെ മാനസികവും സദാചാരപരവുമായ പരിശീലനത്തിനു വഴിയൊരുക്കുന്ന അനവധി കേന്ദ്രങ്ങൾ നമുക്കുണ്ട്.

പ്രശ്നങ്ങളും സാധ്യതകളും

1. മുത്തോലി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാംസ്കാരി നിലയങ്ങൾ വേണം. അവിടെ ആനുകാലിക വാർത്താ മാധ്യമങ്ങൾ ഏർപ്പാടു ചെയ്യണം.

2. സ്ത്രീകൾക്കായി വനിതാസമാജം രൂപീകരിയ്ക്കുകയും അതിന്റെ ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

3. സ്ത്രീകൾക്ക് സാംസ്കാരികമായ ഉന്നതിയ്ക്കു ബോധവത്ക്കരണം നടത്തുക.

4. കലാ സാംസ്കാരിക രംഗങ്ങളിൽ മികവുകാട്ടുന്നവരെ അംഗീകരിയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

5. നാടൻകലകൾ അവതരിപ്പിയ്ക്കുന്നതിനും ദർശിയ്ക്കുന്നതിനുമായി കലാമേളൾ സംഘടിപ്പിക്കുക.

6. മതമൈത്രി വളർന്നതിനു പൊതുവിശേഷ ദിനങ്ങൾ ആർഭാടമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുക.

7. ഒരു പൊതുകളിസ്ഥലം സ്ഥാപിക്കുകു.

8. ലക്ഷം വീടുകോളനികളിൽ ഒരു പൊതുസ്ഥലം നിർമ്മിച്ച് റ്റി.വി. റേഡിയോ, മറ്റുവാർത്താ പ്രസിദ്ധീകരണങ്ങൾ മുതലായവ വിതരണം ചെയ്യുക.

9. പഞ്ചായത്തുതലത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കയ്യെഴുത്തുമാസിക തുടങ്ങുകയും കഥ, കവിത, ലേഖനം മുതലായവ പ്രാവീണ്യം നേടിയ വ്യക്തികളെകൊണ്ട് വിലയിരുത്തിച്ച് പ്രോത്സാഹനവും മറ്റു മാർഗ്ഗദർശങ്ങളും നൽകുക.

10. ആസാദ് ഗ്രന്ഥശാലയിൽ ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുക.

11. പാലാ-അതിരമ്പുഴ റോഡ്സൈഡിൽ പുലിയന്നൂർ ഭാഗത്ത് ഒരു ഓഡിറ്റോറിയം പണിയുക.

9. വനിതക്ഷേമം

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ നോക്കുമ്പോൾ പുരുഷനെ അപേക്ഷിച്ച് സ്ത്രീയുടെ എണ്ണം കൂടുതലാണെന്നു കാണാം. എണ്ണത്തിൽ കൂടുതലുണ്ട് എന്നതൊഴിച്ചാൽ ഇതര കാര്യങ്ങളിലൊന്നും ഈ മുൻതൂക്കം കാര്യമായിക്കാണാനില്ല എന്നതാണ് സത്യം.

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ എടുത്തുപറയത്തക്ക വ്യക്തിപ്രഭാവമുള്ള വനിതകളെ ചൂണ്ടി കാണിക്കാനില്ല. ഒരു പ്രത്യേക കാലയളവിൽ ഒട്ടനവധി സമർത്ഥരായ അദ്ധ്യാപികമാർ പഞ്ചായത്തിനുള്ളിലും പുറത്തുമായി സേവനം അനുഷ്ഠിച്ചിരുന്നു എന്നു കാണാം. ആതുരസേവനരംഗത്തും ഗവ: ആഫീസുകളിലും വനിതകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു എങ്കിലും രാഷ്ട്രീയ സാമൂഹിക രംഗങ്ങലിൽ മികവു കാട്ടിയവരാരും തന്നെയില്ല.

1950ൽ സെൻറ് തോമസ് കോളേജിന്റെ ആരംഭം പഞ്ചായത്തിലെ ഒരുവിഭാഗം ജനതയുടെ വിദ്യാഭ്യാസനിലവാരവും തദ്വാരാ പൊതുജീവിത നിലവാരവും ഉയർത്തുവാൻ കാരണമായി. പെൺകുട്ടികളുടെ കോളേജു വിദ്യാഭ്യാസം വ്യാപകമാക്കാൻ വീണ്ടും 14 കൊല്ലങ്ങൾ കാത്തിരിയ്ക്കേണ്ടി വന്നു. അൽഫോൽസാ കോളേജിന്റെ ആവിർഭാവത്തോടുകൂടി പെൺകുട്ടികൾക്കും ഉന്നതവിദ്യാഭ്യാസം നേടുന്നതിന് അവസരം ലഭിച്ചു. എന്നാൽ ഈ ആനുകൂലനങ്ങൾ ഉപയോഗിച്ച് സ്വയം വലുതായതൊഴിച്ചാൽ സാമൂഹ്യസേവനരംഗത്തേക്ക് കടന്നുവരാനോ സജീവമായ ശ്രമം കാഴ്ചവയ്ക്കാനോ വനിതകൾ മുന്നിട്ടിറങ്ങിയില്ല.

സാമാന്യ വിദ്യാഭ്യാസം കൊണ്ടു തൃപ്തിയടഞ്ഞ സ്ത്രീകളാകട്ടെ തങ്ങളുടെ പരിമിതമായ ചുറ്റുപാടുകളിൽ ഒതുങ്ങികൂടുകയും ചെയ്തു.

ഇതിനപവാദമായി ഒന്നോ രണ്ടോ അംഗൻവാടികളും വനിതാസമാജങ്ങളുമൊക്കെ സദുദ്ദേശത്തോടെകൂടി പണികഴിപ്പിച്ച മഹതികൾ ഉണ്ട്. ഇവരിൽ പലരും അദ്ധ്യാപികമാരാണ്. നേരിട്ടൊരു അഭിമുഖത്തിനൊരുങ്ങിയാൽ അവരിൽ പലരും വിമർശ്ശനങ്ങളുടെ കൂരമ്പേറ്റു തളർന്നവരോ, ആരംഭകാലത്തെ ഉണർവ്വും, ഉദ്ദേശശുദ്ധിയുമില്ലാതെ കിടക്കുന്ന ഇത്തരം സ്ഥാപനങ്ങൾ കണ്ട് മനം മടുത്തവരോ ആണെന്നു മനസ്സിലാകും. ഈ പഞ്ചായത്തിൽ 14 അംഗൻവാടികളുണ്ട്.

80% സ്ത്രീകളും അദ്ധ്വാനശീലരാണ്. സ്വന്തം അദ്ധ്വാനം തികച്ചും ആദായകരമാക്കുന്നതിനെപ്പറ്റിയൊന്നും കാര്യമായ അറിവൊ, അതുനേടാനുള്ള ശ്രമമോ നടക്കുന്നില്ല. പുരുഷനോടൊപ്പം ജോലി ചെയ്യുന്ന സ്ത്രീയുടെ വേതനം പുരുഷനെ അപേക്ഷിച്ചു കുറവാണ്. ഇടത്തരം വീടുകളിലെ സ്ത്രീകളിൽ പലരും സ്വന്തമായി വരുമാനം ആഗ്രഹിക്കുന്നവരാണെങ്കിലും പ്രസ്ഥാനങ്ങളുമായി മുന്നിട്ടിറങ്ങുവാൻ മടികാണിയ്ക്കുന്നവരാണ്.

കലാകായികരംഗങ്ങളിൽ മികവുറ്റ നിരവധി പെൺകുട്ടികൾ കേരളത്തിനകത്തും പുറത്തും നല്ല നല്ല ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. നടപ്പുവർഷത്തിൽ നീന്തലിൽ നാഷണൽ റിക്കാർഡ് തകർക്കുവാനും കായികരംഗത്ത് ഒട്ടനവധി സമ്മാനങ്ങൾ നേടാനും I,IV, IX വാർഡുകളിലെ പെൺകുട്ടികൾക്ക് കഴിഞ്ഞു എന്നത് അഭിമാനകരവും ഏറെ പ്രതീക്ഷാവഹവുമാണ്.

മറുനാടൻ പണം ഇങ്ങോട്ടൊഴുക്കാൻ സഹായിക്കുന്ന സ്ത്രീകളിൽ ഒട്ടനവധി ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിനുള്ളിൽ പെൺകുട്ടികൾക്ക് മാത്രമായി ഒരു ഹൈസ്കൂൾ ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി നടത്തുന്ന T.H.S ൽ പെൺകുട്ടികളുടെ എണ്ണം നാമമാത്രമാണ്. ഇതിൽനിന്നും ടെക്നിക്കൽ ലൈനിൽ ഇവിടുത്തെ പെൺകുട്ടികൾ താൽപരലല്ലെന്നു കാണാം.

ഈ പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടത് വിദ്യാലയങ്ങളാണ്. ഇവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകരിൽ പുരുഷനേക്കാൾ കൂടുതൽ സ്ത്രീകളാണ് എന്നതും S.S.L.C. പരീക്ഷയിൽ മുന്തിയമാർക്കും വിജയശതമാനവും പെൺകുട്ടികൾക്കാണ് എന്നതും സന്തോഷകരവും, പ്രതീക്ഷാവഹവുമാണ്. ഇതൊക്കെയാണെങ്കിലും സ്ത്രീയെയും പുരുഷനെയും രണ്ടു തട്ടിലാണ് കാണുന്നത്.

വനിതകളുടെ മാത്രമായ വ്യവസായ സംരംഭങ്ങളിൽ D.W.C.R.A. യുടെ യൂണിറ്റുകളും I.R.D.P. സ്കീമിലും പെട്ട സ്വയം തൊഴിൽ പദ്ധതികളുമാണുള്ളത്.

സ്ത്രീകളുടെ പ്രശ്നങ്ങൾ

1. തുല്യവിദ്യാഭ്യാസയോഗ്യതയും ജോലിയും ഉണ്ടെങ്കിലും പുരുഷനെ അപേക്ഷിച്ച് സ്ത്രീയുടെ അദ്ധ്വാനഭാരം കൂടുതലാണ്.
2. ഒരു ജോലിയ്ക്കും തന്നെ സ്ത്രീയ്ക്കും പുരുഷനും വേതനം തുല്യമല്ല.
3. സ്ത്രീയുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാനും പരിഹാരം തേടാനും സൗകര്യം ഇല്ല.
4. ചുരുക്കമായിട്ടെങ്കിലും സ്ത്രീകളുടെ നേരെ മാന്യതവിട്ട പെരുമാറ്റങ്ങൾ ഉണ്ടാവാറുണ്ട്.
5. വിധവകൾക്കും സ്ത്രീമേൽനോട്ടം വഹിയ്ക്കുന്ന കുടുംബങ്ങൾക്കും അർഹമായ പരിഗണന ലഭിയ്ക്കുന്നില്ല.
6. പൊതുരംഗത്ത് സ്ത്രീയുടെ പങ്കാളിത്തം ഉറപ്പുവരുത്താനായി കാര്യമായ ശ്രമങ്ങൾ നടക്കുന്നില്ല.
7. സർക്കാരിന്റെ സ്വയം തൊഴിൽ പ്രസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ കാര്യമായ പങ്കാളിത്തം സ്ത്രീകൾക്കില്ല.
8. സ്ത്രീയുടെയും കുഞ്ഞിന്റെയും ആരോഗ്യരക്ഷാ നടപടികൾ ലാക്കാക്കി പലവാർഡുകളിലും പ്രവർത്തനം നടക്കുന്നില്ല.
10. നിത്യത്തൊഴിലാളികളായ സ്ത്രീകൾക്ക് വൈകുന്നേരങ്ങളിൽ തിരിച്ചുപോകാൻ വഴിയും വെളിച്ചവും ഇല്ലാത്തത് പ്രശ്നമാകുന്നു.
11. ശരിയായ നേതൃത്വത്തിന്റെ അഭാവം മൂലം സ്ത്രീകളെ പൊതുരംഗത്തേയ്ക്കു കൊണ്ടുവരുവാൻ സാധിയ്ക്കുന്നില്ല. വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളെക്കുറിച്ച് ബോധനം ലഭിയ്ക്കാത്തതുകൊണ്ട് സ്വന്തമായി വരുമാനം ഉണ്ടാക്കാൻ സ്ത്രീകൾക്കു കഴിയുന്നില്ല.
12. സ്ത്രീകൾക്ക് ഒത്തുചേരാനും സംഘടിതമായി മുന്നേറാനും ഉതകുന്ന മഹിളാസമാജം സ്ഥാപിക്കുവാൻ സ്ഥലവും സൗകര്യവും ഇല്ല.
13. കുളിക്കടവുകളിലെ സൗകര്യവും സ്വകാര്യതയും അഭിലഷണീയമല്ല.
14. പല വിദ്യാലയങ്ങളിലും അദ്ധ്യാപികമാർക്കും പെൺകുട്ടികൾക്കും സൗകര്യപ്രദമായ മൂത്രപ്പുരകളില്ല.
15. അനാശാസ്യപ്രവർത്തനങ്ങളിൽ ഉൾപ്പെട്ട സ്ത്രീകൾ സ്ത്രീ സമൂഹത്തിനും ഒട്ടനവധി കുടുംബങ്ങളുടെ സമാധാനലംഘനത്തിനും കാരണമാകുന്നുവെന്നത് ദുഃഖകരമാണ്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. തുല്യജോലിക്ക് തുല്യവേതന വ്യവസ്ഥ പ്രയോഗത്തിൽ വരുത്തുക
2. സ്ത്രീയുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുവാനോ അപഹാസ്യമായ പെരുമാറ്റങ്ങൾക്കു പരിഹാരം നിർദ്ദേശിക്കുവാനും ഉതുകും വിധം പഞ്ചായത്തിനുള്ളിലുള്ള വനിതാ അഡ്വക്കറ്റുമാരുടെ സഹകരണത്തോടെ ഒരു വിദഗ്ധ വനിതാ സംഘം രൂപീകരിക്കുക.
3. വിധവകളുടെ കുടുംബത്തിനും സ്ത്രീമേൽനോട്ടം വഹിക്കുന്ന കുടുംബങ്ങൾക്കും സംവരണാടിസ്ഥാനത്തിൽ സഹായധനം നൽകുക. (പാർപ്പിടം, കക്കൂസ്, ചികിത്സ, മുതലായവയ്ക്ക്)
4. പൊതുരംഗത്ത് സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുക. ആസൂത്രണ പ്രസ്ഥാനത്തിന്റെ മുഖ്യ ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് സ്വയം മുന്നോട്ടിറങ്ങുവാൻ സ്ത്രീകളും അവരെ സ്വാഗതം ചെയ്യുവാൻ തുറന്ന മനസ്സ് പുരുഷന്മാരും കാഴ്ചവെയ്ക്കുക.
5. പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലെ മാതൃസംഗമം ഊർജ്ജസ്വലമാക്കി ആൺ പെൺ വിഭാഗത്തെ ഒരുപോലെ കാണുവാനും തുല്യമനോഭാവം വളർത്തുവാനും മാതാക്കളെ പ്രോത്സാഹിപ്പിക്കുക.
6. സ്ത്രീയുടെ അദ്ധ്വാനഭാരം കുറയ്ക്കാനുള്ള മാർഗ്ഗങ്ങളും സ്ത്രീകൾ പ്രവർത്തനരംഗത്തേയ്ക്കിറങ്ങുന്നതിന്റെ ആവശ്യകതയും മനസ്സിലാക്കികൊടുക്കുക.
7. സ്വയം തൊഴിൽ കണ്ടെത്തുക എന്ന ഇനത്തിൽ ആട്, പന്നി, കോഴി, മുയൽ ഇവയെ വളർത്തുന്നതിന് ആനുകൂല്യങ്ങൾ നല്കി പ്രോത്സാഹിപ്പിക്കണം.

8. ഓരോ വാർഡിലും ഓരോ സഹകരണപ്രസ്ഥാനമെങ്കിലും വനിതകൾക്കായി സംഘടിപ്പിക്കണം.

9. എല്ലാവാർഡുകളിലും അമ്മയ്ക്കും കുഞ്ഞിനും പോഷകാഹാര പരിപാടി നിർബന്ധമാക്കണം.

10. കൂടുതൽ സ്ത്രീകൾ ഗുണഭോക്താക്കളായുള്ള ഇടങ്ങളിൽ വെള്ളം, വെളിച്ചം, വൈദ്യുതി ഇവയ്ക്ക് മുൻഗണന കൊടുക്കുക.

11. മഹിളാ സമാജങ്ങൾ സ്ഥാപിക്കുക

12. വിദ്യാലയങ്ങളിലെ യൂറിനൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

13. പുതിയ കുളിക്കടവുകൾ നിർമ്മിക്കുകയും പഴയവയുടെ അറ്റകുറ്റപ്പണികൾ തീർത്ത് സ്വകാര്യത ഉറപ്പാക്കുകയും ചെയ്യാൻ അടയന്തിരമായി ചെയ്യുക.

14. J.R.Y. തുടങ്ങിയ ഫണ്ടുകളിൽ സ്ത്രീകൾക്കുള്ള വിഹിതം അവർക്കു മാത്രമായി ചെലവിടുക.

10. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

മുത്തോലി ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി, പട്ടിവർഗ്ഗ കുടുംബങ്ങൾ പുരോഗതിയുടെ പാതയിൽ വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. മൂന്ന് മുതൽ 15 സെന്റ് സ്ഥലവും അതിൽ വെള്ളവും വെളിച്ചവും ഇല്ലാതെ കക്കൂസ് മുതലായ സൗകര്യങ്ങൾ ഇല്ലാതെ അധികം വീടുകളും പണി തീരാതെ കിടക്കുകയാണ്. ഒരു ശ്മശാനം ഇല്ലാത്തതും കൊണ്ട് ശവസംസ്ക്കാരം ഇന്ന് ഒരു വലിയ പ്രശ്നമാണ്. തെക്കുംമുറിയിലുള്ള ശ്മശാനത്തിന് പരിമിതമായ സൗകര്യമെ ഉള്ളു. തൊഴിൽ മേഖല വളരെ വിരളമായതുകൊണ്ട് വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്ക് അടിയന്തിര പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. പട്ടികജാതി സ്ത്രീകൾക്കുള്ള തൊഴിൽ മേഖല ഈ പഞ്ചായത്തിൽ ഒട്ടുതന്നെയില്ല. IRDP പോലുള്ള പദ്ധതിപ്രകാരം ധാരാളം തൊഴിൽ മേഖല ലഭ്യച്ചെങ്കിലും ഇന്നും ഈ പഞ്ചായത്തിലെ പട്ടിക ജാതി വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾ ഇന്നും സമൂഹത്തിൽ താഴെ തട്ടിൽ ആണ്.

മുത്തോലി ഗ്രാമ പഞ്ചായത്തിലെ ഏതാണ്ട് 315 വീടുകളും ആയിരത്തിലധികം അംഗങ്ങളും പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുമായിട്ടുണ്ട.

ഗ്രാമവാസികളുടെ പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ശ്രദ്ദേയമായിട്ടുള്ളത്. വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുകയാണ്. ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളിൽ ഏതാണ്ട് 30% ആളുകൾ ഇന്നും ആവശ്യമായ ഭക്ഷണത്തിന് വകയില്ലാത്തവരാണ്.

വിദ്യാഭ്യാസം

ഉന്നതവിദ്യാഭ്യാസം ലഭിച്ച ആളുകൾ വളരെ വിരളമാണ് എന്നാൽ സാമാന്യ വിദ്യാഭ്യാസം ഉള്ള ആളുകൾ ആണ് ഭൂരിഭാഗവും. വിദ്യഭ്യാസസൗകര്യം ഇവിടെ ധാരാളം ഉണ്ടെങ്കിൽപോലും എന്തുകൊണ്ടോ ആളുകളൊന്നും ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളത് ഒരു വാസ്തവം ആണ്.

തൊഴിൽ

കഴിഞ്ഞകാലങ്ങളിൽ കൃഷി പണികൾ കുലത്തൊഴിൽ ആയിരുന്നെങ്കിൽ ഇന്ന് കൃഷിപണികൾ ചെയ്യുന്ന ആളുകൾ വളരെ വിരളമാണ്. പട്ടികജാതി, വർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിൽപരമായ കാര്യങ്ങൾ ഈ പഞ്ചായത്തിൽ ഒട്ടും തന്നെയില്ലെന്നു പറയാം. വ്യക്തിപരമായോ കൂട്ടായോ ഉള്ള തൊഴിൽ മേഖലകൾ ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു.

സാമൂഹ്യപദവി

സമ്പത്തിന്റെ അളവ്കോൽ ആണല്ലോ ഈ കാലഘട്ടത്തിൽ സാമൂഹ്യപദവി ആയികണക്കാക്കുന്നത്. അതുകൊണ്ട് തന്നെ പട്ടികജാതി, വർഗ്ഗത്തിൽപ്പെട്ട ഈ പഞ്ചായത്തിലെ ആളുകൾ ഇന്ന് സാമ്പത്തികമായി വളരെ ദൂരം മുമ്പോട്ട് ആയെങ്കിൽ മാത്രമേ അവരുടെ സാമൂഹ്യപദവിക്ക് അംഗീകാരം കിട്ടുകയുള്ളു.

കോളനി സൗകര്യങ്ങൾ

ഏതാണ്ട് 315 വീടുകൾ ഉണ്ടെങ്കിലും മുത്തോലി പഞ്ചായത്തിൽ രണ്ട് പട്ടികജാതി കോളനിമാത്രമേ അംഗീകരിച്ചതുള്ളു. ഒന്ന് മഞ്ഞപ്പള്ളികുന്ന് കോളനിയും മറ്റൊന്ന് ചകിണികുന്ന് കോളനിയും ഇവിടെ രണ്ടിടത്തും കഷ്ടിച്ച് വഴി സൗകര്യമല്ലാതെ മറ്റ് പ്രാഥമിക സൗകര്യങ്ങളൊന്നുമില്ല. പല വീടുകളും പണിപൂർത്തിയാക്കാനുള്ളതും വൈദ്യുതി ഇല്ലാത്തവയുമാണ്. ഇവിടുത്തെ കോളനികളിൽ കുടിവെള്ളത്തിന് വളരെ ബുദ്ധിമുട്ടാണ്. കക്കൂസ് ഉള്ള വീടുകളും വളരെ ചുരുക്കമാണ്. ഇവയ്ക്ക് എല്ലാം അടിയന് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നാൽ മേൽപ്രസ്താവിച്ചതിനു വിപരീതമായി വിദ്യാഭ്യാസപരമായും പൊതുരംഗത്തും നല്ല മുന്നേറ്റം കാഴ്ചവയ്ക്കുന്ന വ്യക്തികളും സംഘടനകളും ഇവിടെയുണ്ട്. എന്നത് അഭിമാനകരമാണ്. സേവനതത്പരരായ ഒരു വിഭാഗത്തിന്റെ കൂട്ടായ ശ്രമത്തിന്റെ ഫലമായി ഈ പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം പ്രവർത്തിക്കുന്നു.

മുത്തോലി പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹകരണസംഘം No. K.811, പുലിയന്നൂർ

I 1. സ്ഥാപനത്തിന്റെ പേര് : മുത്തോലി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം No. K. 811

2. പ്രവർത്തന പരിധി : മുത്തോലി പഞ്ചായത്ത്

3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് : ക്രെഡിറ്റ്

4. പ്രവർത്തനം ആരംഭിച്ച വർഷം : 1990

5. ആകെ അംഗങ്ങൾ : 161

6. ഒരു ഓഹരിയുടെ വില : 10 രൂപ

7. അംഗീകൃത ഓഹരി മൂലധനം : 3 മൂലധനം

8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം : 1610 രൂപ

9. സർക്കാർ ഓഹരി ഉണ്ടോ ? : ഉണ്ട്

10. ഉണ്ടെങ്കിൽ ലഭിച്ച തുക : 10.000

11. പരമാവധി കടം എടുക്കാവുന്ന തുക : അടച്ച മൂലധനത്തിന്റെ കരുതൽ ധനത്തിന്റ 20 ഇരട്ടി.

II. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a. സ്ഥിരം : ഇല്ല

b. ഹ്രസ്വകാലം : ഇല്ല

III. നൽകിയിട്ടുള്ള വായ്പകൾ

a. കാർഷിക വായ്പകൾ

ഇനം	തുക
വാഴകൃഷി	10,000 രൂ

b. മറ്റ് വായ്പകൾ

ഇനം	തുക
1. തയ്യൽ മിഷ്യൻ	13,300 രൂപ
2. പച്ചക്കറി കച്ചവടം	10,000 രൂപ
3. മത്സ്യ കച്ചവടം	10,000 രൂപ

c. പ്രത്യേകവായ്പകൾ

ഇനം	തുക
Nil	Nil

VI സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വാഭാവം	തുക
ഇല്ല	ഇല്ല	ഇല്ല

VI സ്ഥാപനത്തിന്റെ ചെലവുകൾ

1	വാടക ചിലവ് പ്രതിമാസം	350/-
2	സെക്രട്ടറിയുടെ ശമ്പളം	1000/-

V. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

വായ്പാ	സ്വഭാവം	തുക
1	പച്ചക്കറി കച്ചവടം	4000/-
2	മത്സ്യകച്ചവടം	4850/-
3	തയ്യൽ മിഷ്യൻ	12100/-
4	ഏത്തവാഴകൃഷി	5250/-

പ്രശ്നങ്ങൾ

1. വീടുകൾക്ക് പരിമിതമായ സൗകര്യങ്ങളെ ഉള്ളു.
2. ശവം മറവ് ചെയ്യുന്നതിന് നിലവിലുള്ള ശ്മശാനം വിപുലപ്പെടുത്തുക.
3. ചികിത്സയ്ക്കും, പെൺകുട്ടികളുടെ വിവാഹത്തിനും നൽകുന്ന സഹായം വേണ്ട സമയത്ത് ലഭിക്കുന്നില്ല.
4. തൊഴിൽരഹിതരായ യുവതീയുവാക്കൾ കൂടി വരുന്നു.
5. കുടിവെള്ളവും ആവശ്യത്തിനു വൈദ്യുതിയും ലഭിയ്ക്കുന്നില്ല.
6. വീടുകളുടെ അറ്റകുറ്റപണികൾ തീർക്കുന്നതിന് ആവശ്യമായ സഹായം ചെയ്യുക.
7. സ്വന്തമായി ഭൂമിയില്ലാത്ത റോഡ്, തോട് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് സ്ഥലം വാങ്ങിച്ച് വീടുവയ്ക്കുന്നതിന് ധനസഹായം നൽകുക.
8. തൊഴിൽ പരിശീലനവും തൊഴിൽ തുടങ്ങുന്നതിനുള്ള സഹായവും നൽകുക.
9. പട്ടികജാതി കോളനിയിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.
10. തെക്കുംമുറിയിലുള്ള പട്ടികജാതി ശ്മശാനം ചുറ്റുമതിൽ കെട്ടി ഗെയിറ്റ് ഇട്ട സുരക്ഷിതമാക്കുക.
11. മുത്തോലി പഞ്ചായത്തിലുള്ള രണ്ട് ഹരിജൻ കോളനികളായി മഞ്ഞപ്പള്ളി കുന്ന്, ചകിണികുന്ന് കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.
12. പട്ടികജാതി, വർഗ്ഗ കുട്ടികൾക്ക് ആവശ്യത്തിനുള്ള പോഷകാഹാരം വിതരണം ചെയ്യുന്നതിന് ആവശ്യമായ സെന്ററുകൾ തുടങ്ങുക.
13. പട്ടികജാതി, വർഗ്ഗ കോളനികളിൽ റ്റി.വി. സെറ്റുകൾ സ്ഥാപിക്കേണ്ടതാണ്.
14. വീട് നിർമ്മാണത്തിനും കക്കൂസ് നിർമ്മാണത്തിനും ധനസഹായം നൽകുക.
15. അർഹരായ എല്ലാ കുട്ടികൾക്കും സൗജന്യമായി പഠനോപകരണങ്ങൾ നല്കുക.
16. എല്ലാ ക്ഷേമപദ്ധതികളുടെയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പഞ്ചായത്തിനെ ചുമതലപ്പെടുത്തുക.
17. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു സഹകരണ മേഖലയിൽ കുട്ട, വട്ടി, പായ്നെയ്ത്ത്, റെഡിമെയിഡ് വസ്ത്രനിർമ്മാണം, സോപ്പുനിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പ്രോത്സാഹനം നല്കുക.
18. കൃഷിഭവൻ വഴിയുള്ള സഹായങ്ങൾ പച്ചക്കറി ഉത്പാദനത്തിനു ഉപയോഗിച്ചുകൊണ്ടുള്ള തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാവുന്നതാണ്.
19. പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ എല്ലാ വാർഡിലും ആരംഭിച്ച് ചെറിയ, ചെറിയ വ്യവസായങ്ങൾ തുടങ്ങുവാനും പ്രോത്സാഹിപ്പിക്കുക.
20. സഹകരണ ബാങ്കുകളിലും മറ്റ് സ്ഥാപനങ്ങളിലും പട്ടികജാതി വർഗ്ഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ സംവരണം തത്വം പാലിക്കുക.

11. സഹകരണം

മുത്തോലി പഞ്ചായത്തിലെ സഹകരണ ചരിത്രം തുടങ്ങുന്നത് ഏതാണ്ട് മുക്കാൽ നൂറ്റാണ്ട് മുമ്പാണ്. കേരളത്തിലെ മറ്റു പല ഗ്രാമങ്ങളും സഹകരണത്തെപ്പറ്റി ചിന്തിക്കുന്നതിനു മുമ്പുതന്നെ ഇന്നത്തെ മുത്തോലി പഞ്ചായത്തതിർക്കുള്ളിലെ ജനങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നതിലും കൂട്ടായ യത്നത്തിലൂടെ അവരുടെ സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുമുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. മുത്തോലി പഞ്ചായത്തിനെ ഏതാണ്ട് രണ്ട് പകുതികളായി വേർതിരിച്ചുകൊണ്ടാണ് മീനച്ചിലാറിന്റെ ഒഴുക്ക്. മുത്തോലി പാലം പണി തീരുന്നതുവരെ ഇരുകരകളിലുമുള്ള ജനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം കുറവായിരുന്നു എന്നു പറയാം. എന്നാൽ മീനച്ചിലാറിന്റെ തെക്കുവശത്തു കിടക്കുന്ന നെയ്യൂർകരക്കാർക്ക് ആ പ്രദേശത്തുള്ള കടത്തുകടവുകൾ മൂലം വടക്കുഭാഗത്തുള്ള കരകളുമായി കൂടുതൽ ബന്ധമുണ്ടായിരുന്നു. മുത്തോലിയിലെ സഹകരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിലും ഈ ബന്ധങ്ങളും ബന്ധമില്ലായ്മയും സ്പഷ്ടമായി കാണാവുന്നതാണ്.

1926-ൽ ആണ് ആദ്യമായി ഒരു സഹകരണ സംഘം ഇവിടെ പ്രവർത്തനമാരംഭിക്കുന്നത്. മലയാള വർഷം 11-12-1102ൽ ഈ സംഘം രജിസ്റ്റർ ചെയ്യപ്പെടുകയും പന്തത്തല സഹകരണ സംഘം എന്ന പേരിൽ 24-12-1102ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഇതിന്റെ ആദ്യകാലപ്രവർത്തകരെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുവാൻ ഞങ്ങൾക്കു ഇനിയും കഴിഞ്ഞിട്ടില്ല. ഇതോടൊപ്പം തന്നെ മുത്തോലി കടവുകേന്ദ്രീകരിച്ച് വിവിധോദ്ദേശ സഹകരണ സംഘമെന്നപേരിൽ മറ്റൊരു സഹകരണ സംഘവും പ്രവർത്തനമാരംഭിച്ചെങ്കിലും പിൽക്കാലത്ത് പ്രസ്തുത സംഘം നിന്നു പോവുകയാണുണ്ടായത്. ഈ സംഘത്തിന്റെ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തത് യശ്ശശരീരനായ വർക്കി വർക്കി എലവനാലായിരുന്നു.

1927-ൽ മീനച്ചിലാറിന്റെ വടക്കുള്ള കരകളിലും തെക്കുള്ള നെയ്യൂർകരയിലെ ഏതാനും ആളുകളും ചേർന്ന് പുലിയന്നൂർ നെയ്യൂർ പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്ത് തെക്കുംമുറിയിൽ പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ. വി.എം. വർക്കിസാർ വൈപ്പനയിലും സെക്രട്ടറി ശ്രീ. ഉലഹന്നാൻ തോപ്പിലുമായിരുന്നു.

1957-ൽ നെയ്യൂർ പുലിയന്നൂർ പരസ്പര സഹായ സഹകരണ സംഘം മുത്തോലി വില്ലേജ് സഹകരണ ബാങ്ക് എന്ന പേരിലും, 1958ൽ പന്തത്തല സഹകരണസംഘം മുത്തോലി വിവിധോദ്ദേശ സഹകരണ സംഘം എന്ന പേരിലും രജിസ്ട്രേഷൻ നേടുകയുണ്ടായി. ഈ രണ്ടു സഹകരണ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനപരിധി മുത്തോലി പഞ്ചായത്തുപ്രദേശം മുഴുവനായിരുന്നു.

1. മുത്തോലിസർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 1631

1957-ൽ രജിസ്റ്റർ ചെയ്ത മുത്തോലി വില്ലേജ് സഹകരണബാങ്കിന്റെ ആദ്യത്തോ പ്രസിഡന്റ് ഡോ. കെ.റ്റി. സഖറിയാസ് പാറയിൽ ആയിരുന്നു. അദ്ദേഹത്തെ കൂടാതെ സർവ്വശ്രീ തോമസ് ഒഴുകയിൽ, തൊമ്മച്ചൻ തോമസ് പാറയിൽ, സി.റ്റി. മത്തായി ചിറ്റേട്ട്, കെ. ഗോപിനാഥൻനായർ കോനാട്ട് മുതലായവർ ഈ ബാങ്കിന് നേതൃത്വം നൽകി. 1962-ൽ മുത്തോലി സർവ്വീസ് സഹകരണബാങ്കായി ഈ സ്ഥാപനം ഉയരുകയും ഒരു paid സെക്രട്ടറിയെ വച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു. 1963ൽ പഞ്ചായത്തിലെ മറ്റൊരു ബാങ്കായ പന്തത്തല - മുത്തോലി ഈസ്റ്റ് ബാങ്കുമായുള്ള അതിർത്തിത്തർക്കം - സഹകരണമനോഭാവത്തിൽ തന്നെ ഡപ്യൂട്ടി രജിസ്ട്രാറുടെ മദ്ധ്യസ്ഥതയിൽ ചർച്ചചെയ്തു പരിഹരിക്കുകയുണ്ടായി. അതിന്റെ ഫലമായി മുത്തോലി ബാങ്കിന്റെ പ്രവർത്തനപരിധി മീനച്ചിലാറിന്റെ വടക്കുവശത്തുള്ള തെക്കുംമുറി പടിഞ്ഞാറ്റിൻകര, പുലിയന്നൂർ, കാണിയക്കാട് എന്നീ നാലുവാർഡുകളും ആറിന്റെ തെക്കുവശത്തുള്ള നെയ്യൂർവാർഡിന്റെ പകുതി ഭാഗവുമായി നിശ്ചയിക്കുകയും ചെയ്തു. നെയ്യൂർ തോടിന്റെ പടിഞ്ഞാറുഭാഗം മുത്തോലി ഈസ്റ്റ് ബാങ്കിന്റെ പ്രവർത്തനപരിധി മീനിച്ചിലാറിന്റെ

തെക്കുവശത്തുള്ള വെള്ളിയേപ്പള്ളി, മീനച്ചിൽ പന്ത ത്തല വാർഡുകളും നെയ്യൂർ വാർഡിന്റെ പകുതി യുമായി നെയ്യൂർ തോടിന്റെ കിഴക്കുഭാഗം പരസ്പര ധാരണയോടെ പ്രവർത്തനപരിധി നിശ്ചയിച്ചതിനാൽ ബാങ്കിന് ഗവർമെൻന്മറിൽനിന്നും ഷെയർ കാപ്പിറ്റ ലും ഗോഡൗൺ ഗ്രാന്റും കിട്ടുവാനും അവസരമു ണ്ടായി.

ആദ്യം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചി രുന്ന മുത്തോലി ബാങ്ക് 1974-ൽ തെക്കുംമുറിയിൽ സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിത് പ്രവ ർത്തനം അങ്ങോട്ടു മാറ്റി. 1983-ൽ ഗോഡൗൺ സൗകര്യത്തോടുകൂടിയ Head Office വിപുലീകരി ക്കുകയും 1985 ൽ നെയ്യൂരും പടിഞ്ഞാറ്റിൻകരയി ലും ഓരോ ബ്രാഞ്ചുകൾ ആരംഭിക്കുകയും ചെയ്തു. 1989ൽ പ്രസ്തുത ബ്രാഞ്ചും സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി.. ഡോ. കെ.റ്റി. സഖറിയാസി നുശേഷം സർവ്വശ്രീ. പി.ജെ. കോര പേഴത്താനിൽ, ജേക്കബ് മണ്ണനാൽ, റ്റി.ജെ. ജോസഫ് തച്ചേട്ട്, സഖറിയാ കളത്തിപ്പുല്ലാട്ട്, സി.റ്റി. മത്തായി ചിറ്റേ ട്ട്, എൻ. രാമനാഥഅയ്യർ എന്നിവർ ബാങ്കന്റെ പ്രസിഡന്റ്മാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോ ഴത്തെ പ്രസിഡന്റ് ശ്രീ. ജേക്കബ് മണ്ണനാൽ വിവിധ കാലങ്ങളിലായി 27 വർഷം ബാങ്കിന്റെ സാരഥ്യം വഹിച്ചിട്ടുണ്ട്.

കേരളത്തിലുള്ള 1580 പ്രാഥമിക ക്രെഡിറ്റ് ബാങ്കുകളിൽ 1000 നുമേൽ ബാങ്കുകൾ നഷ്ടത്തിൽ നടക്കുന്ന ഈ അവസരത്തിൽ മുത്തോലി ബാങ്ക് നാൾക്കുനാൾ അഭിവൃദ്ധിയിലേക്ക് കുതിച്ചുകൊണ്ടി രിക്കുകയാണ്. അംഗങ്ങൾക്ക് 15% ഡിവിഡന്റുകൊ ടുക്കുന്ന ചുരുക്കം ചില സഹകരണ ബാങ്കുകളി ലൊന്നാണിത്. ഹെഡോഫീസിലും ബ്രാഞ്ചുകളിലു മായി 10,75,000 രൂപ സലയുള്ള 43 ചിട്ടികൾ ബാങ്കു നടത്തിവരുന്നു. എന്നത് ഈ സ്ഥാപനത്തി ന്റെ ഒരു പ്രത്യേകതയാണ്. ജീവനക്കാരുടെ ശബ ളത്തിന്റെ പകുതിയലധികം ചീട്ടിക്കമ്മീഷനിൽ നിന്നു തന്നെ കിട്ടുന്നു എന്നത് ഈ ബാങ്കിനെ ലാഭത്തിലെത്തിക്കുവാൻ ഒരു പ്രധാന പങ്കുവഹിച്ചി ട്ടുണ്ട്. 4000 A ക്ലാസ്സ് അംഗങ്ങളും 2000 B ക്ലാസ്സ് അംഗങ്ങളുമുള്ള ഈ ബാങ്കിന്റെ നിക്ഷേപം 7.5 കോടി രൂപയാണ്.

ഹെഡോഫീസിലും ബ്രാഞ്ചുകളിലും കൺസ്യൂ മർ സ്റ്റോറുകളും വളം ഡിപ്പോകളും വിജയകരമായി പ്രവർത്തനം നടത്തുന്നു.

2. മുത്തോലി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1606

മുത്തോലിയിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനവും 1962ൽ രജിസ്റ്റർ ചെയ്തതുമായ പന്ത ത്തല സഹകരണ സംഘമാണ് പിൽക്കാലത്ത് മുത്തോലി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. 1606 ആയി രൂപാന്തരപ്പെട്ടത്. 1958-ലാണ് പ്രസ്തുതസംഘം മുത്തോലി പഞ്ചായത്ത് മുഴു വൻ പ്രവർത്തകനപരിധിയുള്ള വിവിധോദ്ദേശ സഹ കരണസംഘമായി മാറിയത്. ഇതിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ. കാനാട്ട് വർക്കി സാറായിരുന്നു. അദ്ദേഹത്തെ കൂടാതെ മണ്ണാകുന്നേൽ സഖറിയാ സാർ, കുഞ്ഞൻ ഞള്ളിയിൽ, എം.കെ. മാധവൻ നായർ പേങ്ങാങ്കൽ, എംഎസ്. ഗോപാലൻ നായർ, എ.ജെ. ജോസഫ് ഏർത്തുമല, തോമസ് പെരുമ ണ്ണിൽ എന്നിവർ ഇതിന്റെ ആദ്യകാല പ്രവർത്തക രും ബോർഡു മെമ്പർമാരുമായിരുന്നു. പാലമറ്റത്തിൽ തോമസ് സാർ, എ.കെ. കേശവൻസാർ വള്ളിയാങ്ക ൽ, പ്ലാത്തോട്ടത്തിൽ സഖറിയാ സാർ, ഞാറ്റുകാല കുന്നേൽ എൻ.ജെ. ജോസഫ്, വളവനാൽ മത്തായി ഓസേഫ്, മഠത്തിൽ ചുമ്മാരു ചെറിയത്, പനയ്ക്കൽ കോര വൈദ്യൻ എന്നിവർ ഈ ബാങ്കിന്റെ ആദ്യ കാലവളർച്ചയിൽ കാതലായ സംഭാവനകൾ നൽ കിയിട്ടുള്ളവരാണ്. 1958 മുതൽ 1966 വരെ മുത്തോലി കടവിലാണ് സംഘം പ്രവർത്തിച്ചിരുന്ന ത്. 1966ൽ പന്തത്തല കൊടുഞ്ഞൂത്താഴെ ബിൽ ഡിംഗ്സിലേക്കു പ്രവർത്തനം മാറ്റുകയും 1983ൽ മുത്തോലി ഈസ്റ്റ് സർവീസ് സഹകരണബാങ്കായി ഉയർത്തപ്പെടുകയും ചെയ്തു. 1981ൽ ബാങ്കിന് സ്വന്തം കെട്ടിടം പണിത് പ്രവർത്തനം അതിലേക്കു മാറ്റുകയും 1989ൽ മുത്തോലി കടവിൽ ഒരു ബ്രാഞ്ചു തുടങ്ങുകയും ചെയ്തു. ഇപ്പോൾ ബ്രാഞ്ചും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കർഷകരുടെ സൗകര്യാർത്ഥം വളംഡിപ്പോയും ഓണചന്തയും നട ത്തുന്നുണ്ട്. ബാങ്ക് മുന്നാളായി ചിട്ടികളും നടത്തു ന്നു. 3355 അംഗങ്ങളുള്ള ഈ ബാങ്കിന് ഒന്നേ കാൽ കോടിയുടെ നിക്ഷേപമുണ്ട്. കാനാട്ട് വർക്കി സാർ, മണ്ണനാകുന്നേൽ സഖറിയാസാർ, പതിയിൽ തോമസ് സാർ, പ്രൊഫ. എ.വി. ആന്റണി എലവ നാൽ, പി.എം. മാത്യു പുളിക്കൽ തുടങ്ങിയവർ ബാങ്കു പ്രസിഡ ാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇ പ്പോഴത്തെ പ്രസിഡന്റ് അഡ്വ. ഐസക്ക് മേനാംപറ മ്പിലാണ്.

3. മറ്റു സഹകരണ സംഘങ്ങൾ

മേൽപ്പറഞ്ഞ രണ്ടു ക്രെഡിറ്റ് സംഘങ്ങൾക്കു പുറമേ മുത്തോലിയിൽ പ്രവർത്തിക്കുന്ന മറ്റു സഹകരണ പ്രസ്ഥാനങ്ങൾ താഴെ പറയുന്നവയാണ്.

1. മുത്തോലി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം No. K. 811 (ചാർട്ട്) പ്രസിഡന്റ് എൻ.ഡി. ബാബു, മൂന്നുതൊട്ടിയിൽ ആണ്.

2. മുത്തോലി ക്ഷീരോൽപ്പാദന സഹകരണ സംഘം ക്ലിപ്തം No. K. 44 (D) Apcos

1982-ൽ ശ്രീമാന്മാർ വി.എം. മാത്യു കങ്ങഴക്കാട്ട്, എം.ജെ. ജോസഫ് മറ്റപ്പള്ളിൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 71 അംഗങ്ങളുണ്ട്. സംഘം പ്രതിവർഷം രണ്ടു ലക്ഷം രൂപയോളം ഉല്പാദകർക്ക് പാൽ വിലയായി നമൽകുന്നു. ഇതിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. വർഗീസ് കുളത്തറയാണ്.

3. മലനാട് ക്ഷീരോല്പാദക സഹകരണ സംഘം മുത്തോലി

4. St. Antony's School സഹകരണ സംഘം

5. St. Joseph's School സഹകരണ സംഘം

6. THS Technical School സഹകരണ സംഘം

മുത്തോലി പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി അഞ്ച് റബർ പ്രൊഡിയൂസേഴ്സ് സൊസൈറ്റികൾ റബ്ബർ കർഷകരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തെക്കുമുറി RPS കോട്ടയം ജില്ലയിലെ ഏറ്റവും നല്ല ഒരു സൊസൈറ്റിയായി അറിയപ്പെടുന്നു. രണ്ടു നെല്ലുൽപ്പാദക സംഘങ്ങളും, കുരുമുളകു വികസന സമിതിയും, നാളികേര വികസന സമിതിയും വിവിധ ചെറുകിട കർഷക സംഘങ്ങളും സ്തുത്യർഹമായ വിധത്തിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

മീനച്ചിൽ താലൂക്ക് അഗ്രി. ഡവല്പമെന്റ് ബാങ്ക്, പാലാ മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, മീനച്ചിൽ റബർ ഗ്രോവേഴ്സ് പ്രോസസിങ്ങ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സഹകരണ പ്രസ്ഥാനങ്ങളുടെ പരിധിയിൽ മുത്തോലി പഞ്ചായത്തു വരുന്നതിനാൽ ഇവിടുത്തെ ജനങ്ങളിൽ പലരും ഇവയിൽ അംഗങ്ങളായി പ്രവർത്തിച്ചുവരുന്നു. പാലാ മാർക്കറ്റിങ്ങ് സൊസൈറ്റിയിലും, AD ബാങ്കിലും മുത്തോലിയിൽനിന്നുള്ള ഡയറക്ടർ ബോർഡംഗങ്ങൾ സേവനമനുഷ്ഠിക്കുന്നുണ്ട്.

1. ശ്രീ. എമ്മാനുവൽ കോലടി
2. ശ്രീ. ജോസ് പാലമറ്റം

കേരളത്തിലെ സഹകരണാടിസ്ഥാനത്തിലുള്ള ഏറ്റവും വലിയ ക്രബ് റബർ ഫാക്ടറി INDIAR മുത്തോലി പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചാബ് റാവു ദേശ്മുഖ് അവാർഡുകിട്ടിയ കേരളത്തിലെ ഏകസ്ഥാപനവും ഇതാണ്. പാലാ മാർക്കറ്റിങ്ങ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു വ്യവസായ സംരംഭമായ പ്രസ്തുത ഫാക്ടറിയിൽ 200 ഓളം ജീവനക്കാരുണ്ട്. വളരെ ലാഭത്തിൽ ഓടുന്ന ഈ ഫാക്ടറിയുടെ വാർഷിക ടേൺ ഓവർ 14 കോടി രൂപയാണ്.

പ്രശ്നങ്ങൾ

1. നല്ലരീതിയിൽ പ്രവർത്തിക്കുന്ന രണ്ടു ക്രെഡിറ്റ് സംഘങ്ങൾ ഉണ്ടെങ്കിലും സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്കും ഈ ബാങ്കുകളിൽ നിന്നു വായ്പകിട്ടുവാൻ പ്രയാസമാണ്. വസ്തു ഉള്ളവർ ജാമ്യം നിൽക്കണമെന്നു സ്ഥിതി ഇവർക്കു പ്രയാസമുണ്ടാക്കുന്നു.

2. സഹകരണസംഘങ്ങളിലുള്ള അമിതമായ സർക്കാർ നിയന്ത്രണം പ്രവർത്തനം വിപുലീകരിക്കുവാനും സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കും തടസ്സമായിനില്ക്കുന്നു.

3. പഞ്ചായത്തിലെ സംഘങ്ങളിലുള്ള കോടികളുടെ നിക്ഷേപം ഈ നാട്ടിലെ ജനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രത്യുൽപാദനപരമായ ഏതെങ്കിലും സംരംഭത്തിനു വേണ്ടി നിക്ഷേപിക്കാൻ സംഘങ്ങൾ തയ്യാറാവുന്നില്ല.

4. രണ്ടുക്ഷീരോല്പാദന സംഘങ്ങൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് ഗുണം കിട്ടത്തക്കവിധത്തിൽ പ്രവർത്തനം വിപുലീകരിക്കുവാൻ ഇവയ്ക്കു കഴിഞ്ഞിട്ടില്ല.

5. തൊഴിലില്ലാത്ത വീട്ടമ്മമാരുടെ സമയവും കഴിവുകളും പ്രയോജനപ്പെടുത്താൻ ഒരു വനിതാ സഹകരണസംഘത്തിന്റെ അഭാവമുണ്ട്.

6. നിലവിലുള്ള പട്ടികജാതി സഹകരണസംഘം ഇതുവരെ ബാലാരിഷ്ടതകൾ പിന്നിട്ടിട്ടില്ല. പഞ്ചാ

യത്തിലെ പട്ടികജാതിയിൽപ്പെട്ട എല്ലാവർക്കും സ്ഥായിയായ സഹായങ്ങൾ ചെയ്യുവാൻ തക്ക പ്രാപ്തി പ്രസ്തുതസംഘത്തിനില്ല.

7. കർഷകരുടെ ഉല്പന്നങ്ങൾ മാർക്കറ്റുചെയ്യുവാൻ സഹായകരമായ ഒരു സഹകരണ സംഘത്തിന്റെ അഭാവം ഉണ്ട്.

8. എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിനു അംഗങ്ങൾ വരുത്തുന്ന കാലതാമസം ക്രഡിറ്റ് സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.

സാധ്യതകൾ

1. ക്രഡിറ്റ് സംഘങ്ങൾ വായ്പ കൊടുക്കുന്നതിൽ ഒരു നിശ്ചിത ശതമാനം പട്ടികജാതിക്കാർക്കും അവശവിഭാഗത്തിനുമായി മാറ്റിവയ്ക്കുക.

2. സഹകരണസംഘങ്ങളുടെ മേലുള്ള സർക്കാർ നിയന്ത്രണം കഴിവതും കുറയ്ക്കുക.

3. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുകയും പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ടവർക്ക് ആവശ്യമുള്ള വായ്പകൾ കൊടുക്കുവാൻ പറ്റിയ സാമ്പത്തിക നില കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ആവശ്യമായ സർക്കാർ സഹായം ഉറപ്പുവരുത്തുക.

4. വനിതകൾക്കുവേണ്ടി ഒരു വനിതാ സഹകരണസംഘം തുടങ്ങുവാനുള്ള നടപടികൾ ആരംഭിക്കുകയും ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുഷ്പകൃഷിയിലും മറ്റും വനിതകൾക്കുള്ള കഴിവുകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

4. പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സൗകര്യത്തിനായി ഒരു കർഷക സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

5. പന്നി വളർത്തൽ, കോഴി വളർത്തൽ എന്നീ ആദായകരമായ തൊഴിൽ പ്രോത്സാഹിപ്പിക്കുവാൻ ഒരു സഹകരണ പ്രസ്ഥാനം വിജയകരമായി നടത്താവുന്നതാണ്.

6. മുത്തോലി ഗ്രാമപഞ്ചായത്തിലുള്ള പാടശേഖരങ്ങൾ ഏതാണ്ട് 6 മാസത്തോളം തരിശായി കിടക്കുകയാണ്. ഈ പാടശേഖരകർഷകരെയും മറ്റു കർഷകരെയും സംഘടിപ്പിച്ച് ഒരു പഴം പച്ചക്കറി സഹകരണ സംഘം ഉണ്ടാക്കാവുന്നതാണ്.

7. മുത്തോലി ഗ്രാമ പഞ്ചായത്തിലുള്ള സഹകരണബാങ്കുകളിൽ ഉള്ള മിച്ചനിക്ഷേപം പഞ്ചായത്തിൽ തന്നെ മുതൽ മുടക്കി പ്രത്യുൽപാദനപരമായ സംരംഭങ്ങൾ തുടങ്ങുവാനുള്ള സാഹചര്യം ഉണ്ടാക്കണം.

പട്ടിക

ക്രമനമ്പർ	പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരി മൂലധനം	നിക്ഷേപം (ലക്ഷത്തിൽ)	വായ്പകൾ		പ്രവർത്തനമൂലധനം	ലാഭമോ നഷ്ടമോ
							കാർഷികം	കാർഷികേതരം		
1.	മുത്തോലി സർവ്വീസ് സഹകരണബാങ്ക് No. 1631	1927	മുത്തോലി പഞ്ചായത്ത് 1-8	A 3993 B 2013	20.5 ലക്ഷം	729 ലക്ഷം	10.8 ലക്ഷം	338 ലക്ഷം	729 ലക്ഷം	ലാഭം
2.	മുത്തോലി ഈസ്റ്റ് സർവ്വീസ് സഹകരണബാങ്ക് No. 1606	1927	മുത്തോലി പഞ്ചായത്ത് 2,3,4 & 9 വാർഡുകൾ	3355	15 ലക്ഷം	123 ലക്ഷം	2.6 ലക്ഷം	6.6 ലക്ഷം	123 ലക്ഷം	ലാഭം

12. വിഭവസമാഹരണം

9-ാം പഞ്ചവത്സര പദ്ധതി മുഖേന നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ചുമതലയിലും നേതൃത്വത്തിലും നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുകയാണല്ലോ? 1994ലെ കേരളാ പഞ്ചായത്തു രാജ് ആക്ട് നടപ്പിലാക്കിയതോടെ പഞ്ചായത്തുകളുടെ അധികാരങ്ങൾ വളരെയധികം വർദ്ധിക്കുകയും പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ പ്രാദേശിക ഗവണ്മെന്റുകൾ എന്ന നിലയിലേക്ക് വളരുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിൽ ഇന്നു നിക്ഷിപ്തമായട്ടുള്ള അധികാരങ്ങളും, ചുമതലകളും ഫലപ്രദമായി വിനിയോഗിക്കുന്നതിന് പ്രാദേശിക വിഭവസമാഹരണം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കേരളത്തിനെ ഏതാണ്ട് എല്ലാ പഞ്ചായത്തിലും വികസനപ്രവർത്തനങ്ങൾക്കുള്ള പ്രധാന തടസ്സം പഞ്ചായത്തിന്റെ ധനസ്ഥിതിയുടെ ദൗർബല്യമാണ്.

1995-96 വർഷത്തിൽ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ തനതുവരവ് (ഗവണ്മെന്റ് ഗ്രാന്റുകൾ കൂടാതെ) താഴെപ്പറയും പ്രകാരമാണ്.

1.	വിവിധ ഇനം നികുതികൾ ലൈസൻസ് ഫീ മുതലായവ	3,49,943.85
2.	പേലം വഴിവരവ്	1594.20
	ആകെ	3,51538.05

1995-96ൽ ഗവൺമെന്റിൽ നിന്നും പഞ്ചായത്തിനുലഭിച്ചിട്ടുള്ളതും, പഞ്ചായത്തു ഫണ്ടിന്റെ ഭാഗമായി പരിഗണിക്കേണ്ടതുമായ സർക്കാർ ഗ്രാന്റുകൾ താഴെപ്പറയുന്ന പ്രകാരമാണ്

1.	വസ്തു കൈമാറ്റ നികുതിയുടെ 75%	1,52,300.00
2.	അടിസ്ഥാന നികുതി ഗ്രാന്റ്	35431.00
3.	എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്	95936.00
	ആകെ	2,83,667.00

ഇനി 95-96 വർഷത്തിലെ ചെലവിനങ്ങളിലേക്ക് കണ്ണോടിക്കാം.

(അവലംബം: പഞ്ചായത്തു രേഖകൾ)

1.	ഭരണച്ചെലവ്	4,33,464.70
2.	പൊതുമരാമത്ത്	68909.00
3.	പത്രം	13370.10
4.	വിദ്യാഭ്യാസം, ഉച്ചക്കഞ്ഞി	9555.50
5.	തെരുവുവിളക്ക്	56849.30
	ആകെ	5,82,148.60

95-96ലെ വിവിധയിനം മറ്റുസർക്കാർ ഗ്രാന്റുകൾ താഴെ പറയുന്നവയാണ്.

1.	ഉപാധി രഹിതഫണ്ട്	259030.00
2.	V.T.C. ഗ്രാന്റ്	1,63,409.00
3.	ഇന്ദിരാവികാസ് പത്ര-ഗ്രാന്റ്	1,87,500.00
4.	JRY	1,55,200.00
5.	M.I. ഗ്രാന്റ്	4557.00
6.	V.R.M. ഗ്രാന്റ്	18513.00
ആകെ		7,88,209.00

ഈ തുകകൂടിച്ചേർത്ത് വികസനപ്രവർത്തനങ്ങൾക്ക് 95-96ലും 96-97 ലുമായി ചെലവഴിച്ചിട്ടുള്ളതാണ്.

പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ വിവിധ ഇനങ്ങളിലുള്ള വരവും ചെലവും അടങ്ങുന്ന ഒരു പട്ടിക താരതമ്യ പഠനത്തിനായി കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

ഈ പട്ടികയിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വികസനപ്രവർത്തനങ്ങൾക്കായി അധികമൊന്നും ചെലവഴിക്കപ്പെട്ടുന്നില്ല. അത്, പഞ്ചായത്തിന്റെ ഭരണ ചെലവ് നിർവഹിക്കുന്നതിനു മാത്രമേ ഉതകുന്നുള്ളു. വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റുകളെയാണ് ആശ്രയിച്ചിട്ടുള്ളത്. കഴിഞ്ഞ കാല

യളവിൽ വികസനപ്രവർത്തനങ്ങൾ പ്രധാനമായും നടന്നിട്ടുള്ളത് അൺടൈഡ് ഫണ്ട്, V.T.C. ഗ്രാന്റ് എന്നീ ഇനങ്ങളിലുള്ള തുക ഉപയോഗിച്ചാണ്. സാമൂഹ്യക്ഷേമപദ്ധതികളിൽ പലതും നടപ്പിലാക്കിയിട്ടുള്ളത് അൺടൈഡ് ഫണ്ട്, JRY എന്നീ ഗവണ്മെന്റു ഫണ്ടുകൾ ഉപയോഗിച്ചാണ്.

പഞ്ചായത്തിന്റെ നികുതി ഇനങ്ങളെ അല്പം വിശദമായി ഒന്നു പരിശോധിക്കാം.

1. കെട്ടിടനികുതി

കഴിഞ്ഞ 5 വർഷംകൊണ്ട് കെട്ടിടനികുതിയിൽ 2,200,000 രൂ. വർദ്ധനവ് വന്നിട്ടുണ്ട് എന്നതു ശരിയാണ്. എന്നാൽ കെട്ടിടനികുതി ചുമത്തുന്നതിൽ ശാസ്ത്രീയമായ ഒരു പുനരവലോകനം ഉണ്ടാകേണ്ടിയിരിക്കുന്നു. എല്ലാ കെട്ടിടങ്ങൾക്കും വാടക നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി എന്നതു മാറ്റി. യഥാർത്ഥത്തിൽ വായകയ്ക്കു കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്കു മാത്രം വാടക നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുക. വീടുകൾക്ക് അവയുടെ വിസ്തീർണ്ണം, അതിലെ ആധുനികസൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുക്കുന്നതാണ് കൂടുതൽ യുക്തിസഹം. ഈ രീതിയിൽ ഒരു പൊതുമാനദണ്ഡം ആവിഷ്കരിച്ചാൽ ഈ രംഗത്തെ നികുതി നിർണ്ണയത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനും, നികുതി നിരക്കിൽ ഒരു ഏകീകൃത സ്വഭാവം കൈവരിക്കുന്നതിനും കഴിയുന്നതാണ്. 10 ലക്ഷം രൂപയിൽ കവിഞ്ഞ നിർമ്മാണച്ചെലവുള്ള കെട്ടിടങ്ങൾക്ക്, ഒരിക്കൽ മാത്രം അടയ്ക്കണം എന്ന വ്യവസ്ഥയിൽ ആകെ നിർമാണച്ചെലവിന്റെ 2% വരുന്ന നിരക്കിൽ ഒരു സൂപ്പർ ടാക്സ് ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

2. തൊഴിൽനികുതി

തൊഴിൽ നികുതി ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലംകൊണ്ട് 46881 രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രാദേശികമായി വളർന്നുവന്നിട്ടുള്ളതും, വളരെ ലാഭകരവുമായ പല തൊഴിൽമേഖലകളിൽനിന്നും അർഹമായ നിരക്കിൽ തൊഴിൽ നികുതി പിരിവ് ഉണ്ടായിട്ടില്ല. റബ്ബർ നേഴ്സറികൾ, ഇഷ്ടികക്കളങ്ങൾ, മുതലായവ ഇനിയും കൂടുതലായി ശ്രദ്ധിക്കപ്പെടേണ്ട മേഖലകളാണ്. കാർഷികതൊഴിൽ നികുതി നിരക്ക് പുനപ്പരിശോധിക്കേണ്ടതാണ്. റബ്ബർ കൃഷിക്ക് പ്രാമുഖ്യമുള്ള ഈ പഞ്ചായത്തിൽ കാർഷിക രംഗത്തെ വരവിന് ആനുപാതികമായി രീതിയിൽ കാർഷിക തൊഴിൽ നികുതി പുനരവലോകനം ചെയ്യേണ്ടതാണ്. ഓരോ രുത്തരുടേയും പേരിലുള്ള കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിലും റബ്ബർ ഉല്പാദനത്തെ ഒരു പ്രധാനഘടകമായി സ്വീകരിച്ചുകൊണ്ടും തൊഴിൽ നികുതി നവീകരിക്കുകയും ചെയ്യണം.

3. മണൽ ലേലം.

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാനവരുമാനമാർഗ്ഗങ്ങളിൽ ഒന്ന് മീനച്ചിലാറ്റിൽ നിന്നുമുള്ള മണൽലേലമായിരുന്നു. 90-91 മുതൽ ഈ ഇനത്തിലുള്ള വരുമാനത്തിൽ ക്രമാനുഗതമായ ഒരു വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. 94-95 ൽ ഈ ഇനത്തിലുള്ള വരുമാനം 1,34,507 രൂപയായിരുന്നു. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ മണൽ ലേലം ചെയ്യുന്നതിനുള്ള അവകാശം ഗവണ്മെന്റ് ഏറ്റെടുക്കുകയുണ്ടായി. അതിനുശേഷം ചില സാങ്കേതിക കാരണങ്ങളാൽ മണൽ ലേലം നിർത്തിവയ്ക്കുകയും ചെയ്തു. 95-96ൽ മണൽ ലേലം ഇനത്തിൽ പഞ്ചായത്തിന് കുറഞ്ഞത് മുന്നുലക്ഷം രൂപയെങ്കിലും കിട്ടേണ്ടതായിരുന്നു എന്നു കണക്കാക്കാം.

4. ലൈസൻസ് ഫീസുകൾ

കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവു പരിശോധിച്ചാൽ ഈ ഇനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നു കാണാം. അനേകം സ്ഥാപനങ്ങൾ ഇനിയും ലൈസൻസ് എടുക്കേണ്ടതായിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. ഇവരെക്കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ പൊതുജനക്ഷേമത്തിനുതകും വണ്ണം നിയന്ത്രിക്കുന്നതിന് ഇതു വളരെ അത്യന്താപേക്ഷിതമാണ്. പുതിയ പഞ്ചായത്തു രാജ് ആക്റ്റ് പ്രകാരം അബ്കാരി സ്ഥാപനങ്ങൾക്കും പഞ്ചായത്തു ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സാധാരണ നിരക്കിലുള്ള ലൈസൻസ് ഫീസ് മാറ്റി ഉയർന്ന ലൈസൻസ് നിരക്ക് തീരുമാനിക്കേണ്ടതാണ്.

5. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം.

മുത്തോലി ഗ്രാമപഞ്ചായത്തു പ്രദേശത്ത് രണ്ടു സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ആകെ നിക്ഷേപമൂലധനം ഏതാണ്ട് 9 കോടി രൂപയോളം വരും. എന്നാൽ വികസിത പ്രവർത്തനങ്ങൾക്ക് ഈ തുക പ്രയോജനപ്പെടുത്താൻ പഞ്ചായത്തിനു കഴിയുന്നില്ല. വികസനോന്മുഖവും, ലാഭകരവുമായ പദ്ധതികൾക്ക് ബാങ്കുകളിൽ നിന്നു വായ്പ എടുക്കുന്നതിന് പഞ്ചായത്തിനു സാധിക്കുന്നതായാൽ അത് വികസന പ്രവർത്തനങ്ങൾക്കുള്ള മൂലധനം സമാഹരിക്കുന്നതിന് വളരെ ഫലപ്രദമായ ഒരു മാർഗ്ഗമായിരിക്കും. തന്നെയുമല്ല R.D.B. പോലെയുള്ള സ്ഥാപനങ്ങളിൽനിന്നും ഭീമമായ പലിശയ്ക്കും വളരെയധികം ബാദ്ധ്യത വരുത്തുന്ന തരത്തിലുള്ള നിബന്ധനകൾക്കും വിധേയമായി മൂലധനം സമാഹരിച്ച് പഞ്ചായത്ത് കടക്കെണിയിൽ വീഴുന്നത് ഒഴിവാക്കുന്നതിനും സാധിക്കും.

6. മനുഷ്യ വിഭവശേഷി

നമ്മുടെ രാജ്യത്തിന്റെ എന്നതുപോല, ഈ പഞ്ചായത്തിന്റെയും ഏറ്റവും വലിയ വിഭവം എന്നത് മനുഷ്യന്റെ അദ്ധ്വാനശേഷിയാണ്. പഞ്ചായത്തിലെ അദ്ധ്വാനിക്കുന്നതിനു തയ്യാറുള്ള യുവജനങ്ങളുടെ കർമ്മശേഷി നിർമ്മാണപ്രവർത്തന രംഗത്തേക്കു തിരിച്ചുവിട്ടാൽ അതിന്റെ ഫലം അത്ഭുതാവഹമായിരിക്കും. സന്നദ്ധസംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, സാംസ്കാരിക-സാമൂദായിക പ്രസ്ഥാനങ്ങൾ മുതലായവയ്ക്ക് ഈ മേഖലയിൽ നിർണ്ണായക പങ്കു വഹിക്കാൻ കഴിയും. നമ്മുടെ നിർമാണ-വികസന രംഗങ്ങളിൽ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്ന ഇതു സഹായകരമാകും.

എന്നാൽ ഇത് സാധിതപ്രായമാക[illegible]ിൽ മരാമത്തുപണികൾ സംബന്ധിച്ച നിയമങ്ങളും, അവയുടെ നിർവഹണവും വളരെയേറെ സുതാര്യമായിരിക്കേണ്ടതുണ്ട്. ഇന്നത്തെ, ആവശ്യത്തിലേറെ സാങ്കേതിക ജഡിലമായ മരാമത്തുചട്ടങ്ങൾ പിന്തുടരുന്നതു മൂലം പൊതുജനപങ്കാളിത്തവും, പ്രാദേശിക വിഭവസമാഹരണവും മരാമത്തു പണികളിൽ ഉപയോഗിക്കുക എന്നതു വളരെയേറെ ബുദ്ധിമുട്ടാണ്. ആകയാൽ ഇവയ്ക്ക് ഉതകുംവണ്ണം മരാമത്തു ചട്ടങ്ങൾ, അഴിമതിക്കു പഴുതില്ലാത്ത വിധത്തിൽ ലഘൂകരിച്ച് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കു വേണ്ടിലളിതമായ പൊതുമരാമത്തു ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്. മരാമത്തു പണികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും തദ്വാരാ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും ഇതു മൂലം സാധിക്കുന്നതാണ്.

7. മറ്റിനങ്ങളിലുള്ള വരവുകൾ

ഈ പഞ്ചായത്തിൽ ഷോപ്പിംഗ് സെന്ററുകൾ, സിനമാതീയെറ്ററുകൾ, മാർക്കറ്റുകൾ, എന്നീ സ്ഥാപനങ്ങൾ ഇല്ല. പാലാ നഗരസഭയോടു തൊട്ടുകിടക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ ഇവയ്ക്ക് വലിയ പ്രസക്തി ഉണ്ടെന്നും തോന്നുന്നില്ല.

പഞ്ചായത്തിന്റെ വിവിധ ഭിഗങ്ങളിൽ വഴിയോരത്ത് പാർക്കു ചെയ്യുന്ന ടാക്സി, ഓട്ടോറിക്ഷ, എന്നിവയ്ക്ക് സ്റ്റാൻഡു നിർമ്മിച്ച് ഇവയുടെ പാർക്കിംഗ് അവിടെ ആക്കേണ്ടതും, ഇവയിൽ നിന്നും ഫീസ് പിരിക്കാവുന്നതുമാണ്. മാത്രമല്ല പഞ്ചായത്തു പ്രദേശത്ത് ഓടുന്ന ഓട്ടോ റിക്ഷകൾക്കും ടാക്സികൾക്കുമായി ഒരു പെർമിറ്റ് പഞ്ചായത്ത് പെർമിറ്റ് ഏർപ്പെടുത്തുന്നതും, ഇവയ്ക്ക് ന്യായമായ ഒരു ഫീസ് നിശ്ചയിക്കുന്നതും പ്രയോജനപ്രദമാണ്.

ഇനിയും വേണ്ട രീതിയിൽ ശ്രദ്ധ പതിഞ്ഞിട്ടില്ലാത്ത ഒരു രംഗമാണ് പരസ്യനികുതി. ആധുനിക ലോകത്തിൽ പരസ്യത്തിനുള്ള പ്രാധാന്യവും, ഇവയുടെ സാമ്പത്തികവശവും കണക്കിലെടുത്ത് ഈ മേഖലയിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

8. ചെലവിനങ്ങളിൽ ശ്രദ്ധിക്കേണ്ടവ

മുത്തോലി ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾ കത്തിക്കുന്നതിനുവേണ്ടി 95-96ൽ 56849.30 രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ തെരുവുവിളക്കുകളിൽ 90 ശതമാനത്തിലധികവും കത്താത്തവയാണ്. കത്തുന്ന തെരുവു വിളക്കുകൾക്കു മാത്രം കറണ്ടു ചാർജ്ജു നല്കുന്ന ഒരു സംവിധാനം ഏർപ്പെടുത്തിയാൽ ഈ ഇനത്തിൽ പഞ്ചായത്തിനു വെറുതേ നഷ്ടപ്പെടുന്ന തുക മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയും.

9. സർക്കാർ ഗ്രാന്റുകൾ

പഞ്ചായത്തിന് സർക്കാരിൽ നിന്നും ലഭിക്കേണ്ട സ്റ്റാറ്റ്യൂട്ടറി ഗ്രാന്റുകൾ (വസ്തു കൈമാറ്റനി

കുതിക്ക 75% മുതലായവ) യഥാസമയം നല്കുന്നതിന് ശ്രദ്ധിക്കുന്നതായാൽ പഞ്ചായത്തിന് കൂടുതൽ ഫലപ്രദമായ ധനകാര്യ മാനേജ്മെന്റ് നിർവ്വഹിക്കാനാവും.

പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

1. കെട്ടിടനികുതിഘടന പരിഷ്കരിക്കുകയും 10 ലക്ഷം രൂപയ്ക്കു മേൽ നിർമാണ ചെലവുള്ള കെട്ടിടങ്ങൾക്ക് 2% സൂപ്പർ ടാക്സ് എർപ്പെടുത്തുകയും ചെയ്യുക.

2. തൊഴിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുകയും, തൊഴിൽ നികുതി ഈടാക്കാത്ത മേഖലകൾ കണ്ടെത്തി നികുതി ഏർപ്പെടുത്തുകയും ചെയ്യുക.

3. മീനച്ചിലാറ്റിൽ നിന്നും മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിന് പഞ്ചായത്തിനെ ചുമതലപ്പെടുത്തുക.

4. അബ്കാരി സ്ഥാപനങ്ങൾക്ക് ഉയർന്ന ലൈസൻസ് ഫീ തീരുമാനക്കുകയും, ലൈസൻസ് എടുക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറിയിട്ടുള്ള സ്ഥാപനങ്ങളെ കണ്ടുപിടിച്ച് ലൈസൻസ് നല്കുകയും ചെയ്യുക.

5. പരസ്യനികുതി നടപ്പിലാക്കുക.

6. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹകരണസ്ഥാപനങ്ങളിൽനിന്നും വികസനപ്രവർത്തനങ്ങൾക്കാവശ്യമായ വായ്പ എടുക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.

7. നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രാദേശികമായ വിഭവങ്ങളും മനുഷ്യാധ്വാനം ഉൾച്ചേർക്കുന്നതിന് ഉതകുന്ന തരത്തിൽ പൊതുമാരാമത്തു ചട്ടങ്ങൾ സുതാര്യവും ലളിതവുമാക്കുക.


8. കറണ്ടുചാർജ്, വെള്ളകരം, വാട്ടർടാപ്പുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയ ഇനങ്ങളിൽ യഥാർത്ഥതുക പഞ്ചായത്തിനെ അറിയിക്കുകയും, ഉപയോഗിക്കാത്ത കറണ്ടിനും വെള്ളത്തിനും മറ്റും അടക്കേണ്ടിവരുന്ന തുക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക.

9. സർക്കാറിൽ നിന്നു ലഭിക്കേണ്ട സ്റ്റാറ്റ്യൂട്ടറി ഗ്രാന്റുകൾക്കു യഥാസമയം ലഭ്യമാക്കുക.


11. പഞ്ചായത്തു വക പുറമ്പോക്കുകൾ വിവിധ വ്യക്തികൾ കൈവശം വച്ചിട്ടുള്ളത് ഒഴിപ്പിച്ച് എടുക്കുകയും, ഈ വസ്തുക്കൾ പഞ്ചായത്തു തീരുമാനിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി പാട്ടത്തിനു കൊടുക്കുകയും ചെയ്യുക.

12. റബ്ബർ നേഴ്സറികൾ, കട്ടക്കളങ്ങൾ മുതലായവയിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നത് നവീകരിച്ച് ഫലപ്രദമാക്കുക.

നികുതി ഘടന ശാസ്ത്രീയമായി പരിഷ്കരിക്കുകയും, കാലോചിതമായ പുതിയ നികുതികൾ ഏർപ്പെടുത്തുകയും ഭരണരംഗത്തെ പാഴ്ചെലവുകൾ ഒഴിവാക്കുകയും ചെയ്ത് ബുദ്ധിപൂർവ്വം മുന്നോട്ടുനീങ്ങിയാൽ വിഭവ സമാഹരണ രംഗത്ത് ആരോഗ്യകരമായ ചനങ്ങൾ ഉണ്ടാക്കുവാൻ സാധക്കും എന്നത് നിസ്തർക്കമാണ്.



കോട്ടയം ജില്ല



ശ്രീ.

മുത്തോലി വില്ലേജ് യൂണിയൻ,

വിജ്ഞാപനം.

മാന്യരെ,

ഇൻഡ്യൻ യൂണിയന്റെ നവീന ഭരണഘടനയനുസരിച്ച് വോട്ട് ചെയ്യാൻ യോഗ്യതയുള്ളവരുടെ ലിസ്റ്റ് പുതിയാക്കുന്നതിനു വേണ്ടിയുള്ള ഒരു നോട്ടീസ് ഇവിടെയും 30-2-125—ൽ കിട്ടി പരസ്യപ്പെടുത്തീട്ടുള്ളതാണ്. സെൻട്രൽ ഗവൺമെൻറിന്റെ നവീന പദ്ധതി അനുസരിച്ചുള്ള ഗ്രാമപഞ്ചായത്തുകൾ സ്ഥാപിതമാകാൻ പോകുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ യൂണിയന്റെ വ്യവസ്ഥാപിത പരിധികളെയും ഭാവി പരിപാടികളെയും പൊതുജനാരോഗ്യപരമായും മറ്റുമുള്ള കാര്യങ്ങളെയും പറ്റി ആലോചിച്ചു തീരുമാനിക്കുന്നതിനും യൂണിയന്റെ പ്രവർത്തന സൗകര്യങ്ങൾക്കായി യൂണിയനിൽപ്പെട്ട അരുണാപുരം, പുലിയന്നൂർ, തെക്കുംമുറി, നെല്ലൂർ, പന്തത്തല, വെള്ളിയെപ്പള്ളി, മീനച്ചൽ ഈ ഏഴു കരകളിൽ നിന്നും ഓരോ കരകളേയും പ്രതിനിധീകരിക്കുന്ന സബ്ബ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനും, കഷ്ടബാല്യാദ്യപക്ഷമുള്ള ഈ പ്രദേശത്തു് കാഷ്ടിക താല്പര്യ സംരക്ഷണാർത്ഥം ചെയ്യേണ്ട കാര്യങ്ങൾ ആലോചിച്ചു് തീരുമാനിക്കുന്നതിനും മറ്റുമായി ഈ വില്ലേജ് യൂണിയനിൽപ്പെട്ട പ്രായപൂർത്തിയായ സകല സമ്മതിദായകരേയും ചേർത്തുള്ള ഒരു മഹായോഗം 1125 തുലാം 12-ാംതീയതി 1949 ഒക്ടോബർ 28-ാംനു- വെള്ളിയാഴ്ച പകൽ 1 മണിക്ക് യൂണിയൻ ആഫീസിനോടനുബന്ധിച്ചു് സജ്ജീകരിച്ചിരിക്കുന്ന വിശാലമായ പന്തലിൽ വച്ച് **Ex M. L. A. ശ്രീ. ഇയ്യന്നൻ നമ്പൂതിരി** അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ താങ്കൾ കുടുംബത്തോടും സാന്നിദ്ധ്യസഹകരണങ്ങൾ സാദരം ക്ഷണിച്ചു കൊള്ളുന്നു. തദവസരത്തിൽ കേരളാസംസ്ഥാന പ്രതിപക്ഷ നേതാവ് Ex M. L. A. ശ്രീ. ജോസഫ് ചാഴികാട്ട് അവർകളുടെയും മറ്റും പ്രസംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്.

മുത്തോലി,
9—3—1125

എന്നു്, വിധേയൻ.
പ്രസിഡൻറ്

S. J. Press. Palai.

പഞ്ചായത്ത് ഭരണസമിതികൾ

I മുത്തോലി വില്ലേജ് യൂണിയൻ 1949-1953

1. വർക്കി വർക്കി ഇലവനാൽ (പ്രസിഡണ്ട്)
2. ഈപ്പൻ തോമസ് ആലക്കാപ്പള്ളി
3. കെലപ്പു ചെട്ടിയാർ തലയണക്കണ്ടം
4. കെ.റ്റി. സക്കറിയാസ് കലേക്കാട്ടിൽ
5. ശങ്കരൻനായർ വേലായുധൻനായർ ചെറുതാഴത്ത്
6. കൃഷ്ണൻ വൈദ്യൻ പാലമറ്റത്തിൽ

II മുത്തോലി പഞ്ചായത്ത് 1953-1963

1. ജോസഫ് കോര പനയ്ക്കൽ (പ്രസിഡണ്ട്)
2. വി.ജി. നായർ (1953-1958)
3. കോര മത്തായി പ്ലാക്കാട്
4. റ്റി.എ. കേശവൻ വൈദ്യൻ (1953-1958)
5. സി.ജെ. ജോസഫ്, ചെറുകാലിയ്ക്കൽ
6. ആഗസ്തി തോമസ് കുന്നത്തേടത്ത്
7. പി.കെ. ബാലകൃഷ്ണൻനായർ, പുതിയവീട്ടിൽ
8. കെ.എൻ. ചന്ദ്രശേഖരൻനായർ, പുതിയവീട്ടിൽ
9. കെ. പുരോഷത്തമൻ നായർ താന്നിയിൽ പുല്ലാട്ടു (1958-1963)

III 1963-1979

1. എം.എ. സക്കറിയാസ് (പ്രസിഡന്റ്) (1963-1964)
2. ഭാസ്കരൻ കർത്താ കൊച്ചുമഠം, (പ്രസിഡണ്ട്) (1964-79)
3. ജോസഫ് എബ്രാഹം
4. ജോസഫ് കുഞ്ഞ്
5. റ്റി.എ. ശ്രീധരൻ
6. അന്നക്കുട്ടി ജോസഫ്
7. ഭാസ്കരൻനായർ എൻ.പി.

IV 1979-1984

1. വർഗ്ഗീസ് കുളത്തറ, (പ്രസിഡണ്ട്)
2. റ്റി.എ. ശ്രീധരൻ തോട്ടാപള്ളിൽ
3. കെ.സി. ജോസഫ് കണ്ടനാട്ട്
4. അന്നക്കുട്ടി ജോസഫ് ഉള്ളാട്ട്
5. ജോസ് തോമസ് കിഴക്കെക്കുറ്റ്
6. എമ്മാനുവൽ കോലടി
7. പി.ജി. സുകുമാരൻ പേഴത്താനിയിൽ
8. വി.സി. ആന്റണി വട്ടോത്തുകുന്നേൽ

V. 1988-1991

1. എമ്മാനുവൽ കോലടി, (പ്രസിഡണ്ട്) (1988-1991)
2. ജോസഫ് മത്യു മൂത്തശേരി, പ്രസിണ്ട് (91-94)
3. ഐസക്ക് മേനാമ്പറമ്പിൽ
4. കെ. ബേബിയമ്മ ശ്രീകൃഷ്ണവിലാസം
5. ശ്രീദേവി അന്തർജ്ജനം കാരിക്കോട്ടില്ലം
6. എൻ.എസ്.രാമകൃഷ്ണപണിക്കർപുതിയവീട്ടിൽ
7. പി.കെ. ഗോവിന്ദൻ പാലമറ്റത്തിൽ
8. കെ.കെ. രാമകൃഷ്ണൻ നായർ ഉളവൂർ. (പ്രസിഡണ്ട് 1994-95)

VI ഗ്രാമപഞ്ചായത്ത് 1995 മുതൽ

1. പുത്തൂർ പരമേശ്വരൻ നായർ (പ്രസിഡണ്ട്)
2. ലീലാമ്മ ജോൺ കുളത്തിവീട്ടിൽചിറ (വൈസ് പ്രസിഡണ്ട്)
3. ബേബികപ്പലുമാക്കൽ (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
4. പ്രൊഫ. ഏ.വി. ആന്റണി എലവനാൽ
5. കെ.സി. ജോസഫ് കണ്ടനാട്ട്
6. സെലിൽ ഐസക്ക് മേനാംപറമ്പിൽ
7. ജോയി കുന്നപ്പള്ളിൽ
8. ശ്രീമതി. മേരി ഫിലിപ്പ്, പഴയംപള്ളിൽ
9. രാജൻ ബോസ് തോട്ടത്തിൽ


INSTITUTE OF PUBLIC ADMINISTRATION

